KOTTAYAM PUBLIC LIBRARY

Call No. 200 Acc. No. 14234

KOT-V

Author: കൊട്ടാരം സി.റ്റി

Title: വേദപ്രദീപം

842

14234

# വേദപ്രദീപം

റവ. സി.ററി. കൊട്ടാരം
ബി. ഏ., എൽ. ററി., എൽ. ഡി.,

(രണ്ടാം പതിപ്പ്)

പ്രസാധകൻ
കെ. ററി. മാത്യു, ബി. എസ്സ് സി.

സെൻറ് ജോസഫ്സ് പ്രസ്സ്,
മാന്നാനം.
1946.



Rev. C. T. Kottaram.

S. J. P. MANNANAM

1.00

200

Nihil obstat,

Fr. John Joseph O. C. D.

Imprimatur

† Fr. Angelus Maria O. C. D.

*Ernakulam* *Archiep. Verap.*

*2-1-'34.*

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

*Delegatio Apostolica*
*Indiarum Orientalium*

The Rev. C. T. Kottaram having prepared and intending to publish, with the required authorizations, a Malayalam edition of Fr. Martin Scott's consoling work "the Divine Counsellor", we cordially bless his contribution to Catholic Malayalam literature.

*Rome, 22nd November 1933.*

Leo P. Kierkels, C. P.
Delegate Apostolic.

# അവതാരിക

ബൃഹത്തായ ഈ ദൃശ്യപ്രപഞ്ചം ഏതുകാലത്തും സാമാന്യന്മാൎക്ക് ദുൎഗ്രഹമായ ഒരു വികട പ്രശ്ന(riddle)മായിട്ടത്രെ സ്ഥിതിചെയ്യുന്നതു്. ധാൎമ്മികന്മാർ ഭൂമിയിൽ അനേകത്ര കഠിനമൎദ്ദനങ്ങൾക്കു പാത്രീഭവിക്കുന്നു. അധൎമ്മികർ അധികാരാവകാശങ്ങൾ കൈയ്യടക്കി ലോകം ഭരിക്കുന്നു. നിരപരാധികൾ നിസ്സീമമായ കഷ്ടനഷ്ടങ്ങൾക്കും അപരാധികൾ അതിരററ ഐശ്വൎയ്യസൌഭാഗ്യങ്ങൾക്കും അൎഹന്മാരായി കാണപ്പെടുന്നു. ഉത്സാഹികൾക്കു പരാജയം. അലസന്മാൎക്കാകട്ടെ സുലഭമായ വിജയം. ഇത്തരം നിരവധി ദ്വന്ദവൈപരീത്യങ്ങൾ നാം പ്രപഞ്ചമദ്ധ്യേ സൎവ്വദാ ദൎശിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യഭാഷയിൽ "അനീതി" എന്നു പറയപ്പെടാവുന്ന ഈദൃശാനുഭവങ്ങളുടെ സൂക്ഷ്മഹേതു നമുക്ക് അജ്ഞേയവുമാണ്. സൎവ്വശക്തനും പരമകാരുണികനുമായ ജഗദീശ്വരൻ തന്റെ അരുമസൃഷ്ടികൾ അനേകരും ഘോരമായ ദുഃഖാൎണ്ണവത്തിൽ മുങ്ങിത്തുടിച്ചുകൊൾവാൻ അനുവദിക്കുന്നതിന്റെ രഹസ്യമെന്തു്? അനന്തനന്മതന്നെയായ അവിടുന്ന് സൃഷ്ടിസഞ്ചയത്തിന്റെ മകുടമണിയാക്കി പ്രതിഷ്ഠിച്ച മനുഷ്യനെ തിന്മ തിരിഞ്ഞെടുക്കത്തക്കവണ്ണം സ്വതന്ത്രനാക്കി വിട്ടതെന്തിന്? സൎവ്വകാൎയ്യങ്ങളും സ്വേച്ഛാനുസാ

രം നിയന്ത്രിക്കാൻ ശക്തിയുള്ള ദൈവം എന്തുകൊണ്ടു ലോകത്തിൽ നടക്കുന്ന കളവും കവർച്ചയും വധവും വ്യഭിചാരവും തടയുന്നില്ല? അനശ്വരസുഖാനുഭൂതിക്കുള്ള പാത്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട മനുഷ്യരിൽ അനേകരെ അന്തമില്ലാത്ത നരകദണ്ഡനത്തിനു ശിക്ഷിച്ചു വിടുന്നതു് അവിടുത്തെ കാരുണ്യാധിക്യത്തിനു അനുയോജ്യമോ? മർത്ത്യബുദ്ധിക്കു സുഗ്രാഹ്യങ്ങളല്ലാത്ത ഈ വകപ്രശ്നപരമ്പരയാൽ താത്വികാഗ്രേസരന്മാർപോലും അത്യന്തം വിക്ഷമിക്കുന്നതായി നമുക്കറിയാം. ഈ സ്ഥിതിക്കു സാമാന്യന്മാരുടെ അവസ്ഥ എന്തായിരിക്കും? പല ആളുകളും മേല്പറഞ്ഞ പ്രശ്നങ്ങൾക്കു ശരിയായ സമാധാനം കണ്ടുകിട്ടാതെ ബുദ്ധിമുട്ടുന്നു നിരാശാവിവശരായി ഈശ്വരാസ്തിക്യംപോലും അവിശ്വസിച്ചു ജീവിതം പാഴാക്കിത്തിക്കുന്നു. മററു ചിലരാകട്ടെ, ഈവിധവൈപരിത്യങ്ങളെ സ്വന്തദുർമ്മോഹങ്ങളുടെയും നികൃഷ്ടമായ വാസനാവികാരങ്ങളുടെയും പ്രേരണാനുസരണം നിർബാധം വ്യവഹരിക്കുന്നതിനുള്ള ഒരു ഒഴികഴിവായി പ്രയോഗിച്ച് അധമതമങ്ങളായ ദുർവൃത്തികളിൽ സംതൃപ്തി തേടുന്നു. എന്നാൽ ജഗൽപ്പിതാവായ ദൈവത്തിന്റെ ആസ്തിക്യം ദൃഢമായി വിശ്വസിച്ചും തന്നിയന്ത്രണത്തെ ശിശുസഹജമായ സൌമ്യത്തോടുകൂടി ഉപാശ്രയിച്ചും വിവേകവിനയസമന്വിതം അന്വേഷണം ചെയ്യുന്ന ഏതൊരുവനും പ്രസ്തുത പ്രശ്നങ്ങൾക്കുള്ള യുക്തമായ സമാധാനം ലഭിക്കാതിരിക്കയില്ല. ഈ വാസ്തവത്തെ വിശദീകരിച്ചു സമർത്ഥിക്കയെന്നതാണു പ്രകൃതഗ്രന്ഥത്തിന്റെ സാക്ഷാത്തായ ഉദ്ദേശ്യം. ദൈവകല്പിതങ്ങളുടെ അപരിമേയ നിഗൂഢതത്വ

ങ്ങൾ ഗ്രഹിക്കുന്നതിനു പരിമിതമായ മനുഷ്യബോധം പര്യാപ്തമല്ലെങ്കിലും ഈശ്വരനിയന്ത്രണത്തിൻെറ നീതിമത്വവും യുക്തിയുക്തതയും മനസ്സിലാക്കുന്നതിനു ഈ പുസ്തകം ആർക്കും അത്യന്തം പ്രയോജകീഭവിക്കുമെന്നുള്ളതിനു തർക്കമില്ല.

Martin Scott എന്ന വൈദികവര്യനാൽ ഇംഗ്ലീഷിൽ രചിക്കപ്പെട്ട ഒരു വിശിഷ്ടകൃതിയുടെ സ്വതന്ത്രപരിഭാഷയാണ് പ്രകൃത ഗ്രന്ഥം. മൂലത്തെ അനുകരിച്ചു തർജ്ജമയും സംഭാഷണരൂപേണ എഴുതപ്പെട്ടിരിക്കുന്നതു് വിഷയഗൗരവം ലഘൂകരിക്കുന്നതിനും ആശയങ്ങൾ സുഗമങ്ങളായിത്തീരുന്നതിനും വളരെ ഉപകരിച്ചുകാണുന്നു. പരിഭാഷാകർത്താവ് ബി. എ. ബിരുദധാരിയും മലയാളത്തിലുള്ള പല പത്രങ്ങളിലും മാസികകളിലും പ്രായം ജനപ്രദങ്ങളായ അനേകം ലേഖനങ്ങളെഴുതി ഭാഷാഗദ്യരചനയിൽ കാലേതന്നെ വിശേഷപരിചയം സമ്പാദിച്ചിട്ടുള്ള യുവാവും ഇപ്പോൾ ഒരു വൈദികവിദ്യാർത്ഥിയുമാണ്. തദനുസാരംതർജ്ജമ നന്നായിട്ടുമുണ്ട്. മൂലത്തിലെ ആശയങ്ങൾക്കു പരിഭാഷയിൽ എവിടെയെങ്കിലും വൈരള്യമാവട്ടെ, രചനയിൽ പറയത്തക്ക പ്രമാദങ്ങളാവട്ടെ, ദൃശ്യമാവുന്നില്ലെന്നുള്ളതു് മേല്പറഞ്ഞതിനു ദൃഷ്ടാന്തമാണ്.

നാനാഭാഷകളും, ലൗകികങ്ങളും ആദ്ധ്യാത്മികങ്ങളുമായ പല ശാസ്ത്രങ്ങളും ഗ്രഹിച്ചു പാണ്ഡിത്യപ്രകാശം സിദ്ധിച്ച കേരളീയകത്തോലിക്കവൈദികർ അവരുടെ

വിജ്ഞാനസമ്പത്തുകൊണ്ടു സാഹിത്യലോകത്തിൽ കൈകാൎയ്യം നടത്താൻ തുടങ്ങിയിട്ടു കാലം വളരെയായി. ഇതിന്റെ ചരിത്രലക്ഷ്യങ്ങളും സുലഭമത്രെ. പക്ഷെ, എടക്കാലത്തു ആ ഉദ്യമം ഏതോ കാരണങ്ങളാൽ വളരെ മന്ദീഭവിച്ചുവെങ്കിലും, ഇപ്പോഴുള്ള നമ്മുടെ വൈദികന്മാരും വിശിഷ്യ വൈദികവിദ്യാൎത്ഥികളും പൂൎവ്വാധികം ഉത്സാഹികളും വൈദഗ്ദ്ധ്യമുള്ളവരുമായിത്തീൎന്നിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ ഈ ഗ്രന്ഥകാരനു ഗണ്യമായ ഒരു സ്ഥാനം അചിരേണ ലബ്ധമാകുമെന്നുള്ളതിനു പ്രകൃതപുസ്തകം തക്കതായ ഒരു സാക്ഷ്യമായിരിക്കുന്നു. ആധുനികദശയിൽ സാഹിത്യപരിശ്രമം പ്രേഷിതവൃത്തിയുടെ ഒരു മുഖ്യപദ്ധതിയായി പരിഗണിക്കപ്പെട്ടിരിക്കകൊണ്ട് ഗ്രന്ഥകാരന്റെ ഈ അഭിനിവേശം സൎവ്വഥാ പ്രോത്സാഹനാൎഹവും അഭിനന്ദനീയവുമാണെന്നുള്ളതിന് രണ്ടുപക്ഷമില്ല.

അന്യഭാഷാകൃതികൾ തൎജ്ജമചെയ്യാൻ ഒരുമ്പെടുന്നവൎക്കു മലയാളത്തിൽ നേരിടാവുന്ന വലിയൊരു ക്ലേശം ഉചിതപദങ്ങൾ ലഭിക്കുന്ന കാൎയ്യത്തിലാണ്. ആ ബുദ്ധിമുട്ട് ഈ പുസ്തകത്തെ ലേശവും ബാധിച്ചിട്ടില്ല. മാത്രമല്ല, ഇതരമതസ്ഥന്മാരുടെ "പാതിരിമലയാളം" എന്ന അധിക്ഷേപത്തിന് അൎഹമാകത്തക്ക ശബ്ദാൎത്ഥവൈരൂപ്യങ്ങളും ഇതിൽ ഒരു ഭാഗത്തെയും സ്പൎശിച്ചു കാണുന്നില്ലെന്നുള്ളത് ചാരിതാൎത്ഥ്യകരംതന്നെ. ആകയാൽ സൎവ്വഥാ പ്രയോജനകരവും ഹൃദ്യവുമായ ഈ ഗ്രന്ഥം ഞാൻ സന്തോഷപൂൎവ്വം പൊതുജനസമക്ഷം

അവതരിപ്പിക്കുകയും വൈദികവിദ്യാഭ്യാസപൂർത്തീകരണാർത്ഥം 'നിത്യനഗര'മായ റോമ്മായിലേക്കു പുറപ്പെടുന്ന ഗ്രന്ഥകാരനും ആ യാത്രയുടെ സ്മാരകമായി പരിഗണിക്കപ്പെടാവുന്ന ഈ ഗ്രന്ഥത്തിനും ഹാർദ്ദവമായ സർവ്വമംഗളങ്ങളും ആശംസിക്കയും ചെയ്തുകൊള്ളുന്നു.

തൃശ്ശൂർ
1932 സെപ്തം, 7. } പ്രൊഫസ്സർ ജോസഫ് വെട്ടം

ഒന്നാം പതിപ്പിൻെറ

# പ്രസ്താവന

സുപ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകാരനായ ഫാദർ മാർട്ടിൻ സ്കോട്ട്, എസ്. ജെ. അവർകളുടെ അത്യുൽകൃഷ്ട കൃതിതല്ലജങ്ങളിലൊന്നാണ് "The Divine Counsellor" എന്ന പുസ്തകം. സർവ്വശക്തനായ ദൈവത്തിൻെറ ദിവ്യ പ്രവർത്തനങ്ങളെ പരിമിതമായ ബുദ്ധിയുടെ പരിമിതമായ യുക്തികൊണ്ട് പരിശോധിക്കാനുദ്യമിക്കുന്നവരുടെ ഭോഷത്വത്തെ വെളിപ്പെടുത്തുന്നതിനു, ദൈവത്തെ പൂർണ്ണമായി സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നവരെങ്കിലും ജീവിതത്തിലെ ദുരനുഭവങ്ങൾ നിമിത്തം വിസ്മയാന്ധരും, അസ്വസ്ഥചിത്തരുമായിത്തീരുന്ന ദൈവഭക്തരെ സമാശ്വസിപ്പിക്കുന്നതിനും, ദൈവത്തിൻെറ നിഗൂഢവഴികളുടെ ദുർഗ്രഹതനിമിത്തം അവിടുത്തെ ദിവ്യശാസനകളെയും വാഗ്ദാനങ്ങളെയും അവഗണിച്ച് അവിടുത്തെ പക്കൽ നിന്നകന്നു വ്യാപരിക്കുന്നവർക്ക് ജീവിതരഹസ്യത്തിൻെറ രഹസ്യം മനസ്സിലാക്കിക്കൊടുത്ത് അവരെ വീണ്ടും ദൈവത്തിൻെറ പക്കലേയ്ക്കുതന്നെ തിരിക്കുന്നതിനു വേണ്ടിയത്രെ പണ്ഡിത ശിരോമണിയായ ഫാദർ സ്കോട്ട് ഈ പുസ്തകം രചിച്ചിട്ടുള്ളത്.

ദൈവത്തെയും അവിടുത്തെ വഴികളെയും ആവരണംചെയ്യുന്ന രഹസ്യവും ദുർഗ്രഹതയും എത്ര ആവ

ശ്യമാണെന്നും, അതിന്റെ യുക്തിയുക്തത എത്ര അതിശയനീയമാണെന്നും, മനുഷ്യരുടെ നിത്യസൌഭാഗ്യലബ്ധിക്ക് അതെങ്ങനെ പ്രയോജകീഭവിക്കുന്നുവെന്നും അനന്യസാധാരണമായ പാടവത്തോടെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ഒരു ഹൃദയംഗമസംഭാഷണത്തിൽ സൃഷ്ടിയുടെ സംശയങ്ങൾക്കും സന്ദേഹങ്ങൾക്കും തക്കതായ സമാധാനം സ്രഷ്ടാവിനെക്കൊണ്ടുതന്നെ പറയിപ്പിക്കയെന്ന നവീനരീതിയാണ് അദ്ദേഹം സ്വീകരിക്കുന്നത്. അപരിമേയനായ ദൈവത്തെ കേവലം പരിമിതമായ ഒരു സൃഷ്ടിയുമായി സംഭാഷണത്തിൽ ഭാഗഭാക്കാക്കുന്നതു് സമുചിതമല്ലെന്നും, പോരാ, ധിക്കാരംതന്നെയല്ലെയെന്നും ചിലർ സംശയിച്ചേക്കാം; എന്നാൽ വേണ്ടത്ര വിനയത്തോടും ബഹുമാനത്തോടും കൂടിയ ഒന്നാണ് ഗ്രന്ഥകാരൻ സ്രഷ്ടാവിനോടനുവർത്തിച്ചിട്ടുള്ള നയം. 'ജീവിതക്ലേശങ്ങൾ' (Life's Hardships) 'ഈശ്വരസമാശ്രയം' (Trust in Cod) 'നിത്യദണ്ഡനം' (Eternal Punishments);'പ്രലോഭനങ്ങൾ;(Temptation); 'പാപസങ്കീർത്തനം' (Confession to a Priest); 'അന്തഃകരണമർദ്ദനങ്ങൾ' (Scruples of Conscience); എന്നിങ്ങനെ ആറദ്ധ്യായങ്ങൾ മാത്രമെ ഇതിലടങ്ങിയിട്ടുള്ളെങ്കിലും, ഇതുപോലെ ഗഹനങ്ങളായ അനേകം വിഷയങ്ങളെപ്പററി പണ്ഡിതന്മാക്കും പാമരന്മാക്കും ഉണ്ടാകാവുന്ന പല സംശയങ്ങൾക്കും തക്ക സമാധാനം ഈ പുസ്തകത്തിൽ കണ്ടെത്താവുന്നതാണ്. ഫാദർ സ്കോട്ടിന്റെ ഉദ്യമം എത്രകണ്ടു ഫലപ്രദമാണെന്നുള്ളതിന് ഇംഗ്ലീഷ് ഭാഷാഭിജ്ഞന്മാരിൽനിന്ന് "Divine Counsellor"

ന് സിദ്ധിച്ച സൽക്കാരവും, അതിൻെറ സ്വാദരവും പ്രതീക്ഷാതീതവുമായ പ്രചാരവും വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നുണ്ട്. 'ക്രിസ്ത്വാനുകരണം' 'തിരുഹൃദയാനുകരണം' എന്നീ മഹദ്ഗ്രന്ഥങ്ങൾപോലെതന്നെ അനുദിന പാരായണത്തിനും ധ്യാനത്തിനും പററിയ ഒന്നായിട്ടത്രെ ഈ മനോഹരകൃതിയും പലരും ഉപയോഗിച്ചുവരുന്നത്. ഇംഗ്ലീഷ് ഭാഷാനഭിജ്ഞന്മാരായ കേരളീയരെ ഉദ്ദേശിച്ച് ഇത്ര ഉൽകൃഷ്ടമായ ഒരു ഗ്രന്ഥത്തിൻെറ മലയാളവിവർത്തനം "വേദപ്രദീപം" എന്ന അഭിധാനത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ ആവശ്യമില്ലാതെ സത്ത (ens) വർദ്ധിപ്പിക്കയല്ലാ ചെയ്തിട്ടുള്ളതെന്നുതന്നെ കരുതട്ടയോ?

തർജ്ജമയെപ്പററി ഒരു വാക്കു പറയേണ്ടതുണ്ട്. മംഗലപ്പുഴ, "കൺവേർഷൻലീഗു" ഡയറക്ടരും എൻെറ ആത്മീയഗുരുവും, കേരളീയകത്തോലിക്കരുടെ മതപരമായ അഭ്യുന്നതിക്കുവേണ്ടി നിസ്വാർത്ഥപരിശ്രമം ചെയ്യുന്ന മറെറാരു 'ഒണേറെ' തന്നെയുമായ റവ. ഫാദർ സക്കറിയാസ് അവർകളുടെ ആജ്ഞാനുസരണമാണ് വിവർത്തനഭാരം ഞാൻ കൈയേററത്. 1932-ലെ മദ്ധ്യവേനൽ അവധിക്കാലത്ത് സ്വദേശമായ പാലായിൽവച്ച് വിവർത്തനം പൂർത്തിയായിരുന്നെങ്കിലും അടുത്ത സ്കൂൾവർഷാരംഭത്തോടുകൂടി വൈദികവിദ്യാഭ്യാസാർത്ഥം നിത്യനഗരമായ റോമ്മായിലേക്കു പുറപ്പെടേണ്ടിവന്നതിനാലാണ് പുസ്തകം പുറപ്പെടാനിത്രകാലതാമസം നേരിട്ടത്.

"വേദപ്രദീപ"ത്തിൻെറ പുറപ്പാടിൽ എന്നെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്തിട്ടുള്ള എല്ലാവരോടും ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. കൃത്യാന്ത

രവ്യാപൃതരെങ്കിലും സ്നേഹപൂൎവ്വം ഇതിൻെറ കൈയെഴുത്തുപ്രതി ഒരു പ്രാവശ്യം വായിച്ച് ഭാഷാസംബന്ധമായ പല സ്ഖലിതങ്ങൾ ചൂണ്ടിക്കാണിച്ചു തന്നതിൽ എൻെറ ശ്രേഷ്ഠഗുരുവരൻ, വിദ്വാൻ എടമരത്തു സെബാസ്ററ്യൻ അവൎകളോടും, എൻെറ മാന്യസ്നേഹിതൻ ശ്രീമാൻ ജോസഫ് മുണ്ടശ്ശേരി അവൎകൾ എം.എയോടും എനിക്കുള്ള കൃതജ്ഞത സീമാതീതമാണ്. എൻെറ പ്രഥമപരിശ്രമഫലമായ "വേദപ്രദീപ"ത്തെ സമുചിതവും ലളിതസുന്ദരവുമായ ഒരവതാരികയോടുകൂടി ബഹുജനസമക്ഷം അവതരിപ്പിക്കുന്നതു് എൻെറ വന്ദ്യഗുരുനാഥൻ പ്രൊഫസർ ജോസഫ് പെട്ട അവൎകൾ, എം. എ, എം. എൽ. സി., യാണെന്നുള്ളതു് എനിക്കനല്പമായ അഭിമാനത്തിനും അവാച്യമായ സന്തോഷത്തിനും അവകാശമുള്ള കാൎയ്യമത്രെ. ഗൌരവാവഹങ്ങളായ കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ സാമാന്യം ദീൎഘമായ ഒരവതാരികയെഴുതുന്നതിനു വേണ്ട സമയവും സൗകൎയ്യവും കണ്ടെത്തിയതു് സ്വശിഷ്യനായ എൻെറ നേൎക്കു് അദ്ദേഹത്തിനുള്ള വാത്സല്യാധിക്യം ഒന്നുകൊണ്ടാണെന്നുള്ള വസ്തുത കൃതജ്ഞതാപൂൎവ്വം ഞാൻ അനുസ്മരിക്കുന്നു. കൈയെഴുത്തുപ്രതി പ്രസ്സിൽ ഏല്പിക്കുന്നതിനു മുമ്പും അതിൽപ്പിന്നീടും തദ്ദ്യമത്തിൽ എന്നെ മനഃപൂൎവ്വം സഹായിച്ചിട്ടുള്ള എൻെറ സ്നേഹിതന്മാരേവരോടും പ്രത്യേകിച്ച് എൻെറ വത്സലമിത്രം ബ. വേങ്ങത്താനം അന്ത്രയോസ് ശെമ്മാശ്ശൻ അവൎകളോടും എനിക്കുള്ള അപാരമായ നന്ദിയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. പൊതുജനസേവനാൎത്ഥം തൎജ്ജിമഭാരം കൈയേല്ക്കുന്ന

തിന് എന്നെ പ്രോത്സാഹിപ്പിച്ച് അതിനൊരു സുവൎണ്ണാവസരം നൽകിയതിലും, പുസ്തകം ലീഗിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു തീർച്ചപ്പെടുത്തിയതിലും ബ. സക്കറിയാസച്ചനോടു ഞാൻ പ്രത്യേകവിധത്തിൽ കടപ്പെട്ടിട്ടുണ്ടു. കൺവേർഷൻ ലീഗു പ്രസ്ഥാനത്തോട് എനിക്കുള്ള അനുഭാവത്തിൻെറയും അതിൻെറ അഭിവൃദ്ധിയിൽ എനിക്കുള്ള അഭിവാഞ്ഛയുടെയും ഒരു പ്രത്യക്ഷലക്ഷ്യമായി ഈ പുസ്തകത്തിൻെറ ഒന്നാം പതിപ്പിനെ സംബന്ധിച്ച് ന്യായമായി എനിക്കുള്ള സകല അവകാശങ്ങളും പാരിതോഷികമായി ലീഗിനു ഞാൻ വിട്ടുകൊടുക്കുന്നു.

മൌണ്ട് കർമ്മൽവില്ല, പുത്തൻപള്ളി, മംഗലപ്പുഴ എന്നീ സ്ഥലങ്ങളിൽവച്ച് പണ്ഡിതരും, ത്യാഗശാലികളുമായ പ്രൊഫസ്സറന്മാരുടെ കീഴിൽ രണ്ടു കൊല്ലത്തിലധികം വിദ്യാഭ്യാസം നടത്തുന്നതിന് എനിക്കു ലഭിച്ച ഭാഗ്യം കൃതജ്ഞതാഹ്ലാദപൂൎവ്വം സ്മരിച്ചുകൊണ്ട് ആ മഹാത്മാക്കളുടെ നേക്ക് എനിക്കുള്ള നിർവ്യാജമായ സ്നേഹബഹുമാനാദരവുകളുടെ ഒരു വിനീത ലക്ഷ്യമായി സെമിനാരി ജീവിതകാലത്തു നടത്തിയ ഈ പരിശ്രമഫലം അവരുടെ കരകമലങ്ങളിൽ സാദരം സമർപ്പിച്ചുകൊള്ളുന്നു.

നരവംശപ്രത്യുദ്ധാരണത്തിൻെറ പത്തൊമ്പതാം ശതാബ്ദപൂൎത്തിയെ സാഘോഷം കൊണ്ടാടുന്ന ഒരു ജൂബിലിവത്സരത്തിൻെറ സമ്പുഷ്ടമായ സാഹചൎയ്യത്തിൽ, ക്രൈസ്തവസാമ്രാജ്യാധിപതിയായ പോപ്പുരാജൻെറ ക്ഷണം സ്വീകരിച്ച് ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ക്രിസ്തുഭക്തന്മാർ ലോകൈക രാജധാനിയായ വത്തിക്കാനിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന വിസ്മയകര

മായ ഈ ശുഭാവസരത്തിൽ, പോപ്പരാജൻെറ ഇൻഡ്യയിലെ പ്രതിനിധിയുടെ പ്രത്യേകാംശംസകളോടും ആശീർവ്വാദങ്ങളോടുംകൂടി വി. പത്രോസിൻെറ നഗരമായ റോമ്മായിൽനിന്നും വി. തോമ്മായുടെ ശ്ലൈഹികോദ്യാനമായ മലങ്കരയിലേക്കു പുറപ്പെടുന്ന "ദേവപ്രദീപ"ദൂതൻ ക്രിസ്തുനാഥൻെറ അരുമസന്താനങ്ങളിൽ ഒർഗ്രഹങ്ങളായ അവിടത്തെ ദിവ്യപ്രവത്തനങ്ങളെപ്പററി ക്ലേശിക്കുന്നവക്കാക്കെങ്കിലും ഒരു പ്രദീപമായിത്തീന്നാൽ പരിഭാഷകൻ കൃതകൃത്യനായി.

ഉർബൻ കോളേജ്,
റോമ്മാ, 1933 ഡിസംബർ 25.

സി.ററി. കൊട്ടാരം.

# അഭിപ്രായങ്ങൾ

## ഒന്നാംപതിപ്പിനെപ്പററി.

THE VEEDAPRADEEPAM is a translation into Malayalam of THE DIVINE COUNSELLOR, one of the best known treatises of Rev. Fr. Martin Scot, S. J., the distinguished Catholic writer of America. Though a Malayalam-speaking Christian Community has inhabited the Malabar Coast from the first century, yet no attempt seems to have been made in the past to build up an indigenous Christian literature in Malabar. Malayalam literature, with all its Sanskrit associations, remains predominantly Hindu. It is only in recent years that Catholics in Malabar have realized the necessity of building up a Catholic Malayalam literature as an effective buttress to their religion; and the Fathers and Clerics of the Apostolic Seminary at Alwaye have devoted themselves to this work with great zeal. Rev. C. T. KOTTARAM by translating "The Divine Counsellor" has made a quite distinct contribution to Catholic Malayalam literature. The ideas and spirit of the original have been faithfully rendered into a style which is very clear and at the same

time keeps up a very high level of literary quality comparable to that of the best known prose works of the day in Malayalam ................ The book has an apologetic value as well, since it refutes incidentally all the arguments of the agnostic and the atheist based upon the presence of evil and suffering in this world of ours. For some years now certain Malayalam papers and writers have been carrying on a rationalistic and atheistic propaganda. A careful study of Veedapradeepam will serve to dispel the fallacies and rationalism from the minds of sincere inquirers after truth. We hope the book will find a large number of readers. Catholic readers will be doing an admirable work of lay apostolate by bringing it to the notice of their non-Catholic friends.

"The Catholic Educational Review",

Christmas Number, 1934.

സുപ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകാരനായ ഫാദർ മാർട്ടിൻസ്കോട്ട് എസ്. ജെ. അവർകളാൽ വിരചിതമായ Divine Counsellor എന്ന പ്രൌഢഗ്രന്ഥത്തിന്റെ സ്വതന്ത്രപരിഭാഷയാണ് "വേദപ്രദീപം". സർവ്വശക്തനായ ദൈവത്തിന്റെ പ്രവർത്തനരഹസ്യങ്ങളെ പരിമിതമായ മനുഷ്യബുദ്ധികൊണ്ട് പരിശോധിക്കുവാൻ ഉദ്യമിക്കുന്നവരുടെ ഭോഷത്വത്തെ തെളിയിക്കുന്നതിനും, ജീവിതക്ലേശംനിമിത്തം നിരാശാഭരിതരായിത്തീരുന്ന ദൈവഭക്തരെ സമാശ്വസിപ്പിക്കുന്നതിനും, ദൈവത്തിൽ

നിന്നും അകന്നുപോയിട്ടുള്ള അവിശ്വാസികളെ ജീവിത രഹസ്യത്തിൻെറ ഉള്ളുകള്ളികൾ കാണിച്ച് ആ നല്ലയിടയൻെറ പക്കലേയ്ക്ക് പിന്തിരിപ്പിക്കുന്നതിനുവേണ്ടിയാണ് ഫാദർ സ്കോട്ട് ഈ പുസ്തകം എഴുതിയിട്ടുള്ളത്. നിരീശ്വരത്വവും നിർമ്മതത്വവും മുമ്പെങ്ങും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തവിധം ശക്തിയായി പ്രചരിക്കുന്ന ഇക്കാലത്ത് ബലഹീനരായ ലോകരുടെ ദൈവവിശ്വാസം പരിരക്ഷിക്കുന്നതിന് ഈദൃശഗ്രന്ഥങ്ങൾ അനേകത്ര വർദ്ധിക്കേണ്ടതാണ്. തദർത്ഥം കേരളത്തിലെ വൈദികരും വൈദികവിദ്യാർത്ഥികളും വേണ്ട പരിശ്രമങ്ങൾ ആരംഭിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു. സാഹിത്യപരിശ്രമങ്ങൾ കത്തോലിക്കാപ്രവർത്തനത്തിൻെറ ഭാഗമാണെന്നുള്ളതും ഈ അവസരത്തിൽ സ്മരണീയമാണ്.

ഇക്കാരണത്താൽ ഏററവും ഉപകാരപ്രദവും ഏതൊരു മതസ്ഥനും പ്രത്യേകം വായിച്ചിരിക്കേണ്ടതുമായ ഒരു ശ്രേഷ്ഠകൃതിയെ ഇംഗ്ലീഷ്ഭാഷാനഭിജ്ഞരായ കേരളീയർക്ക് ഹസ്തഗതമാക്കിയതിൽ ഒരു പ്രൊപ്പഗാന്താവൈദികവിദ്യാർത്ഥിയായ റവറണ്ട് സി. ററി. കൊട്ടാരം അവർകളെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണ്. പത്രങ്ങളിലും മാസികകളിലും വിജ്ഞാനപ്രദങ്ങളായ ധാരാളം ലേഖനങ്ങളെഴുതി കേരളീയരുടെ പരിചയം വേണ്ടവിധം സമ്പാദിച്ചിട്ടുള്ള പരിഭാഷകൻെറ ഭാഷാസ്വാധീനത്തെപ്പററി വിശേഷവിധിയായി ഒന്നുംതന്നെ പറയേണ്ടതായിട്ടില്ലാ. അവതാരികാകാരനായ പ്രൊഫസ്സർ ജോസഫ്പെട്ട അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ "ഇതരമതസ്ഥരുടെ 'പാതിരിമലയാളം' എന്ന അധിക്ഷേപത്തിനു

അർഹമാകത്തക്ക ശബ്ദവൈതൃപ്യങ്ങൾ ഇതിൽ ഒരുഭാഗത്തെയും സ്പർശിച്ചുകാണുന്നില്ലെന്നുള്ളതു് ചാരിതാൎത്ഥ്യകരം തന്നെ. ഈ സദുദ്യമത്തിൽ പരിഭാഷകനെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ടു് ദേവപ്രദീപത്തിനു വിജയമാശംസിച്ചുകൊള്ളുന്നു.

—"നസ്രാണിദീപിക" ൧൧൦൯ കൎക്കടകം ൫.

# വേദപ്രദീപം

## വിഷയവിവരം.


| | | | |
|---|---|---|---|
| ൧-ാം | അദ്ധ്യായം. | ജീവിതഃക്ലേശങ്ങൾ. | ൧ |
| ൨-ാം | അദ്ധ്യായം. | ഈശ്വരസമാശ്രയം. | ൨൨ |
| ൩-ാം | അദ്ധ്യായം. | നിത്യബന്ധനം. | ൪൩ |
| ൪-ാം | അദ്ധ്യായം. | പ്രലോഭനങ്ങൾ. | ൬൦ |
| ൫-ാം | അദ്ധ്യായം. | പാപസങ്കീൎത്തനം | ൯൬ |
| ൬-ാം | അദ്ധ്യായം. | അന്തഃകരണമൎദ്ദനങ്ങൾ | ൧൧൮ |

A. M. D. G

# വേദപ്രദീപം

## അദ്ധ്യായം ൧

## ജീവിതക്ലേശങ്ങൾ.

ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു; നിന്നെ ഞാൻ പരിപൂർണ്ണമായി സ്നേഹിക്കനിമിത്തം എൻെറ ഹൃദയം തുറന്ന നിന്നോടു ഞാൻ സംസാരിക്കുന്നു. എന്നാൽ ഞാൻ ഇപ്രകാരം ചെയ്യുന്നതു് എൻെറ ഹൃദയസമാധാനത്തെമാത്രം ആഗ്രഹിച്ചാണ്. എൻെറ മനോഗതികൾ നന്നായി അറിയുന്ന നിന്നോടു പ്രത്യേകം ഒന്നുംതന്നെ തുറന്നു പറയേണ്ടതായി ഇല്ലെന്നു് എനിക്കറിയാം.

കരുണാനിധിയായ ഈശോയേ, നീ ജ്ഞാനവും നന്മയുംതന്നെയാകുന്നു. ഞങ്ങൾക്കുള്ള ജ്ഞാനവും നന്മയും നിന്നിൽനിന്നു ലഭിച്ചതത്രെ. അനശ്വരങ്ങളായ ആത്മാക്കളെ ഞങ്ങളിൽ സൃഷ്ടിക്കുകയും ഞങ്ങൾക്കു ജീവനെ പ്രദാനം ചെയ്യുകയും ചെയ്തതോടുകൂടി ഞങ്ങളിൽ നന്മയായി എന്തുണ്ടോ അവ സകലവും നിന്നിൽനിന്നു ഞങ്ങൾക്കു ലബ്ധമായി. നീതിബോധം, ഹൃദയശാന്തത പരസ്പരസ്നേഹം, ഗ്രഹണശക്തി ഇവയും ഈദൃശങ്ങളായ സർവ്വസൽഗുണങ്ങളും ഞങ്ങളുടെ സ്രഷ്ടാവും നാഥനുമായ നിന്നിൽനിന്നു ഞങ്ങൾക്കു ലഭിച്ചിട്ടുള്ളവയത്രെ.

എന്റെ ശ്രേഷ്ഠപിതാവേ! നിന്നിൽനിന്നു ഞങ്ങളെ ദൂരെ അകററുന്നവയെന്നു തോന്നുന്ന ചിലതുണ്ട്. അവ ഈ ജീവിതത്തിൽ എങ്ങനെ വന്നുകൂടി? ലോകത്തിൽ അത്യധികം അനീതിയും, അക്രമവും, തെററിദ്ധാരണയും ഞങ്ങൾ കാണുന്നു. നീ സർവ്വശക്തനാണെന്നും നീ അനുവദിക്കാതെ യാതൊന്നും പ്രപഞ്ചത്തിൽ സംഭവിക്കുന്നില്ലെന്നും ഞങ്ങൾക്കറിവാൻ പാടില്ലായ്കയില്ല; മറിച്ചായിരുന്നെങ്കിൽ ഇതെല്ലാം സഹിക്കുന്നതിനു ഒരുപക്ഷെ ഞങ്ങൾക്കു കഴിയുമായിരുന്നു. എന്റെ ദൈവമേ, ഇവയെല്ലാം ഞാൻ നിന്നെ ഉദ്ബോധിപ്പിക്കുന്നതു എനിക്കു നിന്നിലുള്ള വിശ്വാസക്കുറവുകൊണ്ടോ, അനീതി പരിഹരിച്ചു കിട്ടണമെന്നുള്ള അഭിലാഷത്താലൊ അല്ല. പ്രത്യുത, സങ്കടത്താൽ പ്രേരിതനായിട്ടുമാത്രമാകുന്നു. ഞങ്ങളോടുള്ള നിന്റെ പെരുമാററം നീ ഞങ്ങൾക്കു നൽകിയിട്ടുള്ള ബുദ്ധിക്കും വാസനയ്ക്കും വിപരീതമായിത്തോന്നുന്നു. നീ ഞങ്ങളുടെ സ്രഷ്ടാവും രക്ഷകനുമല്ലയോ?

എന്റെ സ്നേഹഭാജനമായ പിതാവേ! നിന്റെ വഴികൾ ഞങ്ങളുടെ വഴികളിൽനിന്നു ഇത്രമാത്രം വിപരീതമായിരിക്കുന്നതെന്തുകൊണ്ട്? കരുണാമൂർത്തിയായ നീ ചിലപ്പോൾ കഠിനഹൃദയനായി കരുതപ്പെടുവാൻ ഇടവരുത്തുന്നതു് എന്തുകൊണ്ട്? ഞാൻ നിന്റെ അത്യന്തം വിസ്മയാവഹമായ ആസ്തിക്യത്തെപ്പററിയല്ല സംസാരിക്കുന്നതു്; അതു ഗ്രഹിക്കുന്നതിനു ഞങ്ങൾക്കു സാദ്ധ്യവുമല്ല. പ്രത്യുത, ഞങ്ങളുടെ നേരെയുള്ള നിന്റെ പെരുമാററത്തെപ്പററി മാത്രമെ ഞാൻ ഇപ്പോൾ വിലപിക്കുന്നുള്ളൂ. സർവ്വനന്മസ്വരൂപനും സ്നേഹസംപൂർണ്ണനുമായ നീ ചില

പ്പോൾ അകാരണമായിട്ടെന്നപോലെ ഞങ്ങളെ ഇത്രയധികം കഷ്ടപ്പെടുത്തുന്നതെന്തുകൊണ്ടെന്നു ഗ്രഹിക്കാൻ ഞങ്ങൾ അശക്തരാകുന്നു.

ഏകത്ര, മാതാവ് തന്റെ സ്നേഹസർവ്വസ്വങ്ങളായ ഓമനപ്പൈതങ്ങളിൽനിന്നു പെട്ടെന്നു വേർപെട്ടു പരലോകം പ്രാപിക്കയും അവളുടെ പ്രേമഭാജനങ്ങൾ നിസ്സഹായരായി കഠിനക്ലേശം അനുഭവിക്കയും ചെയ്യുന്നു! അന്യത്ര, ഗുണശാലിയായ പിതാവ് ചിലപ്പോൾ അകാലമൃതിക്കിരയാകയും അയാളുടെ പ്രിയപത്നിയും അരുമസന്താനങ്ങളും അനാഥരായി പെരുവഴിയവലംബിക്കേണ്ടതായി വരുകയും ചെയ്യുന്നു! അഥവാ വൃദ്ധരായ മാതാപിതാക്കന്മാരെ ഭക്തിപൂർവ്വം ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന യുവാവ്— അതെ, അവരുടെ ഏകാശ്രയമായ ഓമനമകൻ— അപ്രതീക്ഷിതമായി ഐഹികവാസം വെടിയുന്നു!

എന്റെ പ്രേഷ്ഠനാഥാ, ഇങ്ങനെയുള്ള നിരവധി ദുരനുഭവങ്ങൾ എന്നെ അനുദിനം അസ്വസ്ഥചിത്തനാക്കിത്തീർക്കുന്നു. നീ നല്ലവനും ദയാലുവുമാണെന്നു ഞാൻ അറിയുന്നുവെങ്കിലും ഏതാദൃശസംഭവങ്ങൾ നിന്റെ നന്മയ്ക്കും കൃപയ്ക്കും യോജിക്കുന്നതെങ്ങനെയെന്നു ഗ്രഹിക്കാൻ ഞാൻ കേവലം അശക്തനാണ്. നീ സൃഷ്ടിച്ച മനുഷ്യഗണത്തിന് അത്യന്തംഹാനികരമായ ഈവക സംഭവങ്ങളെ അങ്ങ് അനുവദിക്കുന്നതെന്തുകൊണ്ടാണെന്നു എന്റെ സ്നേഹഭാജനമേ, നീ എന്നോട് അരുളിച്ചെയ്യണമെ.

എന്റെ വാത്സല്യപാത്രമായ മകനേ, നിന്റെ ചോദ്യത്തിനു ഞാൻ സമാധാനം പറയാം. ഞാൻ അപ്രകാരം ചെയ്യുന്നതു എന്റെ നീതിമത്വം പ്രതിഷ്ഠാപിക്കു

ന്നതിനായി മാത്രമല്ല, സ്രഷ്ടാവു് സൃഷ്ടികളുടെ മുമ്പിൽ തൻെറ പ്രവൃത്തികൾക്കു സാധുത പ്രത്യക്ഷീകരിക്കേണ്ടയാവശ്യമെന്തു്? നിനക്കുള്ള സവ്വവും എന്നിൽനിന്നാണു് ലഭിച്ചതെന്നു നീ സമ്മതിക്കുന്നുണ്ടല്ലോ. ലൗകികകാൎയ്യങ്ങളെയും എൻെറ വ്യാപാരങ്ങളെയും പററി ആലോചിക്കുന്ന നിൻെറ വിവേകശക്തി ഞാൻ നിനക്കു നൽകിയ ഒരു ദാനമത്രെ. ദുഃഖിതരായ ബന്ധുമിത്രാദികളെപ്പററി അനുതപിക്കുന്ന നിൻെറ ഹൃദയം രൂപവൽക്കരിച്ചതു് എൻെറ കൈയാകുന്നു.

തനിക്കില്ലാത്ത ഒരു വസ്തു മറെറാരാൾക്കു് പ്രദാനം ചെയ്‌വാൻ ആൎക്കും സാദ്ധ്യമല്ല. നിൻെറ നീതിബോധവും അനുകമ്പയും എൻെറ നീതിയോടും അനുകമ്പയോടും തുലനംചെയ്താൽ അതു മഹാ സമുദ്രത്തോടു ഒരു തുള്ളിവെള്ളം എന്നപോലെ വ്യത്യസ്തമായിരിക്കും. എൻെറ ഹൃദയം കാരുണ്യത്തിൻെറ ആസ്ഥാനവും, നീതിയുടെ സങ്കേതവുമാണു്. അതിൽനിന്നത്രെ സകല മാനുഷികകാരുണ്യവും നീതിയും ഉത്ഭവിക്കുന്നതു്.

നിനക്കു് യുക്തിയും ഹൃദയംതന്നെയും തന്നതു ഞാനാണു്. എന്നിരിക്കെ, നിൻെറ മുമ്പിൽ ഞാൻ എൻെറ നീതിമത്വം സ്ഥാപിക്കേണ്ട ആവശ്യമെന്തു്? ഞാൻ നന്മയും നീതിയും തന്നെയാകകൊണ്ടു എൻെറ എല്ലാ പ്രവൃത്തികളിലും ഞാൻ നല്ലവനും നീതിമാനുമാണെന്നു് നീ ന്യായപൂവ്വം ധരിക്കേണ്ടതല്ലയോ? എൻെറ പ്രവൃത്തികൾ മനസ്സിലാക്കാൻ കഴിയായ്കയാൽ നീ വിസ്മയാന്ധനും അസ്വസ്ഥനുമായിത്തീരുന്നുവോ? മകനേ, എൻെറ വഴികൾ ഞാൻ നിനക്കു പൂണ്ണമായി മനസ്സിലാക്കിത്തന്നാൽ

പിന്നെ എന്നോടുള്ള നിൻെറ വിശ്വാസത്തിനും ആശ്രയത്തിനും സ്ഥാനമെവിടെ? ഞാൻ നിന്നെ എനിക്കു തുല്യനായിപ്പരിഗണിക്കയും എൻെറ ഭരണരഹസ്യങ്ങൾ നിനക്കു വെളിപ്പെടുത്തുകയും ചെയ്യേണ്ടയാവശ്യമെന്തു്? ഒരു യോദ്ധാവിന് അവൻെറ സേനാധിപനോടുള്ളെടത്തോളമെങ്കിലും വിശ്വാസം സർവ്വലോകനിയന്താവായ എന്നിൽ നീ വയ്ക്കുന്നില്ലയോ? മനുഷ്യഗണത്തോട് ആകമാനം നിന്നെ തുലനം ചെയ്താൽ നീ എത്ര നിസ്സാരൻ! ലോകാരംഭംമുതൽ ഈ ഭൂമിയെ അധിവസിച്ചിട്ടുള്ള ജനാവലിയോടു താരതമ്യപ്പെടുത്തിയാൽ ഇന്നു ജീവിക്കുന്ന മനുഷ്യഗണംഎത്ര നിസ്സാരം! നീ അധിവസിക്കുന്ന ഈ ഭൂലോകം ആകാശവിതാനത്തിലുള്ള സംഖ്യാതീതമായ മററു ഗോളങ്ങളോടു തുലനം ചെയ്താൽ എത്ര നിസ്സാരം! എന്നാൽ ആ ആകാശവീഥിതന്നെയും, ശൂന്യാവസ്ഥയിൽനിന്ന് അതിനെ വിരചിച്ച സർവ്വശക്തനായ എന്നോടു താരതമ്യപ്പെടുത്തിയാൽ എത്ര നിസ്സാരം!

സർവ്വഥാ നിസ്സാരനായ നീ ആദ്യന്തവിഹീനനായ എന്നെ പൂർണ്ണമായി ഗ്രഹിക്കാൻ ശക്തിയുള്ളവനാണോ? നിൻെറ സ്രഷ്ടാവായ എൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു് എന്നെ ആരാധിക്കയും, നിനക്കു യുക്തിയും മററു സർവാനുഗ്രഹങ്ങളും പ്രദാനംചെയ്ത എന്നെ വിശ്വസിക്കയും ചെയ്യുന്നതു് നിൻെറ വിവേകത്തിൻെറ ശരിയായ പ്രവൃത്തിയല്ലയോ?

എൻെറ ദൈവമേ, നിന്നിൽ ഞാൻ വിശ്വസിക്കയും നിന്നെ ഞാൻ ആരാധിക്കയും സ്നേഹിക്കയും ചെയ്യുന്നു. എന്നാൽ ബലഹീനമായ എൻെറ എളിയ എ

ദയം, നിൻെറ ഓമനമക്കളാകുന്ന ഞങ്ങൾക്കുണ്ടാകുന്ന അനുഭവങ്ങൾ നിൻെറ നന്മയോടു ഇണങ്ങുന്നതെങ്ങനെ യെന്നു കണ്ടെത്താൻ ശ്രമിക്കയാണു ചെയ്യുന്നതു്. ജീവിതത്തിൽ നേരിടുന്ന നാനാവിധ ക്ലേശങ്ങളും അനീതികളും നിമിത്തം നിന്നിൽനിന്നു പിന്തിരിഞ്ഞവരായ എൻെറ സഹോദരന്മാരെ നിന്നിലേക്കാനയിക്കുന്നതിനും അവർ നിന്നെ പൂർവ്വാധികം സ്നേഹിച്ചുകാണുന്നതിനും ഞാൻ അത്യധികം ആഗ്രഹിക്കുന്നു. ചിലർക്കു നിന്നെ ഒരു പിതാവായിട്ടോ ഒരു ഉത്തമ സ്നേഹിതനായിട്ടോ പരിഗണിക്കുന്നതിനു കഴിയുന്നില്ല; എന്തുകൊണ്ടെന്നാൽ അവരെ ഭരിക്കുന്നവനായ നീ അവരുടെ അഭ്യുന്നതിയിൽ പ്രദർശിപ്പിക്കുന്ന അശ്രദ്ധയുടെ രഹസ്യം ഊഹാതീതമായിരിക്കുന്നു. ലോകത്തിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന യുദ്ധം, മതപീഡനം, ക്ഷാമബാധ, വസന്ത, മററു കലാപങ്ങൾ ഇതെല്ലാം നിൻെറ ധാർമ്മികപരിപാലനത്തിനു വിപരീതമല്ലെന്നു കരുതുവാൻ അവർ ശക്തരാകുന്നില്ല. ഇക്കാരണത്താൽ അവർ നിന്നിൽനിന്നകന്നു് കഠിനഹൃദയരായി ഇച്ഛാനുസാരം ജീവിക്കുന്നു.

എൻെറ പിതാവേ, നീ നല്ലവനും അനുഗ്രഹശീലനുമാണെന്നു് എനിക്കറിയാം. എൻെറ ഹൃദയം തുറന്നു പരമാർത്ഥബുദ്ധ്യാ നിന്നോടു ഞാൻ സംസാരിക്കാമെന്നുവെച്ചതു് ഇതുനിമിത്തമത്രെ; മനുഷ്യഗണത്തോടുള്ള സീമാതീതമായ സ്നേഹത്തിൻെറ ഉത്തമ ലക്ഷ്യമായിട്ടല്ലയോ സ്വന്തജീവനെത്തന്നെയും നീ സ്ലീവാമരത്തിൽ ബലികഴിച്ചതു്! സ്വർഗ്ഗീയസിംഹാസനത്തിൽനിന്നിറങ്ങി നീചമായ ഈ ഭൂമിയിൽ നീ വസിച്ചതും മനുഷ്യരെ രക്ഷിക്കുന്നതി

നായി വണ്ണിക്കാൻ വഹിയാത്ത പീഡകൾ അനുഭവിച്ചതും ആ സൃഷ്ടിഗണത്തോടുള്ള നിന്റെ അതിരററ സ്നേഹം ഒന്നുകൊണ്ടല്ലയോ?

എന്നാൽ ദൈവമേ, നിന്റെ വ്യാപാരങ്ങൾ മേൽപ്രകാരമുള്ള അങ്ങേ സ്നേഹത്തിന് അയോജ്യമായി തോന്നിപ്പോകുന്നു. മർത്ത്യരായ ഞങ്ങൾക്കു കാണുകയും അനുഭവിക്കയും ചെയ്യുവാൻ കഴിയുന്നവ, അതീന്ദ്രിയങ്ങളായ എല്ലാക്കാര്യങ്ങളെക്കാളും വിശ്വാസയോഗ്യമായിട്ടാണ് തോന്നുന്നത്. അവനവൻ കാണുകയും കേൾക്കുകയും ചെയ്യുന്നവയെ മാത്രം പുരസ്കരിച്ച് അനേകംപേർ നിന്റെ വാഗ്ദാനങ്ങളെ അഗണ്യമാക്കി സ്വന്തവിനാശത്തിനായി നിന്നിൽനിന്നകന്നു സഞ്ചരിക്കുന്നു. ഇവരുടെ കൂട്ടത്തിൽ ഞാൻ ഉൾപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ നിന്റെ പ്രവൃത്തികളെ മാത്രമല്ല. പ്രത്യുത അവയെക്കാൾ ഉപരിയായി നിന്റെ കൃപയേയും അതിനുള്ള വിശേഷസമയങ്ങളേയും മാർഗ്ഗങ്ങളേയുംകൂടി ഞാനറിയുന്നു. എന്നാൽ മററനേകംപേർ ശരിയാംവിധം നിന്നെ അറിയുന്നില്ല. നിന്റെ പ്രവൃത്തികളെത്തന്നെ ആധാരമാക്കി അവർ നിന്നോട് അവിശ്വാസം പ്രദർശിപ്പിക്കുന്നു. പീഡിതരായ ഇവരെ ആശ്വസിപ്പിക്കുന്നതിനും നേർവഴിക്കു പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി എന്റെ ബോധം നിന്റെ വഴികൾ ഗ്രഹിക്കുന്നതിലേക്കു അനുഗ്രഹിക്കേണമെ.

മകനേ, നിന്റെ ആവലാതികൾ എനിക്കു സന്തോഷം പ്രദാനം ചെയ്യുന്നു. ഹൃദയപരമാത്ഥതയോടും സജീവമായ വിശ്വാസത്തോടുംകൂടി ഇവ എന്നോടു നീ ചോദിക്കുന്നതിനാൽ മനുഷ്യബോധത്തിനു ദുർഗ്രഹങ്ങ

ളായ എൻെറ വഴികൾ അല്പമാത്രം നിനക്ക ഞാൻവെളി പ്പെടുത്താം. ഞാൻ വീണ്ടും പറയുന്നു, അല്പമായിട്ടുമാത്ര മേ ഞാൻ വെളിപ്പെടുത്തുകയുള്ളു. എന്തുകൊണ്ടെന്നാൽ ഞാൻ സ്രഷ്ടാവും നീ സൃഷ്ടിയുമല്ലയോ? ഞാൻ അപരി മേയനും നീ പരിമിതനുമാകുന്നു. ഒരു ബാലൻ ചെറിയ പാത്രത്തിനുള്ളിൽ സമുദ്രജലം മുഴുവൻ സംഗ്രഹിക്കാൻ ശ്രമിക്കുന്നതു് എത്ര വിഡ്ഢിത്തരമാ അപ്രകാരമായിരി ക്കും നീ എന്നെയും എൻെറ വഴികളെയും ഗ്രഹിക്കാൻ ചെയ്യുന്ന യത്നം. എങ്കിലും നിനക്ക എന്നോടുനിഷ്കള ങ്കമായ സ്നേഹമുള്ളതുകൊണ്ടു് ഹൃദയസമാധാനത്തിനായി ചിലതെല്ലാം നിനക്ക ഞാൻ പറഞ്ഞുതരാം.

പ്രഥമവും പ്രധാനവുമായി നീ അറിയേണ്ടതു ഞാൻനന്മതന്നെയാണെന്നാണ്.മനുഷ്യനെയോഅവൻഅ ധിവസിക്കുന്നഈ ഭൂലോകത്തെയോസൃഷ്ടിക്കേണ്ടതായ യാ തൊരു ബാദ്ധ്യതയും എനിക്കില്ലായിരുന്നു. ഞാൻ സർവ്വ ശക്തനും, സർവ്വവ്യാപിയും, ആദ്യന്തവിഹീനനും, സ്വയ മേവ സ്വതന്ത്രനുമാണ്. ഞാൻ യാതൊരുത്തനോടും ഉ ത്തരവാദിത്വമില്ലാത്തവനും പരിപൂർണ്ണനുമാകുന്നു. യാ തൊരുതെററിനും എന്നിൽ സ്ഥാനമില്ല; എന്തുകൊണ്ടെ ന്നാൽ ഞാൻ സ്വഭാവേന നന്മയാകുന്നു. എൻെറ ധർമ്മ പരിപാലനയുടെ അടിസ്ഥാനം ഇതാണെന്നു നീ ധരി ക്കുക. ഞാൻ മനുഷ്യനെ സൃഷ്ടിച്ചതു നന്മതന്നെയായിരി ക്കുന്ന എൻെറ ഭാഗ്യം അവനും അനുഭവിക്കട്ടെയെന്നു ദ്ദേശിച്ചാണ്. നന്മ സ്വഭാവത്താൽത്തന്നെ മററുള്ളവരെ ക്കൂടി നല്ലവരും ഭാഗ്യവാന്മാരുമാക്കിത്തീർക്കാൻ ആഗ്രഹി ക്കുന്നു. ആകയാൽ മനുഷ്യസൃഷ്ടിയിൽ എൻെറ ഉദ്ദേശ്യം

അവർ എൻെറ പ്രതാപവും ആനന്ദവും അനുഭവിക്കട്ടെയെന്നുള്ളതു മാത്രമാകുന്നു മനുഷ്യന്നു ഞാൻ ഐഹികമായ ജീവൻ പ്രദാനം ചെയ്തതുതന്നെയും അതിനെ അവൻ വരുവാനിരിക്കുന്ന നിത്യജീവൻെറ ആരംഭമാക്കിത്തീക്കണമെന്നു പ്രതീക്ഷിച്ചുകൊണ്ടാകുന്നു.

മനുഷ്യഗണത്തോടുള്ള എൻെറ പെരുമാററത്തിനു തൽക്കാലം ഒരു തിരശ്ശീലയിടേണ്ടതാവശ്യമാണെന്നു ഞാൻ കരുതുന്നു. എൻെറ ഗൂഢമാർഗ്ഗങ്ങളുടെ തത്വം മനസ്സിലാക്കാതെതന്നെ അവയുടെ മുമ്പിൽ നീ തല ചായിക്കണമെന്നു ഞാൻ നിശ്ചയിച്ചു. മനുഷ്യൻ എൻെറ പ്രതാപത്തിലും മഹിമയിലും ഭാഗഭാക്കാകേണ്ടതു് അവൻ അതിന്നർഹനെന്നു തെളിയിച്ചതിനുശേഷം മാത്രം മതിയെന്നും എനിക്കുമാത്രം അറിയാവുന്ന ചില കാരണങ്ങളാൽ ഞാൻ നിശ്ചയിച്ചിരിക്കുന്നു. മനുഷ്യനെ യാതൊരു പരീക്ഷണവുംകൂടാതെതന്നെ കിരീടം ധരിപ്പിക്കാൻ എനിക്കു കഴിയുമായിരുന്നു എങ്കിലും അവൻെറ വിശ്വസ്തതയെ ഒന്നു പരീക്ഷിച്ചിട്ടുവേണം അപ്രകാരം ചെയ്യാനെന്നു ഞാൻ തീർച്ചപ്പെടുത്തി.

ഒരു വിശിഷ്ടാനുഗ്രഹമായി ഞാൻ പ്രദാനം ചെയ്ത സ്വാതന്ത്ര്യത്തെ എൻെറ ആഗ്രഹത്തിനു വിരുദ്ധമായി പ്രവത്തിക്കാൻ മനുഷ്യൻ വിനിയോഗിച്ചുവെന്നു നിനക്കറിയാമല്ലോ. മനുഷ്യൻെറ ആദ്യപാപം ലോകത്തെ നാശഗർത്തത്തിൽ തള്ളിയിട്ടു. ലോകത്തെ ഭൗമികപറുദീസായെന്ന വിശിഷ്ട സ്ഥിതിയിൽനിന്നും ഒരു പീഡാരംഗമാക്കിത്തീർത്തതു് പ്രസ്തുതപാപമാകുന്നു. എൻെറ വത്സലസൃഷ്ടിയായ മനുഷ്യനെ ഉദ്ദേശിച്ചു ലോകത്തെ എത്രയും

ആകർഷണീയമായ അവസ്ഥയിലാണ ഞാൻ സൃഷ്ടിച്ചത്. പക്ഷെ അവൻെറ പാപം അതിനെ മുൾപ്പടപ്പാക്കിത്തീർത്തു. എൻെറ പ്രമാണം ലംഘിച്ചതുമുതൽ സ്വഭാവം അവനെ എതിർത്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ മനുഷ്യവർഗ്ഗം ഒന്നാകെ ശാപത്തിനധീനമായിത്തീർന്നിരിക്കയാണ്. എന്നാൽ ഞാൻ സർവ്വഥാ നല്ലവനാകയാൽ മനുഷ്യൻെറ അധഃപതനത്തിൽനിന്നു അവനെ ഉയർത്തി; പോരാ, പൂർവ്വസ്ഥിതിയിൽ എത്തിച്ചേരുന്നതിനു അവനെ ഞാൻ സദാ സഹായിക്കയും ചെയ്യുന്നുണ്ട്. എൻെറ അനുഗ്രഹാധിക്യത്താൽ അവൻെറ നഷ്ടം പരിഹരിക്കുന്നതിനു മാത്രമല്ല. ഈ ആയുഷ്കാലം എന്നേന്നാട്ടുകൂടി അനന്തമായി ജീവിക്കുന്നതിനുള്ള പോംവഴിയാക്കിത്തീർക്കുന്നതിനും അവൻ ഇപ്പോൾ പ്രാപ്തനാണ്. മനുഷ്യൻെറ സകല സൗകര്യങ്ങളും ജീവിതം തന്നെയും അവൻെറ അനുസരണരാഹിത്യത്തോട്ടുകൂടി നാമാവശേഷമാക്കുന്നതിനു എനിക്കു കഴിയുമായിരുന്നു; എന്നാൽ എൻെറ നന്മനിമിത്തം അവനു നിത്യജീവനും നിത്യസൗഭാഗ്യവും കരസ്ഥമാക്കുന്നതിലേക്കായി മറെറാരു പരീക്ഷണത്തിനുകൂടി വിധേയനാവട്ടെയെന്നു തീർച്ചപ്പെടുത്തുകയാണു ഞാൻ ചെയ്തതു്.

ആകയാൽ ഐഹികജീവിതം, മനുഷ്യൻെറ അനുസരണരാഹിത്യത്തിന് പരിഹാരം നടത്തേണ്ട ഘട്ടവും അതിവിശിഷ്ടമായ അമരത്വം സമ്പാദിക്കുന്നതിനുള്ള സുവർണ്ണാവസരവുമാകുന്നു. നിമിഷങ്ങളിൽനിന്ന് നിത്യതയിലേക്കുള്ള ഒരു വഴിയത്രെ ജീവിതം. അനന്തസൌഭാഗ്യലബ്ധിക്കു ഒരുങ്ങേണ്ട സമയമാകുന്നു അതു്. മകനേ, ജീ

വിതം ഒരു പരീക്ഷണഘട്ടമാണെന്ന് ഇപ്പോൾ നിനക്കു മനസ്സിലായിരിക്കുമല്ലോ. ഈ ലോകം മനുഷ്യൻെറ അന്ത്യമല്ല, പ്രത്യുത, അന്ത്യത്തിലേക്കുള്ള പ്രയാണത്തിൻെറ ആരംഭംമാത്രമാകുന്നു. കുറേക്കൂടി വിശദമായി പറഞ്ഞാൽ ലോകം ഒരു യുദ്ധരംഗമാകുന്നു. യുദ്ധത്തിൽ വിശ്വസ്തരും വിജയികളുമായിത്തീരുന്നവൎക്കുള്ള ദിവ്യസമ്മാനം എൻെറ ദൈവത്വത്തിൽ പങ്കുകൊള്ളുകയെന്നതത്രെ. ക്ലേശങ്ങൾ, പരാജയം, മരണം, എന്നിവകൂടാതെ യാതൊരു സമരവുമില്ലതന്നെ. ജീവിതസമരത്തിലേൎപ്പെട്ടിരിക്കുന്നവർ മനഃപൂൎവ്വം എന്നെ ഉപേക്ഷിക്കയും ശത്രുപക്ഷത്തിൽചേരുകയും ചെയ്യാതിരിക്കുന്നപക്ഷം അവർ വിജയികളായിത്തീരുമെന്നുള്ള എൻെറ വാഗ്ദാനം പ്രോത്സാഹജനകമായിട്ടുള്ളതല്ലയോ? യുദ്ധത്തിൽ വിജയപതാക കൈയിലേന്തുന്നവന് എൻെറ സ്വൎഗ്ഗീയ സിംഹാസനത്തിന്മേൽ ത്തന്നെ ഒരു സ്ഥാനം ഞാൻ കൊടുക്കുന്നതാണ്.

മകനേ, ലോകത്തിൽ ഞാൻ തിന്മ അനുവദിക്കുന്നതിൻെറ കാരണം ഇതുതന്നെ. തിന്മയില്ലെങ്കിൽ യാതൊരുസമരത്തിനും വഴിയില്ല. എൻെറ പാൎശ്വത്തിലുള്ളവരെ ശത്രുപക്ഷത്തിലുള്ളവരിൽനിന്നും തിരിച്ചറിയുന്നതിനും പാപത്തിനു മതിയായ ഒരു ശിക്ഷയായിത്തീരുന്നതിനുംവേണ്ടി മാത്രമാണ് ഏവംവിധമായ സമരം ലോകത്തിൽ ഞാൻ അനുവദിക്കുന്നതു്. ജീവിതത്തിൽ യാതൊരു ബുദ്ധിമുട്ടുകളും, അനൎത്ഥങ്ങളും തെററിദ്ധാരണകളും, പരീക്ഷണങ്ങളും ഇല്ലാതിരുന്നാൽ എല്ലാജനങ്ങൾക്കും എൻെറ കല്പന വളരെ ഇഷ്ടമായിത്തോന്നുന്നതാണ്. അങ്ങനെയായാൽ വിശ്വസ്തപ്രജകളെ അവിശ്വസ്തരിൽ

നിന്ന തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമെന്തു്? ലോകവാസികരം സ്വർഗ്ഗവാസത്തിന് യോഗ്യമായ സ്വർണ്ണക്കട്ടകളൊ, അഥവാ ഉപേക്ഷിക്കപ്പെടേണ്ട കിടങ്ങളൊ എന്ന പരീക്ഷിക്കുന്നതിനുള്ള മൂശയാകുന്ന ഐഹിക ജീവിതം.

സർവശക്താ, നീ പറയുന്നതെല്ലാം അക്ഷരംപ്രതി വാസ്തവമെന്നും ന്യായസമ്പൂർണ്ണമെന്നും എനിക്കറിയാം. എങ്കിലും അവകൊണ്ടു ഞാൻ തൃപ്തിയായില്ലെങ്കിൽ നീ എന്നോടു കോപിക്കരുതെ. അനേകക്ലേശങ്ങളും അനവധി തകന്ന ഹൃദയങ്ങളും, നിരാശാധീനരായ ഒട്ടേറെ ജനങ്ങളും, നാനാവിധ തെററിദ്ധാരണകളും അജ്ഞതയും ഈ ലോകത്തിൽ എൻെറ മുമ്പിൽ നില്ക്കുന്നല്ലൊ. സർവ്വനന്മസ്വരൂപനായ നീ നിൻെറ കൈവേലയുടെ ഫലമായ മനുഷ്യസൃഷ്ടികളിൽ ഇവ അനുവദിക്കുന്നതെങ്ങനെയെന്ന് ഇനിയും എനിക്ക മനസ്സിലായിട്ടില്ല. ജീവിതക്ലേശങ്ങളെ പാടെ നശിപ്പിക്കുന്നതിനോ അവയെ ലഘുപ്പെടുത്തുന്നതിനൊ നിനക്ക സുസാധമായിരിക്കെ മനുഷ്യജീവിതം ഇത്രഭാരമേറിയ ഒന്നാക്കിത്തീർത്തിരിക്കുന്നതെന്തിന്? ഞങ്ങൾ കരഞ്ഞുകൊണ്ടുതന്നെ ഇവിടെനിന്ന് തിരോധാനം ചെയ്യുന്നു. എൻെറ പിതാവേ, ഇതിനെന്തു സമാധാനമാണ് ഞാൻ കണ്ടെത്തേണ്ടതു്?

മകനെ, നീ പറയുന്നവയെല്ലാം എനിക്കറിഞ്ഞുകൂടെന്നു നീ വിചാരിക്കുന്നുവോ? ഞാൻ എല്ലാം നന്നായി അറിയുന്നു. മനുഷ്യനെ ഞാൻ സൃഷ്ടിച്ചതു് ഇതിനായിട്ടല്ല. പ്രത്യുത, എൻെറ ആനന്ദത്തിൽ ഭാഗഭാക്കാകുന്നതിനു വേണ്ടിയത്രെ. ജീവിതം പരീക്ഷണഘട്ടമാകുന്നുവെന്ന്

ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. ലോകം മനുഷ്യന്റെ ഭവനമല്ല. ഭവനത്തിലേക്കുള്ള ഒരു വഴിമാത്രമാകുന്നു. നിത്യമായ ഒരു നഗരം മനുഷ്യന് ഇഹത്തിലില്ല. അവൻ കേവലം ഒരു പാന്ഥനത്രെ. വഴി മനോഹരവും വഴിവക്കത്തു് ആകഷ്ണിയമായ വസ്തുക്കൾ സുലഭവുമായാൽ യാത്രക്കാരൻ അങ്ങുമിങ്ങും ചുററി നടക്കുന്നതിനും, ഒരു പക്ഷെ വഴിതെററുന്നതിനുപോലും എളുപ്പമുള്ളതാണ്.

മനുഷ്യനെ ക്ലേശങ്ങളാൽ ഞാൻ പരീക്ഷിക്കുന്നതു് അവന്റെ ഹൃദയം എനിക്കു നന്നായി അറിയാവുന്നതിനാലാണ്. മനുഷ്യന്റെ ഗതിവിശേഷങ്ങളേവയെന്നും, അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിതപ്രായങ്ങളായാൽ അനന്തസൗഭാഗ്യത്തിലേക്കുള്ള സുസ്ഥിരമാഗ്ഗത്തിൽനിന്നു വ്യതിചലിക്കാൻ എത്രമാത്രം എളുപ്പമുണ്ടെന്നും എനിക്കറിയാം. മകനെ, സ്വന്തഹൃദയത്തെത്തന്നെ നീ ഒന്നു പരിശോധിക്കുക. ജീവിതത്തിലെ നാമമാത്രങ്ങളായ വിജയങ്ങളും സന്തോഷങ്ങളും നിമിത്തം എത്ര പ്രാവശ്യം നീ അബദ്ധഗത്തത്തിൽ ചെന്നു ചാടിയിട്ടുണ്ടെന്ന് ഓത്തുനോക്കുക. ഐശ്വയ്യം, ജനസമൂഹത്തിന് നാശഹേതുകമായിട്ടത്രെ കാണുന്നതു്. എന്റെ വത്സലമകനെ, ഇവിടെയാകുന്നു നീ എന്നെ വിശ്വസിക്കയും നിന്റെ വിശ്വാസത്തെ പ്രസ്പഷ്ടമാക്കുകയും ചെയ്യേണ്ടതു്. മനുഷ്യരോടു ഞാൻ എങ്ങനെ പെരുമാറണമെന്നു വിധിക്കേണ്ടതു് എന്റെ ചുമതലമാത്രമാണ്. വിജയശ്രീലാളിതമായ എന്റെ ജീവിതത്തിൽ ഒരു ഭാഗം കരസ്ഥമാക്കാൻ മനുഷ്യജീവിതം പയ്യാപ്തമായിത്തീരുന്നെങ്കിൽ അതിനുള്ള വഴി എത്ര ദുർഘടമായിരുന്നാലും അതു് ഒരനുഗ്രഹംതന്നെയാണ്.

ജീവിതത്തിൻെറ അന്ത്യത്തെപ്പററിയാണ ഞാൻ ഗൗനിക്കുന്നത്. എത്ര ക്ലേശഭൂയിഷ്ഠമായ ജീവിതമായിരുന്നാലും ശോഭായമാനമായ സ്വൎഗ്ഗീയജറുശ്ലമിലേയ്ക്കു നിന്നെ ആനയിക്കുന്നെങ്കിൽ അതേപ്പററി എന്തിനു ഖേദിക്കുന്നു? എത്ര അപജയപൂൎണ്ണമായ ഒരു ജീവിതമായാലും അതു നിത്യത്വത്തിൽ ചെന്നവസാനിക്കുന്നെങ്കിൽ അതിലും വലുതായ മറെറാരുവിജയമില്ലതന്നെ. നേരേമറിച്ച് സൌഭാഗ്യപരമായ ഐഹികജീവിതം എന്നിൽ അല്ല വന്നവസാനിക്കുന്നതെങ്കിൽ അതേക്കാൾ നികൃഷ്ടമായ പരാജയം മറെറന്തുണ്ട്?

ജീവിതം നിത്യത്വത്തിലേക്കുള്ള വഴിയാകുന്നുവെന്നു വീണ്ടും നിന്നെ ഞാൻ അനുസ്മരിപ്പിക്കുന്നു. സുദീർഘമായ ഒരു ജീവിതംപോലും അവസാനമുഹൂൎത്തത്തിൽ ഏററം ചെറിയതൊന്നായിത്തോന്നും. സമാധാനത്തിലേക്കും സൌഭാഗ്യത്തിലേക്കും നിത്യാനന്ദത്തിലേക്കും നീണ്ടുകിടക്കുന്ന ഒരു പാതയിൽ കൂടിയാണു ചരിക്കുന്നതെന്നു നിനക്കു ബോധമുള്ളപ്പോൾ ആ പാതയിലുള്ള വിഷമതകളെപ്പററി എന്തിനു നീ ആവലാതിപ്പെടുന്നു? മുള്ളുകൾ നിറഞ്ഞതെങ്കിലും സൌഭാഗ്യത്തിലേക്കു നയിക്കുന്ന വഴിയാണ് റോസപുഷ്പങ്ങളാൽ അലംകൃതമെങ്കിലും അനൎത്ഥത്തിലേക്കു നീണ്ടുകിടക്കുന്ന മാൎഗ്ഗത്തെക്കാൾ സ്പൃഹണീയമായിട്ടുള്ളത്.

കരുണാനിധിയായ പിതാവേ, നീ പറയുന്നതെല്ലാം ഞാൻ സമ്മതിക്കുന്നു. എന്നാൽ എന്നോടു ക്ഷമിക്കണമേ, എൻെറ ഹൃദയത്തെ ഇനിയും തപിപ്പിക്കുന്ന ചില കാൎയ്യങ്ങളെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊ

ള്ളട്ടെ. നീ നിർദ്ദേശിക്കുന്ന വഴി ഒരുവനെ ആശാഭംഗത്തിനും ധൈര്യക്ഷയത്തിനും വിധേയനാക്കത്തക്കവിധം അത്രമാത്രം മുള്ളുകൾ നിറഞ്ഞതെങ്കിൽ എന്തുചെയ്യട്ടെ. പലരും സ്വജീവിതം ദുസ്സഹമായി ദർശിക്കയാൽ അതിനെ വിനാശത്തിനായി ഉപയോഗിച്ചുകൊണ്ടു നിന്നിൽ നിന്ന് അവരെ അത്യന്തം അകലെ അകററുന്ന ഊടുവഴികളിൽക്കൂടി സഞ്ചരിക്കുന്നതായി ഞാൻ കാണുന്നു.

എൻെറ വത്സലമകനേ, നിൻെറ ആവലാതി എനിക്കു ഹൃദയഭേദകമായിത്തോന്നുന്നു. പാപിയുടെ മരണത്തേയും നാശത്തേയുമല്ല, പ്രത്യുത, അവൻെറ ജീവനെയും രക്ഷയെയുമാണു ഞാൻ ആഗ്രഹിക്കുന്നതു്. നിത്യജീവൻെറ മാഹാത്മ്യം മനുഷ്യനു ഞാൻ കാണിച്ചുകൊടുത്തിട്ടുണ്ടു്. അവൻെറ ആത്മാവു് ഈ ലോകത്തെക്കാൾ എത്രയോ വിലയേറിയതെന്ന് പ്രസംഗത്താലും പ്രവൃത്തിയാലും ഞാനവനെ പഠിപ്പിച്ചിട്ടുമുണ്ടു്. എൻെറ ആരാമത്തിനുവേണ്ടി ഞാൻ ചെയ്യാത്തതായും ഇനി ചെയ്യേണ്ടതായും യാതൊന്നും ശേഷിച്ചിട്ടില്ല. മനുഷ്യാത്മാവിനെ അഭിലഷിച്ച് ഞാൻ എൻെറ സ്വർഗ്ഗഭവനം വെടിഞ്ഞു; ഈ ഭൂമിയിൽ മനുഷ്യനായി അവതരിച്ചു. അതിദുസ്സഹമായ പീഡകൾ അനുഭവിച്ചു; ഏററം അവമാനകരമായ കുരിശുമരണം കൈവരിക്കുകയും ചെയ്തില്ലയോ? മാത്രമല്ല, മരിച്ചവരിൽ നിന്ന് ഞാൻ ഉയിർക്കുകയും എൻെറ ഉത്ഥാനം മനുഷ്യൻെറ ഉത്ഥാനത്തിനുള്ള ഒരു പ്രതിജ്ഞാപനമായി പ്രസ്താവിക്കയും ചെയ്തു. ഐഹികജീവിതത്തിലെ ത്യാഗങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും പററിയ പ്രതിഫലമാണ് പാരത്രികജീവിതമെന്നു മനുഷ്യവർഗ്ഗം വ്യക്തമായി ധരിക്കു

ന്നതിനുവേണ്ടി എനിക്കേററം പ്രിയപ്പെട്ടവരെയും എ ൻെറ മാതാവുതന്നെയും കുരിശിൻെറ വഴിയെ നടപ്പാൻ ഞാൻ അനുവദിച്ചു. നിത്യജീവൻെറ വിലയായി എന്തു കൊടുക്കണമെന്നു വേദസാക്ഷികൾ മുഖേനയും, തങ്ങ ളുടെ നിത്യസ്വത്തു സുരക്ഷിതമാക്കുകയും അതു കരസ്ഥ മാക്കാൻ മററുള്ളവരെ സഹായിക്കുകയും ചെയ്യണമെ ന്നുദ്ദേശിക്കുന്നവർ തിരഞ്ഞെടുത്ത കുരിശിൻെറ വഴി എ തെന്നു വിശ്വാസസാക്ഷികൾ, വിശുദ്ധ കന്യകമാർ എ ന്നിവർ മുഖേനയും ഞാൻ ലോകത്തിനു വെളിപ്പെടുത്തി യിട്ടുണ്ട്. ജീവിതത്തിൻെറ ഉദ്ദേശ്യം, അതിൻെറ മാഹാ ത്മ്യം, നിസ്തുലമായ അമരത്വലബ്ധിക്ക് അതിനുള്ള അർ ഹത മുതലായ സംഗതികൾ മനുഷ്യവർഗ്ഗത്തിനു ഞാൻ വേണ്ടവിധം വിശദമാക്കിയിട്ടുണ്ട്. ഐഹികസാധാരണ മായ ക്ലേശങ്ങൾ സ്വർഗ്ഗീയ മഹത്വത്തോടു തുലനം ചെ യ്യുവാൻതന്നെ പാടുള്ളതല്ലെന്നും ഞാൻ സുവ്യക്തമാ ക്കിയിരിക്കുന്നു.

കൂടാതെ ഓരോ മനുഷ്യാത്മാവിനോടും ഞാൻഏ ററം ദയാപൂർവ്വമാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. സ്വ ശക്തിയെ അതിക്രമിക്കുമാറ് യാതൊരുവനും പരീക്ഷി ക്കപ്പെടുന്നില്ല. യാവനൊരുത്തൻ തനിക്കുള്ളഭാരം, വഹി പ്പാൻ പാടില്ലാത്തവിധം അത്ര അധികമെന്നു കരുതുന്നെ ങ്കിൽ അതിൻെറ കാരണം, ഞാൻ കൊടുക്കുന്ന അനുഗ്ര ഹം അവൻ തൃണവൽക്കരിക്കുന്നുവെന്നുള്ളതത്രെ. ഒരുവ നോടും അവൻെറ ശക്തിയിൽ കവിഞ്ഞ യാതൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ചിലർ വളരെയധികം സ ങ്കടം അനുഭവിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ; അതു ഞാൻ അറിയാതെയല്ല സംഭവിക്കുന്നത്.

പ്രിയപ്പെട്ട മകനേ! നീ എന്നെ പൂൎണ്ണമായി വിശ്വസിക്കണം. വിശ്വാസംകൂടാതെ എന്നെ തൃപ്തിപ്പെടുത്താൻ നിനക്കു സാദ്ധ്യമല്ല. ഞാൻ നിൻെറ സ്രഷ്ടാവും ദൈവവുമാകുന്നു. നിൻെറ വിശ്വാസത്തിനു ഞാൻ സൎവ്വഥാ അർഹനാണു്. വിവേകപൂൎവ്വം പ്രവൎത്തിക്കുന്നതിനു പററിയ ബുദ്ധിശക്തി നിനക്കു നൽകിയ എന്നിൽ നീ ആശ്രയിക്കുന്നതിൽ യാതൊരു അസാംഗത്യവുമില്ല. എന്നെ സൎവ്വാത്മനാ ആരാധിക്കേണ്ടതും സസന്തോഷം അനുകരിക്കേണ്ടതും, നിർവ്യാജം സ്നേഹിക്കേണ്ടതും നിൻെറ അനുപേക്ഷണീയമായ കടമയത്രെ. നിത്യത്വം എൻേറതാകുന്നു. അവിടെവെച്ചു എൻെറ എല്ലാപ്രവൃത്തികൾക്കും മതിയായ കാരണം നീ കണ്ടെത്തും. എന്നോടുകൂടി നിത്യജീവൻ പ്രാപിക്കേണ്ടതിനു ഹ്രസ്വമായ ഈ ജീവിതത്തെ നീ വിനിയോഗിക്കയും മനുഷ്യബുദ്ധിക്കു ദുർഗ്രഹങ്ങളായ എൻെറ വഴികളെ ഗ്രഹിക്കുന്നതിനു ബദ്ധപ്പെടാതിരിക്കയും ചെയ്യുക. വിശ്വാസം വഴിയായിട്ടല്ലാതെ യാതൊരുത്തനും എന്നെ തൃപ്തിപ്പെടുത്തേണ്ടതെന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നു. ജീവിതത്തിൽ ഏതാനും രഹസ്യങ്ങളും ചില വിഷമതകളുമില്ലെങ്കിൽ വിശ്വാസം പരീക്ഷിക്കുന്നതെങ്ങനെ? എല്ലാക്കാൎയ്യങ്ങളും മനുഷ്യൻെറ ആഗ്രഹാനുസാരം സംഭവിക്കുന്നുവെങ്കിൽ വിശ്വാസപരീക്ഷണത്തിനുള്ള മററുവഴി ഏതു്? ജീവിതപഥം ഇരുൾനിറഞ്ഞതും ദുർഗ്രഹവുമായ അനേകസ്ഥാനങ്ങളിൽകൂടി കടന്നുപോകുന്നതിനാലാണു് എന്നിൽ വിശ്വാസമൎപ്പിച്ചു എനിക്കിഷ്ടമുള്ളവ ചെയ്യുന്നതിനു വേണ്ടുവോളം അവസരങ്ങൾ അനുദിനം നിനക്കു സുലഭമായി നൽ

കപ്പെടുന്നതു്. സൃഷ്ടിയെ സ്രഷ്ടാവിനോടു യോജിപ്പിക്കുന്ന ഘടകം വിശ്വാസമാകുന്നു. ജീവിതാവസാനത്തിൽനിന്നെ ദൈവത്തിൻെറ വത്സലസുതനാക്കിത്തീക്കുന്ന സ്നേഹത്തിൻെറ തൃപ്തികരമായ ലക്ഷ്യംഅതല്ലാതെ മറെറാന്നുമല്ല.

മനുഷ്യനോടുള്ള എൻെറ എല്ലാ പ്രവൃത്തികളും അവൻെറ അഭ്യുന്നതിയെ ലാക്കാക്കി നിയന്ത്രിക്കപ്പെട്ടിരിക്കുന്നുവെന്നു നീ ധരിക്കണം. മനുഷ്യജീവിതം ഈരലോകവാസംകൊണ്ടവസാനിക്കുന്ന ഒന്നായിരുന്നെങ്കിൽ എൻെറ പ്രവൃത്തികൾമൂലം ഞാൻ ക്രൂരനും ഹൃദയകാഠിന്യമുള്ളവനുമെന്നു നിനക്കു വിധിക്കാമായിരുന്നു; എന്നാൽ മനുഷ്യൻെറ ആയുസ്സ് ഐഹികവാസംകൊണ്ടവസാനിക്കുന്ന ഒന്നല്ലല്ലോ. നീ എന്നെ ശരിയായി ധരിച്ചെങ്കിൽ ഞാൻ, കടന്നുപോകുന്ന ഈ സമയത്തിൻെറ അധിപതി മാത്രമല്ല, പ്രത്യുത, അനന്തമായ നിത്യത്വത്തിൻെറ നാഥൻകൂടിയാണെന്നു ദൃഢമായി വിശ്വസിക്കുമായിരുന്നു.

ഭൗമികജീവിതത്തിലെ ക്ലേശപരമ്പരയുടെതാക്കോൽ നിത്യത്വമാകുന്നു. ആ താക്കോൽകൊണ്ടു് എല്ലാവിഷയങ്ങളുടെയും വിഷാദങ്ങളുടെയും രഹസ്യം കണ്ടെത്താവുന്നതാണു്. ഇതല്ലാതെ മറെറന്തുസമാധാനമാണു് ഞാൻ നിന്നോടു പറയേണ്ടതു്? ആത്മാവു് സ്രഷ്ടാവിൻെറ ഛായയാകുന്നു. അതിൻെറ സ്ഥിതി ശാശ്വതമാണു്. സ്രഷ്ടാവായ ഞാൻ എത്രകാലം ജീവിക്കുമോ അത്രയുംകാലം മനുഷ്യാത്മാവും സജീവമായിരിക്കും. മകനേ, ജീവിതവിപര്യയങ്ങൾ വിശിഷ്ടമായ നിത്യത്വത്തിലാണു് അവസാനിക്കുന്നതെങ്കിൽ അവയെക്കുറിച്ച് എന്തിനു നീ ഖേദിക്കുന്നു? എന്നോടുകൂടി ജീവിക്കുന്നതിനു് യോഗ്യതയുള്ള

വർ ഒരിക്കലും മരണത്തിനധീനരല്ല; അവർ വാനാത്മ പികളെപ്പോലെ ദൈവമായ എന്നോടുകൂടി നിത്യംജീവിക്കും. ക്ഷണഭംഗുരങ്ങളായ ഐഹികവിജയങ്ങൾക്കും പ്രതാപത്തിനുംവേണ്ടി എന്തൊരു ത്യാഗവും ബുദ്ധിമുട്ടും സഹിക്കുന്നതിനു മനുഷ്യൻ സന്നദ്ധനാണ്. ധനമോ, കീർത്തിയോ സമ്പാദിക്കുന്നതിനുവേണ്ടി ഏതൊരുവക യത്നവും സങ്കടങ്ങളും സഹിക്കുന്നതിന് അവൻ സദാ ഒരുക്കമുള്ളവനാകുന്നു. എന്നാൽ അതെല്ലാം ത്യജിക്കുവാൻ മനുഷ്യൻ നിർബന്ധിതനാകുമ്പോൾ അവന് അവകൊണ്ടു എന്തുഫലം! കടന്നുപോകുന്നതായ ഏതാദൃശലാഭത്തെ ഇച്ഛിച്ച് അതിദുസ്സഹമായ ഈ ഭാരങ്ങൾ അവൻ സ്വയം കൈവരിക്കുന്നു; തൽസംബന്ധമായ വിഷമങ്ങളെപ്പററിയാകട്ടെ അവനു യാതൊരു പിറുപിറുപ്പും ഉണ്ടാകുന്നതുമില്ല.

എന്നാൽ ഞാൻ പ്രതിജ്ഞ ചെയ്യുന്ന സമ്മാനം അനന്തവും ശാശ്വതവുമാകുന്നു. ഈ സമ്മാനം മനുഷ്യബുദ്ധിക്കു ചിന്ത്യവും അചിന്ത്യവുമായ സർവ്വാനന്ദത്തെയും പ്രദാനം ചെയ്യുന്നു; മാത്രമല്ല, അതു ലേശമെങ്കിലും നഷ്ടീഭവിക്കുമെന്നുള്ള ഭയത്തിനും അവകാശമില്ല. മനുഷ്യനെ സ്വർഗ്ഗഭവനത്തിലെ അംഗവും ദൈവത്വത്തിൻെറ അവകാശിയും ആക്കിത്തീർക്കണമെന്നുള്ളതാണ് എൻെറ ഉദ്ദേശ്യം. എനിക്കുള്ള സർവ്വവും അവന് എന്നന്നേക്കുമായി അനുഭവിക്കാൻ കഴിയും. ഇതാകുന്നു ജീവിതരഹസ്യം. ഇതിനോട് താരതമ്യപ്പെടുത്തിയാൽ ഭൗമിക ജീവിതവൈഷമ്യങ്ങൾ എത്ര നിസ്സാരം.

സുഖപ്രാപ്തിക്കായി രോഗി സ്വന്തസ്നേഹിതന്മാരെയും ബന്ധുമിത്രാദികളെയും വിട്ടകന്ന് എത്ര വിദൂരസ്ഥലത്തേയ്ക്കും പ്രയാണം ചെയ്യുന്നതിനും അനിഷ്ടകരങ്ങളും അസഹനീയങ്ങളുമായ ഏതൊരു ശസ്ത്രക്രിയയ്ക്കും വേദനകൾക്കും വിധേയനാകുന്നതിനും തീരെ മടിക്കുന്നില്ല. എന്നാൽ ഞാൻ അവനോടാവശ്യപ്പെടുന്നത്, നിത്യാരോഗ്യത്തിനുവേണ്ടി നിസ്സാരങ്ങളായ അനിത്യക്ലേശങ്ങളെ സഹിക്കണമെന്നുള്ളതാണ്. വൈദ്യന്മാരുടെ നിർദ്ദേശങ്ങൾക്കു പൂർണ്ണവിധേയനായാലും രോഗി സർവ്വത്രസുഖപ്രാപ്തനായെന്നു വരുന്നില്ല. പ്രത്യുത, എൻെറ ഔഷധവിധികളെ അനുസരിച്ചു പ്രവർത്തിക്കുന്നവർ നിത്യാരോഗ്യം പ്രാപിക്കുമെന്നുള്ളതു സംശയരഹിതമായ സംഗതിയത്രെ; എന്തുകൊണ്ടെന്നാൽ ഞാൻ ആത്മാവുകളുടെ വലിയ വൈദ്യനാകുന്നു. മകനേ! നിത്യസൗഭാഗ്യത്തിലേക്കുള്ള ഏകപാത കുരിശിൻെറ വഴിയാണെന്നു സത്യമായി ധരിച്ചുകൊണ്ട് എന്നിൽ പരിപൂർണ്ണവിശ്വാസത്തോടുകൂടി നിൻെറ കുരിശുകളെ സസന്തോഷം ചുമക്കുക. നീ അവയെ വിശ്വാസത്തോടും സന്തോഷത്തോടുംകൂടി വഹിക്കുന്നുവെങ്കിൽ ആ കുരിശുകൾ എത്രതന്നെ ഭാരവത്തുക്കൾ ആയിരുന്നാലും ദുർവഹമായിത്തോന്നുന്നതല്ല. നേരെ മറിച്ച്, നീ വിശ്വാസത്തോടും നന്മനസ്സോടുംകൂടിയല്ല അവ വഹിക്കുന്നതെങ്കിൽ ആ ചുമട് എത്ര ലഘുതരങ്ങളായിരുന്നാലും തദ്ഭാരം നിനക്കു വളരെ വിഷമമുള്ളതായിത്തീരാതിരിക്കയില്ല.

എൻെറാ പ്രേഷ്ഠനാഥാ, നിൻെറ ആശ്വാസസംദായകമായ വചനങ്ങൾക്കായി ഞാൻ നന്ദിപറയുന്നു.

ജീവിതപഥത്തിലുള്ള ക്ലേശങ്ങൾ എത്രദുസ്സഹങ്ങളായാലും അവയെ സന്തോഷത്തോടുകൂടി സഹിച്ച് നിന്റെ നിത്യത്വത്തിലേക്കുള്ള വഴിയിൽകൂടി സോത്സാഹം പ്രയാണം ചെയ്യുന്നതിനു ഞാൻ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. മേലാൽ എല്ലാകാൎയ്യങ്ങളിലും നിന്റെതിരുമനസ്സിന് പൂൎണ്ണമായി കീഴടങ്ങിക്കൊള്ളാമെന്നു ഞാൻ പ്രതിജ്ഞചെയ്തുകൊള്ളുന്നു. എന്റെ പിതാവായ ദൈവമേ, നിനക്കിഷ്ടമാംവണ്ണം വൎത്തിക്കുന്നതിനുവേണ്ട അനുഗ്രഹങ്ങൾ എനിക്കു പ്രദാനം ചെയ്യണമെ. നിന്റെ തിരുമനസ്സു സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറട്ടെ.



## അദ്ധ്യായം 2

# ഈശ്വരസമാശ്രയം

ദൈവമേ, നിൻെറ വാഗ്ദാനങ്ങളാൽ നീ എന്നെ ആശ്വസിപ്പിച്ചതിനാൽ ജീവിതക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുന്നതിനു എനിക്കു ശക്തിതോന്നുന്നുണ്ട്. എന്നാൽ എൻെറ പ്രിയപ്പെട്ട പിതാവേ, ബലഹീനരും പാപപഥത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നവരുമായ ഞങ്ങളെ ഇത്ര കഠിനമായി നീ പരീക്ഷിക്കുന്നതിൻെറ കാരണം അജ്ഞാതമാകുകൊണ്ട് എൻെറ ഹൃദയം ശോകസംപൂർണ്ണമായിരിക്കുന്നു. വിശ്വാസം കൂടാതെ നിന്നെ തൃപ്തിപ്പെടുത്തുക അസാദ്ധ്യമാകയാൽ ഞങ്ങളുടെ വിശ്വാസം പരീക്ഷിക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നതെന്ന് നീ പറയുന്നു. യാതൊരുവക പരീക്ഷകളുംകൂടാതെ തന്നെ ഞങ്ങളെ യഥാൎത്ഥമായ വിധം നിനക്കറിയാമല്ലോ; നീ ഞങ്ങളുടെ സ്രഷ്ടാവല്ലയോ? പിന്നെ എന്തിനാണ് ജീവാവസാനംവരെ ഈദൃശപരീക്ഷണങ്ങൾക്കു ഞങ്ങളെ വശംവദരാക്കുന്നതു്?

മകനേ, നീ സങ്കടങ്ങളാൽ പരീക്ഷിക്കപ്പെടുവാൻ ഞാൻ അനുവദിക്കുന്നതു് എൻെറ ജ്ഞാനത്തെ ഉദ്ദേശിച്ചല്ല. പ്രത്യുത നിൻെറ യോഗ്യതയ്ക്കും സുകൃതത്തിനും മാററുകൂട്ടുവാൻവേണ്ടിയാകുന്നു. എനിക്കു സൎവ്വജ്ഞാനമുണ്ട്; അതുകൊണ്ട് നിനക്കെന്തു പ്രയോജനം? നിന്നെ ഞാൻ പരീക്ഷിക്കുമ്പോൾ നീ വിശ്വസ്തനാണെന്നു തെ

ളിയുന്ന പക്ഷം അതുകൊണ്ടു നിനക്കുള്ള പ്രയോജനമാകട്ടെ വളരെ വലുതാണ്. അഗ്നിയാൽ സ്വർണ്ണമെന്നപോലെ നീതിമാൻ സങ്കടങ്ങളാൽ പരീക്ഷിതനായി പൂർവ്വാധികം ശോഭിക്കുന്നു.

ധൈര്യവാന്മാരെന്ന് അഭിമാനിക്കയും ധൈര്യം പ്രഘോഷിക്കയും ചെയ്യുന്നവർ അനേകരുണ്ട്. പക്ഷെ ആപൽഘട്ടങ്ങളിൽ അവർ കേവലം ഭീരുക്കളായി പ്രത്യക്ഷപ്പെടുന്നു. ഇപ്രകാരംതന്നെ അനേകംപേർ സുകൃതികളെന്നു സ്വയം പ്രശംസിക്കുന്നു; എന്തുകൊണ്ടെന്നാൽ അവരുടെ സുകൃതം പരീക്ഷിക്കപ്പെട്ടിട്ടില്ല. ഞെരുക്കങ്ങൾ വിശ്വാസപരീക്ഷണങ്ങളാകുന്നു. ഞെരുക്കങ്ങൾ ഇല്ലെങ്കിൽ മനുഷ്യനു എന്നിലുള്ള വിശ്വാസത്തെയും ആശ്രയത്തെയും പ്രദർശിപ്പിക്കാനുള്ള അവസരം ഇല്ലാതെവരും. നീ എൻെറ വാക്കു വിശ്വസിക്കുകയും എൻെറ വാഗ്ദാനങ്ങളിൽ ആശ്രയിക്കുകയും ചെയ്യണമെന്നു ഞാൻ നിന്നോടാവശ്യപ്പെടുന്നു. നിനക്കേററം വിഷമമായ അവസരങ്ങളിൽ ഞാൻ നിൻെറ സമീപത്തുണ്ടെന്നു നീ മനസ്സിലാക്കണമെന്നാണ് എൻെറ ആഗ്രഹം. ഞാൻ നിന്നെ ആശങ്കാജനകമായ വൈഷമ്യങ്ങൾക്കു വിധേയനാക്കുകയോ നിനക്കേററം ഇഷ്ടമായതു പരിത്യജിക്കാൻ എടവരുത്തുകയോ ചെയ്യുമ്പോൾ നീ എൻെറ നന്മയിൽ ആശ്രയിക്കുകയും എൻെറ വാക്കിൽ അഭയം കണ്ടെത്തുകയും വിഷമതകളെല്ലാം നിൻെറ നന്മയെ ഉദ്ദേശിച്ച് അനുവദിക്കപ്പെട്ടവയത്രെയെന്നു നീ മനസ്സിലാക്കുകയും ചെയ്യണമെന്ന് ഞാൻ അഭിലഷിക്കുന്നു.

നീ എന്നെ വിശ്വസ്തതയോടെ ശുശ്രൂഷിക്കുന്ന അവസരത്തിൽ ഞാൻ നിൻെറ കാൎയ്യത്തിൽ യാതൊരു ശ്രദ്ധയും പ്രദശിപ്പിക്കുന്നില്ലെന്നും, നിൻെറ ജീവിതംപോലും അപായത്തിൽ പതിക്കുമാറു അനീതി നഗ്നഭാവത്തിൽ നിനക്കനുഭവപ്പെടുന്നതിനു ഞാൻ അനുവദിച്ചിരിക്കയാണെന്നും, ഒരു പക്ഷെ നിനക്കു തോന്നിയേക്കാം. ഇങ്ങനെ നിൻെറ വിശ്വാസം അതികഠിനമായി പരിശോധിക്കപ്പെടുന്നുവെങ്കിലും ഞാൻ നിൻെറ ഉററസ്നേഹിതനെന്നും ജീവനാശം മറെറാരുവിധത്തിൽ നിനക്കു ഒരു ലാഭമാണെന്നും, നീ മനസ്സിലാക്കണം. നീ എന്നിൽ വിശ്വസിച്ചതിനാൽ സന്താപസമ്പൂൎണ്ണവും ക്ലേശഭൂയിഷ്ഠവുമായി പരിണമിച്ച ഈ ജീവിതത്തിനു പ്രതിഫലമായി സമാധാനത്തിൻെറയും സൗഭാഗ്യത്തിൻെറയും ഇരിപ്പിടമായ നിത്യജീവനെ നിനക്കു പ്രദാനം ചെയ്യുന്നവനായ ഒരു ശ്രേഷ്ഠപിതാവിനെയത്രെ ആശ്രയിച്ചിരിക്കുന്നതെന്നു നീ വിശ്വസിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

സകല തിന്മകളും നിന്നിൽനിന്നു ഞാൻ അകററുന്നെങ്കിൽ നീ എന്നെ ആശ്രയിക്കുമെന്ന് എനിക്കറിയാം. എന്നാൽ അതു വിശ്വാസപരമല്ല. പ്രത്യുത, സൗകൎയ്യത്തെക്കുറിച്ചുള്ള ഒരാശ്രയമെ ആകയുള്ളു. ഞാൻ നിന്നോടാവശ്യപ്പെടുന്ന വിശ്വാസം, അതിദാരുണമായ ഞെരുക്കങ്ങളിൽപ്പോലും എൻെറ വാക്കിലുള്ള സുസ്ഥിരമായ ആശ്രയമാകുന്നു.

വിശ്വാസം പ്രകടമാക്കത്തക്ക അവസരം, എല്ലാകാൎയ്യങ്ങളും മംഗളമായി കലാശിക്കുന്ന വേളയില്ല, പ്രത്യുത, സകല ക്ലേശങ്ങളും നിന്നെ അലട്ടുന്ന ഘട്ട

ത്തിലാണ് ഉണ്ടാകുന്നതെന്ന് മനസ്സിലാക്കുക. ഒരു സേനാധിപൻ വിജയശ്രീലാളിതനായിത്തീരുമ്പോൾ ഭടന്മാൎക്ക് അദ്ദേഹത്തിൽ വിശ്വാസം തോന്നാൻ യാതൊരു വിഷമവുമില്ല. വിശ്വാസത്തിൻെറ യാഥാൎത്ഥ്യം വെളിപ്പെടുന്നത് അനൎത്ഥങ്ങളിൽവെച്ചാണ്. സൎവ്വത്രവിജയിയായിത്തീരുന്ന ഒരുവനോടു വിശ്വസ്തത പ്രദൎശിപ്പിക്കുന്നതുകൊണ്ടു നിനക്കു യാതൊരു പ്രശംസക്കും അവകാശമില്ല. നേരെമറിച്ച് അത്യന്തം പരാജിതനായി, ആശാഭഗ്നനായിത്തീരുന്ന ഒരുവനോടു നീ വിശ്വസ്തതയോടെ വൎത്തിക്കുന്നെങ്കിൽ നിൻെറ പ്രവൃത്തി സ്തുത്യൎഹംതന്നെ. അതാണ് യഥാൎത്ഥ വിശ്വസ്തത.

ഇപ്രകാരം തന്നെ എല്ലാകാൎയ്യങ്ങളും ശുഭമായി നടക്കുമ്പോൾ എന്നെ പിതാവെന്നു വിളിക്കയും എന്നെ നല്ലവനെന്നു കരുതുകയും ചെയ്യുന്നതു് നിനക്കെളുപ്പമാകുന്നു. എന്നാൽ ഞാൻ നിന്നിൽ നിന്നല്പം അകലുകയും ഞെരുക്കങ്ങൾ നിന്നെ വിഷമിപ്പിക്കുന്നതിനനുവദിക്കയും ചെയ്യുന്നപക്ഷം, നിൻെറ വിശ്വാസം ഉറച്ചതും നിഷ്കളങ്കവുമല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതു നിനക്കു ദുഷ്കരമത്രെ. നിനക്കെന്നിൽ യഥാൎത്ഥവിശ്വാസമുണ്ടെങ്കിൽ പരിശുദ്ധനായ ജോബ് പറഞ്ഞവിധം "ദൈവംതരുന്നു, ദൈവം എടുക്കുന്നു; ദൈവത്തിൻെറ തിരുനാമം സ്തുതിക്കപ്പെടട്ടെ" എന്നു നീയും പറയും.

തോബിയാസിന് യഥാൎത്ഥമായ വിശ്വാസമുണ്ടായിരുന്നു; കുരുടനായി വളരെ പീഡകൾ സഹിച്ചപ്പോൾ അയാൾ അതു പ്രത്യക്ഷപ്പെടുത്തുകയുംചെയ്തു. അവൻെറ പരമാൎത്ഥജീവിതത്തിനു പ്രതിഫലമായി ഞാൻ അന്ധ

ത്വം നൽകിയതു സാഹസമാണെന്ന് അവനു തോന്നിയിരിക്കാം. എങ്കിലും അതെപ്പററി അവൻ പിറുപിറുക്കയൊ നിരാശപ്പെട്ടുകയൊ ചെയ്തില്ലെന്നു മാത്രമല്ല, വിശ്വാസപൂർവ്വം എനിക്കു കീഴ് വഴങ്ങി എന്നെ ആരാധിക്കയുംചെയ്തു. അവൻെറ വിശ്വാസത്തിനു ഞാൻ നൽകിയ സമ്മാനം എന്താണെന്നു നിനക്കറിയാമല്ലൊ വി. പൗലോസ് എൻെറ ദൌത്യം പ്രഖ്യാപനം ചെയ്തുകൊണ്ടിരിക്കെ ബന്ധിക്കപ്പെട്ടുന്നതിനും കാരാഗൃഹത്തിലടയ്ക്കപ്പെട്ടുന്നതിനും ഞാൻ അനുവദിച്ചുവെങ്കിലും അതുകൊണ്ടു എന്നിലുള്ള വിശ്വാസത്തിന് അവൻ ഭംഗം വരുത്തിയില്ല. ഞാൻ എൻെറ വേലയെപ്പററിയൊ എൻെറ വേലക്കാരെക്കുറിച്ചൊ ഉൽക്കണ്ഠയുള്ളവനല്ലെന്ന് അവന് ആവലാതിപ്പെടാമായിരുന്നു. എന്നാൽ നിൻെറ നാമത്തെപ്രതി കാരാഗൃഹവാസം അനുഭവിക്കുന്നതും ചമ്മട്ടിയടികൾ ഏൽക്കുന്നതും സന്തോഷപ്രദമാണെന്നത്രെ അവൻ പ്രഘോഷിച്ചതു്. മററ് അപ്പസ്തോലന്മാരും ഇപ്രകാരംതന്നെ പീഡകളിൽ വിശ്വസ്തരായി വർത്തിച്ചു.

എൻെറ പ്രിയപ്പെട്ട മാതാവിനുതന്നെയും ധാരാളം സങ്കടങ്ങളുണ്ടായി; സ്വപുത്രനായ ഞാൻ ചമ്മട്ടിയടികൾ ഏൽക്കുന്നതും ഭാരമേറിയ കുരിശിനാൽക്കൂടി നിലംപതിക്കുന്നതും, ഗാഗുൽത്തായിൽവച്ചു കുരിശുമരണം കൈവരിക്കുന്നതും കണ്ടു സഹിക്കയെന്നതു് അവൾക്ക് എളുപ്പമായിരുന്നില്ല. എന്നാൽ അതിദാരുണമായ പീഡകൾ സഹിക്കേണ്ടിവന്നപ്പോൾപ്പോലും എൻെറ പിതാവിന് അവളോടുള്ള അതിരററസ്നേഹം അവൾ മനസ്സിലാക്കുകയും, ആ പരമപിതാവിന് ഇക്കാര്യത്തിൽ

എന്തോ മഹത്തരമായ ഒരുദ്ദേശ്യമുള്ളതായി അവർ ധരിക്കയുംചെയ്തു. ആ ഉദ്ദേശ്യം അവൎക്കു സുവിശദമായില്ലെങ്കിലും അതിനെ അവർ പൂൎണ്ണമായി വിശ്വസിച്ചിരിക്കുന്നു.

വത്സല മകനെ, ഞാൻ ഈ തിരശ്ശീലമാററുകയും നിന്നോടുള്ള എന്റെ പെരുമാററത്തിന്റെ നിഗൂഢകാരണങ്ങൾ നിന്നെ ധരിപ്പിക്കയും ചെയ്താൽ എന്റെ വിസ്മയാവഹമായ ജ്ഞാനവും അനന്തമായ സ്നേഹവും നിനക്ക് പ്രത്യക്ഷപ്പെടുന്നതാണ്. അവയെ നീ കണ്ടുകൊണ്ടുമാത്രം എന്നിൽ വിശ്വസിക്കുന്നുവെങ്കിൽ എന്തു പ്രശംസയ്ക്കു നിനക്കവകാശമുണ്ട്. പ്രത്യക്ഷാനുഭവങ്ങൾ നിമിത്തം എത്രമാത്രം വിശ്വാസം ഒരു വസ്തുവിൽ നിനക്കുണ്ടാകുമൊ അത്രയും വിശ്വാസം എന്റെ വാക്കിലും നിനക്കുണ്ടായിരിക്കണമെന്നത്രെ ഞാനാവശ്യപ്പെടുന്നതു. പല കാൎയ്യങ്ങളിലും മനുഷ്യരുടെ വാക്കുകളെ നീ വിശ്വസിക്കുന്നുവെങ്കിൽ എന്റെ വാക്ക് എന്തുകൊണ്ടു വിശ്വസിക്കുന്നില്ല? തെളിവ് അന്വേഷിക്കാതെതന്നെ എന്റെ വാക്ക് വിശ്വസിക്കുക. അതാണ് സാക്ഷാത്തായ വിശ്വാസം. എല്ലാക്കാൎയ്യങ്ങളിലും നിന്റെ പാരത്രികാഭ്യുന്നതിയാണ് എനിക്ക് അഭീഷ്ടമെന്ന് ഞാൻ നിന്നോടു വാഗ്ദാനം ചെയ്യുന്നു. നിനക്കെന്തു സംഭവിച്ചാലും എന്റെ ഉദ്ദേശ്യം ഗർഹ്യമാകുന്നില്ല. മനുഷ്യരിൽനിന്നു നിനക്കു നേരിടുന്ന അനീതികളെയും അക്രമങ്ങളെയും ഞാൻ ശപിക്കയും ശിക്ഷിക്കയുംതന്നെ ചെയ്യുന്നു. എങ്കിലും അവ ഞാൻ നിന്റെ നന്മയ്ക്കായി അനുവദിച്ചയക്കുന്നുമുണ്ട്. തിന്മയിൽനിന്നു നന്മയെ ഉളവാക്കാൻ എനിക്കു കഴിയും;

നീ എന്നിൽ വിശ്വസ്തനായിരുന്നാൽ ഞാൻ അപ്രകാരം ചെയ്യുകയും ചെയ്യും.

പിതാവെ, വിശ്വാസത്തിന് അമൂല്യസമ്മാനം നീ വാഗ്ദാനം ചെയ്യുന്നു. അതു സർവപ്രധാനമായി നീ കരുതുകയും ചെയ്യുന്നു. എന്നാൽ നിൻെറ തിരുമുമ്പിൽ ഇതിനിത്രമാത്രം ഔന്നത്യംലഭിക്കാൻ കാരണമെന്ത്? നീ വിശ്വാസത്തെ ഇത്രമാത്രം വിലമതിക്കത്തക്കവിധം അതിൽ എന്തുണ്ട്? നിൻെറ പ്രേമഭാജനങ്ങൾ വിശ്വാസ സംരക്ഷണത്തിനുവേണ്ടി എത്രയും കഠിനമായ പീഡകൾ അനുഭവിപ്പാൻ നീ അനുവദിക്കുന്നതെന്തുകൊണ്ട്?

മകനെ, ദൈവികകാര്യങ്ങളെപ്പററി അറിയണമെന്നുള്ള നിൻെറ ആഗ്രഹം എനിക്കു വളരെ ഇഷ്ടപ്പെട്ടതുതന്നെ. പരമാത്ഥഭക്തി സത്യബോധത്തിലാകുന്നു അടിയുറച്ചിരിക്കുന്നതു്. മനുഷ്യജാതിക്കു ദുർഗ്രഹങ്ങളായ ചില തത്വങ്ങളൊഴിച്ചു് പരിശുദ്ധമതത്തെപ്പററിയുള്ള കാര്യങ്ങൾ എല്ലാം നീ അറിയണമെന്നത്രെ എൻെറ ആഗ്രഹം.

പ്രിയപ്പെട്ട എൻെറ സൃഷ്ടികൾ വിശ്വാസപരിരക്ഷണാത്ഥം ഇത്രയേറെ പീഡകളും ക്ലേശങ്ങളും അനുഭവിക്കാൻ പ്രേരിതരാകത്തക്കവിധം അതിനെ ഇത്രയേറെ വിലമതിക്കുന്നതെന്തുകൊണ്ടെന്നു് നീ ചോദിക്കുന്നു. എന്നോടുകൂടി നിത്യസൌഭാഗ്യം അനുഭവിക്കുന്നതിനുള്ള ഏകമാർഗ്ഗം അതാണെന്നു് ധരിച്ചു് വിശ്വാസത്തെ മററു സൽഗുണങ്ങളെക്കാൾ നീ അത്യധികം വിലമതിക്കത്തക്കവിധം അതിൻെറ മാഹാത്മ്യം ഞാൻ നിന്നെ ഗ്രഹിപ്പിക്കാം. വിശ്വാസം മുഖേന നിനക്കുള്ളവയിൽ ഏററംവി

ശിഷ്ടമായവയെല്ലാം എനിക്കു നീ സമൎപ്പിക്കുന്നു. മനുഷ്യൻ വിശ്വാസത്താൽ സ്വാഭിപ്രായം മുഴുവൻ എനിക്കു വിധേയമാക്കുന്നു. സാമാന്യേന മനുഷ്യലോകം സ്വസ്വങ്ങളായ സൎവ്വവസ്തുക്കളെക്കാളും സ്വന്തം അഭിപ്രായത്തെയത്രെ കൂടുതൽ വിലമതിക്കുന്നതു്: സ്വാഭിപ്രായത്തിന്റെ സ്ഥിരീകരണത്തിനായി എത്രപേർ മരണംപോലും കൈവരിക്കുന്നു? വിദ്യാഹീനന്മാർതന്നെയും തങ്ങളുടെ അഭിപ്രായങ്ങളെ സ്ഥാപിക്കാൻ ശക്തിപൂൎവ്വം ശ്രമിക്കുന്നു! മനുഷ്യനു ത്യജിക്കാൻ ഏററം വിഷമമായ ഒന്നാകുന്നു അതു്. ഒരുത്തമക്രൈസ്തവൻ വിശ്വാസത്താൽ സ്വാഭിപ്രായങ്ങളെ ദൂരത്തുതള്ളി എന്റെ സന്ദേശങ്ങളെ അന്യമായ യാതൊരു തെളിവും കൂടാതെതന്നെ, ദൈവവചനമെന്നുള്ള ബഹുമാനത്താൽ മാത്രം സ്വീകരിക്കുകയും അനുവൎത്തിക്കുകയും ചെയ്യുന്നു. താദൃശവിശ്വാസത്തിനെതിരായി സത്യവത്തായ തെളിവൊന്നും ഉണ്ടാകാൻ പാടില്ല; എന്തുകൊണ്ടെന്നാൽ വിശ്വാസം സത്യമത്രെ. സത്യവത്തായ തെളിവു പ്രത്യക്ഷപ്പെടുന്നപക്ഷം അതിനു വിരോധമായ ഒന്നും മനുഷ്യർ സ്വീകരിക്കുന്നതല്ല. ഇന്ദ്രിയാനുഭവങ്ങൾക്കു് പ്രത്യക്ഷ വിരോധമായിത്തോന്നാവുന്ന ഒരു സ്വഭാവമാണു വിശ്വാസത്തിനുള്ളതു്; വിശുദ്ധ കുൎബാന എന്റെ മാംസവും രക്തവുമാണെന്നു ഞാൻ പ്രസ്താവിക്കുന്നതു് ഇതിനുപററിയ ഒരുദാഹരണമാകുന്നു. ഓസ്തി "കൂദാശചെയ്യപ്പെട്ട"യുടൻ അതിലെ സത്ത എന്റെ മാംസവും രക്തവുമായിപ്പകരുന്നെന്നും പക്ഷെ ഓസ്തിയുടെ ആകൃതി പൂൎവ്വസ്ഥിതിയിൽ യാതൊരുമാററവും സംഭവിക്കാതെ ദർശിക്കപ്പെടുന്നുവെന്നും ഞാൻ പറയുന്നു.

ഓസ്തിയിൽ സംഭവിക്കുന്ന പ്രസ്തുത മാററം ദൃഷ്ടിഗോചരമല്ലാത്ത സാധനത്തിൽമാത്രം സംഭവിക്കുന്നതിനാൽ ആന്തരികമായ ഒന്നാണ്.

ഓസ്തിയുടെ ബാഹ്യപ്രകൃതിക്ക് (Accidents) മാററം സംഭവിക്കുന്നെന്നു ഞാൻ പറയുന്നില്ല. നിൻെറ കണ്ണുകൾകൊണ്ടു് കാണുന്നതുപോലെയും നിൻെറ നാവുകൊണ്ടു രുചിക്കുന്നതുപോലെയും അവ യഥാപൂർവ്വം സ്ഥിതിചെയ്യുന്നു. ഞാൻ നിന്നോട്ട് പ്രസ്താവിക്കുന്നതു് അതിൽ ആന്തരികമായ മാററം സംഭവിച്ചുവെന്നു മാത്രമാകുന്നു. പ്രത്യക്ഷാനുഭവത്തിന് ഈ പ്രസ്താവം എതിരാണെങ്കിലും പ്രസ്തുത സത്യത്തെ വിശ്വസിക്കുമ്പോൾ നിൻെറ വിശിഷ്ടമനശ്ശക്തിയായ വിവേകത്തെ എൻെറ വാക്കിനു വിധേയമാക്കുകയത്രെ ചെയ്യുന്നതു്. സത്യംതന്നെയാകുന്ന എനിക്ക് അൾത്താരയിൽ നീ അർപ്പിക്കുന്ന ഒരു മഹാബലിയാകുന്നു അതു്. നീ എത്രയും നിസ്സാരമായ എന്തുതന്നെ എനിക്ക് സമർപ്പിച്ചാലും അതിനെ, നിനക്കു എന്നോടുള്ള സ്നേഹത്തിൻെറ ലക്ഷ്യമായി ഞാൻ കരുതുന്നതാണ്. അങ്ങനെയെങ്കിൽ, നീ ഏററം വിലമതിക്കുന്ന നിൻെറ വിവേചനാശക്തി എനിക്കു സമർപ്പിച്ചാലുള്ള സ്ഥിതിഎന്തു്?

മകനെ, നീ മൂഢനായി വർത്തിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എല്ലാക്കാര്യങ്ങളിലും തെളിവിനു വിരോധമായി പ്രവർത്തിക്കണമെന്നും ഞാൻ നിന്നോട് ആജ്ഞാപിക്കുന്നില്ല. പ്രത്യുത, അപ്രകാരം ചെയ്യുന്നതു് അപരാധവും എനിക്കനിഷ്ടമായ പ്രവൃത്തിയുമായിരിക്കും.

വിശ്വാസം ബുദ്ധിക്കൊ അനുഭവത്തിനൊ വിപരീതമ യ, പക്ഷെ അവ രണ്ടിനും ഉപരിസ്ഥിതമായ ഒന്നത്രെ. ഇന്ദ്രിയങ്ങൾ അവയ്ക്കു് ഗോചരമാവുന്നവയെപ്പററി ശരിയ്ലായി നമ്മെ ധരിപ്പിക്കുന്നു. അതിനുവേണ്ടിത്തന്നെയാണ് അവ ഞാൻ നിനക്കു നൽകിയതു്. എന്നാൽ വസ്തുക്കളുടെ സത്താംശം (Essential Substance) ഇന്ദ്രിയങ്ങളുടെ പരിധിയിൽപ്പെടുന്നില്ല. നിൻെറ ഇന്ദ്രിയങ്ങളെ അവിശ്വസിക്കണമെന്നു ഞാൻ നിന്നോടാവശ്യപ്പെടുകയും ചെയ്യുന്നില്ല. പ്രത്യുത, ഇന്ദ്രിയങ്ങളെക്കാൾ എൻെറ വചനത്തെ കൂടുതൽ വിശ്വസിക്കണമെന്നത്രെ ഞാൻ ഉപദേശിക്കുന്നതു്.

എന്നാൽ പിതാവെ, നീ ഞങ്ങളോടു വിശ്വസിക്കാൻ ആവശ്യപ്പെടുന്നവ ഞങ്ങളുടെ പ്രത്യക്ഷാനുഭവങ്ങൾക്കു വിപരീതമായിരിക്കുന്നതെന്തുകൊണ്ടു്? മകനെ, വിശ്വാസവും അനുഭവവും തമ്മിൽ പരസ്പരവിരുദ്ധങ്ങളല്ല. ഈ വാസ്തവം വി. കർബാനയെ മാത്രമല്ല; വിശ്വാസാർഹങ്ങളായ മററുപല തത്വങ്ങളെയും ജീവിത പരിവർത്തനങ്ങളെ (Vicissitudes of life)ത്തന്നെയും ബാധിക്കുന്നതാകയാൽ ഇതേപ്പററി ചിലതെല്ലാം നിന്നോടു ഞാൻ പ്രതിപാദിക്കാം. എന്നാൽ വത്സലമകനെ, നിൻെറ പ്രശ്നം ഏററം ഗൌരവാവഹമായ ഒരു വിഷയത്തെ സംബന്ധിക്കുന്നതാകയാൽ ഞാൻ പറയുന്നതു നന്നായി ശ്രദ്ധിക്കണം.

ലൌകികകാര്യങ്ങളിൽപ്പോലും ഗൌരവാവഹമായ വിഷയങ്ങൾ ഗ്രഹിക്കുന്നതിന് ഒരു സാമാന്യമനുഷ്യനു സാദ്ധ്യമല്ല. എന്നിരിക്കെ, ദൈവികകാര്യങ്ങളെക്കുറിച്ചു്

എന്തു പറയട്ടെ. എങ്കിലും നിന്നെ ആശ്വസിപ്പിക്കുന്നതിനും, എന്നിൽ നിനക്കു വിശ്വാസമുണ്ടാക്കുന്നതിനുംവേണ്ടി എൻെറ രഹസ്യങ്ങൾ അല്പമാത്രം നിനക്കു വെളിപ്പെടുത്താമെന്നു ഞാൻ വിചാരിക്കുന്നു.

ദൈവമെ, നിൻെറ വാക്കുകളെ ഞാൻ ശ്രദ്ധാപൂർവ്വം ശ്രവിക്കാം. നിന്നെ വിശ്വസിക്കുന്നതിനും അറിയുന്നതിനും ഉപകരിക്കുന്നിടത്തോളം മാത്രമല്ലാതെ, അവയുടെ ആവരണം മുഴുവൻ മാററണമെന്ന് ഞാൻ ആശിക്കുന്നില്ല.

ഓമനമകനെ, നിൻെറമേൽ എനിക്കുള്ള സർവ്വാധിപത്യം നീ സ്വീകരിക്കണമെന്നുള്ളതാണ് വിശ്വാസം മുഖേന ഞാൻ നിന്നോടാവശ്യപ്പെടുന്നത്. നീ ആത്മാവോടും ശരീരത്തോടുംകൂടിയ ഒരു സത്വമാകുന്നു. എന്നെ നിൻെറ നിയന്താവായിട്ടും നിനക്കുള്ള സർവ്വസ്വത്തിൻെറയും നാഥനായിട്ടും സ്വീകരിക്കുന്നെന്നു എന്നെ ബോദ്ധ്യപ്പെടുത്തുക. ഒരു രാജ്യം മറെറാരു രാജ്യത്തിൻെറ ആധിപത്യം സ്വീകരിക്കുന്നെങ്കിൽ അതിൻെറ ലക്ഷ്യമായി ഏതെങ്കിലും ഒരു കപ്പംകൊടുക്കുക സാധാരണമാണല്ലോ. ഈ കപ്പം ചിലപ്പോൾ പണമായിട്ടും, ചിലപ്പോൾ യുദ്ധസേവനമായിട്ടും നൽകിവരുന്നു. നിനക്ക് ആസ്തിക്യംമാത്രമല്ല, മററ സർവസ്വവും നൽകിയ നേതാവ് എന്ന നിലയിൽ എൻെറ സർവ്വാധിപത്യം നീ സ്വീകരിക്കണമെന്നു ഞാൻ നിന്നോടാവശ്യപ്പെടുന്നു.

പൂർവ്വനിയമത്തിൽ (Old testament) ബലിസമർപ്പണം മുഖേനയാണ് ഇതു നിറവേററിവന്നത്. എൻെറ

ആ ജനം, അവരുടെ ആട്ടിൻകൂട്ടത്തിൽനിന്ന് ആടുകളേയും, ഏററം ഇഷ്ടപ്പെട്ട സ്വത്തുക്കളിൽനിന്ന് ഒരു ഭാഗവും എനിക്കു സമപ്പിച്ചിരുന്നു. അവരുടെ സവ്വധമ്മങ്ങളും ആസ്തിക്യംതന്നെയും എന്നിൽ നിന്നാണെന്ന് പ്രദശിപ്പിക്കേണ്ടതിനായി ബലിസമപ്പണം എന്ന വിധത്തിലാണ് അവ എനിക്ക് അപ്പിക്കപ്പെട്ടിരുന്നത്. വില പിടിച്ച വസ്തുക്കളുടെ നാശത്തിലൊ, മൃഗങ്ങളുടെ രക്തത്തിലൊ, എനിക്ക് ആഗ്രഹമുണ്ടായിട്ടല്ല ഇപ്രകാരമൊക്കെ അവർ അനുഷ്ഠിച്ചിരുന്നതെന്ന് നീ ഗ്രഹിക്കണം. പ്രത്യുത, എൻെറ കർത്തൃത്വം അവർ അംഗീകരിക്കുന്നുവെന്നുള്ളതിൻെറ അടയാളം മാത്രമായിരുന്നു അതെല്ലാം. വിദിതമാക്കപ്പെട്ട എൻെറ സത്യങ്ങൾക്ക് വിശ്വാസത്താൽ ഹൃദയം വിധേയമാക്കുകയും, എൻെറ പെരുമാററങ്ങൾ നീതിപരമെന്നും നല്ലതെന്നും സമ്മതിക്കയും. എന്നെയും എൻെറ വചനത്തെയും വിശ്വസിക്കയും ചെയ്തുകൊണ്ട് മനുഷ്യൻ ഏററം കായ്യമായിക്കരുതുന്ന സ്വന്തം ബുദ്ധിശക്തിയെ എൻെറ വചനത്തിൻെറ അൾത്താരയിൽ ബലിയായി അപ്പിക്കുന്നു.

സ്നേഹിക്കപ്പെട്ട പിതാവെ, എന്നോടു ക്ഷമാപൂവ്വം പെരുമാറണമെന്നുള്ള എൻെറ പ്രാത്ഥന അവിടുന്നു നിരസിക്കരുതെ. നീ പറയുന്നതെന്തെന്ന് എനിക്കു മനസ്സിലാവുന്നില്ല. പഴയനിയമത്തിലെ ബലികളെക്കാൾ ഉൽകൃഷ്ടമായി കരുതത്തക്കവണ്ണം വിശ്വാസത്തിന് നീ ഇത്രമഹത്വം കല്പിച്ചിരിക്കുന്നതെന്തുകൊണ്ട്?

മകനെ, മനുഷ്യനു ഞാൻ നൽകിയ ദാനങ്ങളിൽ പ്രഥമവും പ്രധാനവുമായത് അവൻെറ ബുദ്ധിശക്തിയാ

കുന്നു. അവനെ ഇന്നു ഭൂമിയിലുള്ള സൃഷ്ടികളുടെ നാഥനാക്കിത്തീർത്തിരിക്കുന്നതും ആ ശക്തിയത്രെ. അതിനെ എനിക്കു വിശ്വാസംമുഖേന കീഴ്പെടുത്തുമ്പോൾ മനുഷ്യൻ സ്വന്തസ്വത്തിൽ അതിവിശിഷ്ടമായ അംശം എനിക്കു സമർപ്പിക്കയത്രെ ചെയ്യുന്നതു്.

വിശ്വാസം രണ്ടുവിധത്തിൽ പ്രകടമാക്കാം. ഒന്നാമതു്, മനുഷ്യബുദ്ധിക്കു് ദുർഗ്രഹങ്ങളായ പരിശുദ്ധ രഹസ്യങ്ങളെ, സമ്മതിക്കുക. രണ്ടാമതു്, മനുഷ്യരോടുള്ള എൻെറ പെരുമാററങ്ങളെ ആശങ്കാരഹിതം ആത്മനാ സ്വീകരിക്കുക; ഇവയത്രെ ആ രണ്ടു മാർഗ്ഗങ്ങൾ. ആദ്യത്തെതിനെപ്പററി അല്പംകൂടി വിവരിക്കാം. വിശുദ്ധ കുർബാന എൻെറ മാംസമാണെന്നു് ഞാൻ പറയുന്നു. എൻെറ പ്രസ്താവനയെ സാധൂകരിക്കാൻ ഇന്ദ്രിയങ്ങളുടെ ഭാഗത്തു് യാതൊരു തെളിവുമില്ല. ദർശനാസ്വാദനങ്ങൾ എൻെറ വാക്കിനെ സ്ഥിരപ്പെടുത്തുന്നില്ല. അഥവാ, തദനുഭവങ്ങൾ എൻെറ വാക്കിനെ സ്ഥിരപ്പെടുത്തുന്നപക്ഷം നീ അതു സമ്മതിക്കുന്നതു് ആ തെളിവിലത്രെ. ആയതു വിശ്വാസമല്ല; നിരാക്ഷേപമായ തെളിവുമാത്രം. അപ്പത്തിൽ മാററം സംഭവിക്കുന്നുവെന്നുള്ളതിനു് അപ്രത്യക്ഷമായിട്ടെങ്കിലും യാതൊരു തെളിവുമില്ലാത്തപക്ഷം അതു് എൻെറ മാംസമായിപ്പരിണമിക്കുന്നുവെന്നു് വിശ്വസിക്കാൻ ഞാൻ നിന്നെ ഉപദേശിക്കുമോ?

ഒരുപമകൊണ്ടു് ഈ സംഗതി ഞാൻ വിശദമാക്കാം. എൻെറ ഉപമാനം ഗ്രഹിക്കുന്നതിനായി സൃഷ്ടവസ്തുക്കൾ ഓരോന്നും ദൃശ്യവും അദൃശ്യവുമായ രണ്ടുഭാഗങ്ങളുടെ, അഥവാ, രണ്ടംശങ്ങളുടെ സംയോഗത്താലുണ്ടായി

ട്ടുള്ളതാണെന്നു നീ സ്മരിക്കേണ്ടതുണ്ട്. അദൃശ്യമായ ഭാഗമാണ് സാരവത്തായിട്ടുള്ളതു്; അതു് ഇതരഭാഗത്തെക്കാൾ പ്രധാനവും ഏതുവസ്തുവിനെയും സൂക്ഷ്മത്തിൽ അതതുവസ്തുവാക്കിത്തീർക്കുന്നതുമായ അംശമാകുന്നു. ഉദാഹരണാർത്ഥം മനുഷ്യാത്മാവിനെ നോക്കുക. അതു് അവൻെറ മുഖ്യാംശമാകുന്നു; തന്നിമിത്തം ആ ഭാഗമാണ് മനുഷ്യനെ സാക്ഷാൽ മനുഷ്യനാക്കിത്തീക്കുന്നതു്. ദൃശ്യമാകട്ടെ ആകൃതി, വർണ്ണം, പരിണാഹം എന്നീ ലക്ഷ്യങ്ങളാൽ അദൃശാംശത്തിൻെറ ഒരു ബാഹ്യചിഹ്നം മാത്രമെ ആകുന്നുള്ളു. ഒരു വസ്തുവിൽ സാരവത്തായ ഏതെങ്കിലും മാററം ഭവിക്കുമ്പോൾ ബാഹ്യരൂപത്തിലും തദനുരൂപമായ പരിണാമം ബാധിക്കുന്നതു സാധാരണമാണ്. ഉദാഹരണമായി, ആത്മാവു് മനുഷ്യനിൽനിന്ന് വേർതിരിയുമ്പോൾ ശരീരം വലുതായ ഒരു മാററത്തിന് വിധേയമാകുന്നതു നോക്കുക. തൽക്ഷണം ആ ശരീരം പ്രേതമായിച്ചമയുന്നു. മനുഷ്യനിൽ വന്നുകൂടുന്ന ഇത്തരം മാററം ഇതരസൃഷ്ടികളിലും അനുഭവപ്പെടുന്നുണ്ട്. അപ്പത്തിനും ദൃശ്യവും അദൃശ്യവുമായ രണ്ടു ഭാഗങ്ങൾ ഉണ്ടെന്നു് കാണിക്കുന്നതിലേയ്ക്കാണ് ഇത്രയും വിസ്തരിച്ചതു്.

വിശുദ്ധ കുർബാനയിൽ എൻെറ ശക്തിയാൽ സംഭവിക്കുന്ന ഒരത്ഭുതം മുഖേന അപ്പത്തിൻെറ സാരവത്തായ ഭാഗം ദൃശ്യാംശത്തിനു യാതൊരു മാററവും വരുത്താതെതന്നെ എൻെറ ശരീരമായിപ്പകരുന്നു. ഏതാദൃശമാററം സാധനപരമായ ഒന്നാണ്. ബാഹ്യമായി യാതൊന്നും അതിനെ വ്യക്തമാക്കുന്നില്ല. എൻെറ വചനം മാത്രമാണ് അതിനുള്ള ലക്ഷ്യം. നിൻെറ ഇന്ദ്രിയങ്ങളെ അവ

ശ്വസിക്കണമെന്ന് നിന്നോട്ട ഞാനാവശ്യപ്പെട്ടന്നില്ല. എന്തുകൊണ്ടെന്നാൽ ഇന്ദ്രിയഗോചരമായ അംശങ്ങൾക്ക യാതൊരു മാററവും നേരിടുന്നില്ല; പ്രത്യുത, അപ്പത്തിന്റെ സ്വകീയമായ ദൃശ്യാംശങ്ങൾക്കധീനമായി മററൊരു സാധനം അതിൽവന്നുചേരുന്നുവെന്ന വിശ്വസിക്കണമെന്നത്രെ ഞാൻ നിന്നോടാവശ്യപ്പെടുന്നത്.

വിശുദ്ധ കുർബാനയുടെ രഹസ്യം സുഗ്രഹമാക്കിത്തീക്കുന്നതിന് പര്യാപ്തമായ യാതൊരുപമാനവും വേറെ ഇല്ല. എന്തുകൊണ്ടെന്നാൽ അത് അതുല്യവും അനശ്വരവുമായ ഒന്നത്രെ. അതിനോട്ട തുല്യപരിപൂർണ്ണമായി സൃഷ്ടവസ്തുക്കളിൽ മററൊന്നും തന്നെയില്ല. കാരണം, സൃഷ്ടലോകത്തിൽ അദ്വിതീയമായ സ്ഥാനം അതിനുണ്ടായിരിക്കണമെന്ന ഞാൻ ഉദ്ദേശിച്ചതാണ്. മുൻപു പ്രസ്താവിച്ചതുപോലെ, സാധനപരമായി ഒരു മാററം യാതൊരു വസ്തുവിൽ സംഭവിക്കുന്നുവോ, ആ വസ്തു ബാഹ്യാംശപരമായ മാററത്തിനും അധീനമാകുക സാധാരണമാണ്; ഉദാഹരണാത്ഥം, കാനായിലെ വിവാഹവിരുന്നിൽ ഞാൻ വെള്ളം വീഞ്ഞാക്കിപ്പകത്തിയപ്പോൾ എന്തു സംഭവിച്ചുവെന്ന് ആലോചിക്കുക പരമദിവ്യകാരുണ്യത്തിനു തുല്യമായി പ്രപഞ്ചത്തിൽ മററു യാതൊന്നുമില്ലെങ്കിലും ആ ദിവ്യരഹസ്യം ഗ്രഹിക്കുന്നതിനു പര്യാപ്തമായി വേറെയും ചില ദൃഷ്ടാന്തങ്ങൾ നിനക്കു കണ്ടെത്താൻ കഴിയും.

ജന്മനാ അന്ധനായ ഒരു കുട്ടിയുടെ കണ്ണുകൾ ആകൃതിയിൽ മററു മനുഷ്യരുടെ നേത്രങ്ങൾപോലെതന്നെ കാണപ്പെടാറുണ്ട്. പക്ഷെ, ആ പൈതലിന്റെ കാഴ്ചയുടെ അഭാവം കണ്ടുപിടിപ്പാൻ മാതാവിന്റെ സൂക്ഷ്മ

പരിശോധനകളപോലും ശക്യമാകുന്നില്ല പ്രായേണ അവ ന്റെ ഗതിവൈകല്യം കാണുമ്പോൾ മാത്രമാണ് അമ്മ ആ കുട്ടിയുടെ കണ്ണിനു കാഴ്ചയില്ലെന്നു മനസ്സിലാക്കുന്നതു്. കാഴ്ചയ്ക്കു് ഉപകരണമായിത്തീരുന്ന പ്രധാനസാധനം ആ പൈതലിന്റെ നേത്രങ്ങൾക്കില്ലാതിരുന്നിട്ടും മാതാവി ന്റെ ദർശനേന്ദ്രിയത്തിനു ആ വസ്തുത മനസ്സിലാക്കാൻ പ്രയാസമായി. കാഴ്ചയുള്ളതും കാഴ്ചയില്ലാത്തതുമായ കണ്ണു കൾക്ക തമ്മിലുള്ള വ്യത്യാസം പ്രത്യക്ഷപ്പെടുന്നതു് 'നയന വിജ്ഞാനീയ' സംബന്ധമായ പരീക്ഷണങ്ങളും അനുമാന ങ്ങളുംകൊണ്ടുമാത്രമാകുന്നു.

അന്ധവും ആന്ധ്യരഹിതവുമായ കണ്ണുകൾക്കു് തമ്മിൽ എത്ര വലിയ വൈപരീത്യമാണുള്ളതു്. എന്നിട്ടും ബാഹ്യവ്യത്യാസം വരുത്തിക്കൂട്ടുന്ന ഹേതുക്കൾപോലും മനുഷ്യേന്ദ്രിയങ്ങൾക്ക ഗോചരമാകുന്നില്ല. നേരെ മറിച്ച് അന്യത്ര അന്ധനായി ജനിച്ച ഒരു കുട്ടിയുടെ കണ്ണുകൾക്ക കാഴ്ച ലഭിക്കുമാറു് അവയിൽ വന്നുകൂടുന്ന മാററവും ദൃഷ്ടി ഗോചരമല്ലാത്തതും, പ്രത്യുത അതു കുട്ടിയുടെ പ്രവൃത്തിക ളിൽ നിന്നുമാത്രം അറിയാവുന്നതുമാകുന്നു.

വിശുദ്ധ കുർബാനയിൽ സംഭവിക്കുന്ന വിധം സാരവത്തായ ഒരു മാററമല്ല ഇവിടെ ഉണ്ടാകുന്നതെങ്കിലും ദൃഷ്ടിഗോചരമായ വ്യത്യാസമൊന്നുംകൂടാതെതന്നെ ആന്ത രികമായി വലിയൊരു മാററം സംഭവിക്കാൻ പാടുള്ളതാ ണെന്ന തത്വം മനസ്സിലാക്കാൻ ഇതൊരുദാഹരണമാകു ന്നുണ്ടു്. അന്യദൃഷ്ടികൾക്കു് ഏകരൂപമായിത്തോന്നുന്ന അ ന്ധനയനങ്ങളിൽ സംഭവിക്കുന്ന മേൽപ്രകാരമുള്ള മാററം

അവയുടെ ബാഹ്യാവസ്ഥകൊണ്ടല്ല, പ്രത്യുത, തദ്വിധത്താലാണ് വിദിതമാകുന്നത്.

ഈ ഉപമകൊണ്ടും വിശുദ്ധകുർബാനയുടെ പരമരഹസ്യം വ്യക്തമാകുന്നില്ല. ദൃഷ്ടിഗോചരമായി ബാഹ്യമായ ഒരു മാററംകൂടാതെ തന്നെ ആന്തരികമായ മാററം സംഭവിക്കാൻ പാടുണ്ടെന്നുള്ളതു് മാത്രമാണ് ഞാൻ ഈ ദൃഷ്ടാന്തംകൊണ്ടു സമർത്ഥിക്കുന്നതു്. വി. കുർബാനയിലെ മാററം സാരതരമായ ഒന്നാകുന്നു. ദൃഷ്ടിഗോചരമായ ബാഹ്യഭേദം കൂടാതെ സാരവത്തായ ഒരാന്തരികമാററം സംഭവിക്കുന്നതെങ്ങനെയെന്നു മനുഷ്യബുദ്ധിക്കു ഗ്രഹിക്കാൻ കഴിവില്ല.

ആന്തരികമായ മാററത്തിനനുരൂപമായി ഒരു ബാഹ്യലക്ഷ്യംകൂടി വി. കുർബാനയിൽ സംഭവിക്കുന്നുവെങ്കിൽ തൽപരിണാമം ഒരു വിശ്വാസരഹസ്യമായിരിക്കാൻ തരമില്ല. ആശിർവ്വചനങ്ങളുടെ ഉച്ചാരണക്ഷണത്തിൽ എൻെറ ശരീരം നിനക്കു പ്രത്യക്ഷഗോചരമായാൽ നീ എൻെറ വചനത്തെയല്ല, പ്രത്യുത, നിൻെറ ഇന്ദ്രിയങ്ങളുടെ സാക്ഷ്യത്തെയായിരിക്കും വിശ്വസിക്കുക. "കൂദാശ" ചെയ്യപ്പെട്ട ഓസ്തി നീ കാണുമ്പോൾ അപ്പത്തിൻെറ രൂപം, നിറം, ആദിയായ ധർമ്മങ്ങൾ നിനക്കനുഭവഗോചരമാകുന്നതു വാസ്തവംതന്നെ. എന്നാൽ തദഗോചരമായ ഒരു വസ്തു അവിടെയുണ്ടു്. ഈദൃശസ്വഭാവലക്ഷ്യങ്ങളോടുകൂടി പ്രത്യക്ഷപ്പെട്ടിരിക്കുന്ന അപ്പത്തിൻെറ സാധനം, മറെറാരു പുതിയ സാധനം, അഥവാ എൻെറ ശരീരമായിപ്പകരുന്നു. അപ്പത്തിൻെറ സകല സ്വാഭാവികധർമ്മങ്ങളും സാധനപരമായ മാററത്തോടുകൂടി വ്യത്യാസപ്പെടാതിരിക്കു

ന്നതു് എൻെറ ശക്തി നിമിത്തമത്രെ. പ്രസ്തുത മാററം മനുഷ്യനു ഇന്ദ്രിയഗോചരമായിരിക്കരുതെന്നാണു എൻെറ നിശ്ചയം. കാരണം, ആ മാററംമുഖാന്തരം വി. കുർബാന മനുഷ്യർക്കുവേണ്ടിയുള്ള എൻെറ കാരുണ്യസമ്പൂർണ്ണമായ ഒരുദാനം മാത്രമല്ല, പ്രത്യുത, മനുഷ്യന് എന്നിലുള്ള വിശ്വാസത്തിൻെറ ഒരു പരീക്ഷണഘടകവും കൂടി ആയിരിക്കണമെന്നുള്ള സങ്കല്പമാകുന്നു. "കൂദാശ"ചെയ്യപ്പെട്ട ഓസ്തിഎൻെറ ശരീരമാണെന്നുപ്രസ്താവിക്കുന്നതു ഞാൻ തന്നെ ആണല്ലോ.

ചിലപ്പോഴെല്ലാം വി കുർബാനയിലുള്ള എൻെറ സാന്നിദ്ധ്യം ദർശിക്കുന്നതിനു തെരിഞ്ഞെടുക്കപ്പെട്ട ആത്മാവുകൾക്കു് ഞാൻ മറ മാററി അനുവദിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ അതു് അവരുടെ വിശ്വാസത്തെ ദൃഢീകരിക്കുന്നതിനല്ല, പ്രത്യുത, അവരുടെ സജീവവും ദൃഢവുമായ വിശ്വാസത്തിൻെറയും അഗാധവും തീവ്രവുമായ സ്നേഹത്തിൻെറയും പ്രതിഫലമായിട്ടത്രെ.

പിതാവെ, അനന്തമായ നിൻെറ ജ്ഞാനത്തിൻെറയും ശക്തിയുടെയും സ്നേഹത്തിൻെറയും മുമ്പിൽ ഞാൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. ഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി വിശ്വസിക്കുന്നതിനു ഞാൻ ഇച്ഛിക്കുന്നു; എന്തുകൊണ്ടെന്നാൽ വിശ്വാസം നിത്യജീവലബ്ധിക്കു എന്നെ അർഹനാക്കുന്നു, എന്നാൽ ജ്ഞാനം എൻെറ ജിജ്ഞാസയെ നിർവഹിക്കുക മാത്രമേ ചെയ്യുന്നുള്ളു. പ്രിയപ്പെട്ട നാഥാ, പ്രവചിക്കപ്പെട്ട നിഗൂഢ തത്വങ്ങളിലുള്ള വിശ്വാസം നിനക്കിഷ്ടമായ ഒരു ബലിയാണെന്നു എന്നെ പഠിപ്പിച്ചുവല്ലോ. ആകയാൽ നിൻെറ തിരുമനസ്സിങ്കലുള്ള

പൂർണ്ണമായ കീഴ്വഴക്കം, ഞങ്ങളുടെ പക്കൽനിന്നു ലഭിക്കുന്നതിൽ ഏററം ഇഷ്ടപ്പെട്ട ബലിയാകുന്നതെങ്ങനെയെന്നുംകൂടി എന്നോട് അരുളിച്ചെയ്യണമെ. സൃഷ്ടികൾ ദാരിദ്ര്യം, നിർഭാഗ്യം, പരാജയം, രോഗം, മരണം, ആദിയായ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്നതു് നിനക്കിഷ്ടമുള്ള ഒരു കാഴ്ചയാകുന്നതെങ്ങനെ

എൻെറ മകനെ, എൻെറ സൃഷ്ടികൾ പീഡിതരായിക്കാണുന്നതു് എനിക്കിഷ്ടമല്ല. മനുഷ്യർ ദുരിതങ്ങൾ അനുഭവിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നുമില്ല. എന്നാലും ജീവിതദുഃഖങ്ങൾ വിസ്മയാവഹവും ശാശ്വതവുമായ ഒരു മഹാലാഭം കരസ്ഥമാക്കുന്നതിനുള്ള അവസരമാണെന്നു ഞാൻ നിന്നെ ഗ്രഹിപ്പിക്കാം. ഭൗമ്യങ്ങളായ സർവപീഡകളും കരുണാനിധിയായ ലോകപിതാവിൽനിന്നു വരുന്നതും നിൻെറ നന്മക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാണെന്നുള്ള എൻെറ ഉപദേശത്തെ ദൃഢമായി വിശ്വസിച്ചുകൊണ്ടു് എൻെറ ഇഷ്ടാനുസാരം പ്രവർത്തിക്കയും ക്ലേശഹേതുക്കൾ തേടിവലയാതെ നിൻെറ കുരിശുകൾ സസന്തോഷം വഹിക്കുകയും ചെയ്യുക. ഇതുമൂലം നീ എൻെറ വചനത്തിലുള്ള വിശ്വാസത്തിന് ഉത്തമതെളിവു് എനിക്കു തരികയും, വിശ്വാസംമുഖേന നിൻെറ വിവേകശക്തിയെ എനിക്കേററം ഇഷ്ടപ്പെട്ട ഒരു ബലിയായി സമർപ്പിക്കയും അത്രെ ചെയ്യുന്നതു്. എന്നാൽ ഈ പ്രവൃത്തി വളരെ വിഷമമുള്ളതാണെന്നെനിക്കറിയാം. എങ്കിലും എന്നെ അത്യധികം പ്രസാദിപ്പിക്കുന്ന ഒരു കൃത്യമാകുന്നു ഇതു്. സ്നേഹത്തെയും വിശ്വാസത്തെയും പ്രദ്യോതിപ്പിക്കുന്ന പ്രവൃത്തികളാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. എന്നെ തൃപ്തി

പ്പെടുത്തുന്നതിനുവേണ്ടി നീ എന്നിൽ വിശ്വസിക്കയും നിനക്കു ദുർവഹമായ അനുഭവങ്ങളെ സക്ഷമം സഹിക്കയും ചെയ്താൽ ആയതു നീ എന്നെ സ്നേഹിക്കുന്നുവെന്നുള്ളതിനു പ്രത്യക്ഷലക്ഷ്യമായി ഞാൻ കരുതുന്നതാണ്.

ബുദ്ധിമുട്ടുകൾ സഹിക്കണമെന്നു ഞാൻ നിന്നോടാവശ്യപ്പെടാത്ത പക്ഷം നീ സന്തോഷം എന്നെ അനുഗമിക്കുമായിരുന്നു. അപ്പോൾ നിനക്കു എന്നെ സ്നേഹിക്കുന്നുവെന്നു സധൈര്യം പറയാൻ കഴിയുമോ? പ്രത്യുത, എന്നെ അനുഗമിപ്പാൻ വേണ്ടി കുരിശിൽ ഭാഗഭാക്കാകുക ആവശ്യമായിരിക്കെ എന്നെക്കുറിച്ചു സങ്കടങ്ങൾ സഹിക്കുമ്പോൾ നിനക്കു നിശ്ചയമായും എന്നെ സ്നേഹിക്കുന്നുവെന്നു പറയാൻ കഴിയും. ഒരു യഥാൎത്ഥസ്നേഹിതൻ നിനക്കുണ്ടെന്നു നീ അറിയുന്നതു് എപ്പോഴാണ്? ശ്രമസാദ്ധ്യവും, അനിഷ്ടകരവും, അസുഖപ്രദവുമായ ഏതെങ്കിലും കൃത്യം നിനക്കുവേണ്ടി ചെയ്യുവാൻ നീ സവിശ്വാസം ഒരുവനോടു് ആവശ്യപ്പെടുന്നു. നിന്റെ ഇഷ്ടാനുസാരം അവൻ പ്രവൎത്തിക്കുന്നു. അപ്പോൾ അവൻ നിന്റെ യഥാൎത്ഥമിത്രമാണെന്നു് നീ ധരിക്കുന്നു അനന്തരം ആ സ്നേഹിതനു് എന്തെങ്കിലും പ്രതിഫലം നൽകത്തക്ക സ്ഥിതിയിൽ നീ എത്തുന്ന പക്ഷം സർവസ്വത്തിലും ഒരു ഭാഗം അവനു കൊടുപ്പാൻ നീ വിമുഖനാകുമോ?

ഭൗമജീവിതത്തിന്റെ ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ നിന്റെ വിശ്വാസവും സ്നേഹവും ഒരു പരീക്ഷണത്തിനു ഞാൻ വിധേയമാക്കുന്നതു നിത്യത്വത്തിൽ അർഹനാകത്തക്കവിധം എന്റെ സ്നേഹത്തിനു നീ യോഗ്യനായിത്തീരണമെന്നു ഞാൻ ആഗ്രഹിക്കുന്നതിനാൽ മാത്രമാകുന്നു. ഇപ്പോ

ഴത്തെ നിൻെറ പീഡകൾ നിത്യാനന്ദത്തെ സമ്പാദിച്ചു തരുമ്പോൾ തദനുഭവത്തിൽ നീ എത്രയും ആനന്ദതുന്ദിലനാകാതിരിക്കയില്ല. പരിമിതമായ ഈ ജീവിതത്തിൽ ആ സൗഭാഗ്യം നിനക്കു ദൂരസ്ഥമാണ്. അങ്ങനെയല്ലെങ്കിൽ പീഡകൾക്കു യാതൊരു വിലയും ഉണ്ടാകയില്ല; എന്തുകൊണ്ടെന്നാൽ ഐഹികസങ്കടങ്ങൾ നിനക്കു പ്രതാപം സജ്ജമാക്കുന്നു. അതിൻെറ ഒരു ഏകദേശജ്ഞാനമെങ്കിലും ലഭിക്കുന്നപക്ഷം നീ അനുഭവിക്കുന്ന ക്ലേശങ്ങൾ ക്ലേശങ്ങളായിക്കരുതുകയില്ലതന്നെ. ഭാവിയിൽ നിനക്കു പ്രാപ്യമായ നിത്യാനന്ദത്തിൻെറ വ്യാപ്തി അത്രമാത്രം സീമാതീതമായിരിക്കുന്നു.

ഇപ്പോൾ ആ പരമാനന്ദം നിന്നിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. എങ്കിലും യഥാൎത്ഥവിശ്വാസം അതിനെ നിനക്കു ഹൃദയഗോചരമാക്കിത്തീൎക്കയും തദ്വാരാ, എൻെറ വഴി എത്ര ദുൎഗ്ഗമമായിരുന്നാലും നിന്നെ എൻെറ ഒരു സന്തുഷ്ടാനുയായി ആക്കിത്തീൎക്കുകയും ചെയ്യുന്നതാണ്. നീ ചരിക്കുന്ന വഴി എന്നിലേക്കും നിത്യഭാഗ്യത്തിലേയ്ക്കും എത്തുന്ന ഒന്നാണെങ്കിൽ എങ്ങനെ നീ സന്തുഷ്ടനാകാതിരിക്കും? വിശുദ്ധന്മാർ ഇതരന്മാരെക്കാൾ ക്രൂരതലായി പീഡകൾ അനുഭവിച്ചു. എന്നിട്ടും അവർ സംതൃപ്തരും ആനന്ദസംപൂൎണ്ണന്മാരുമായിരുന്നതു ഈ ആഗ്രഹത്തിൻെറ തികവുനിമിത്തമാണു്. "പിതാവേ, ഞാൻ പീഡകൾ അനുഭവിക്കട്ടെ. അല്ലെങ്കിൽ മരിക്കട്ടെ" എന്നു വി. ത്രേസ്യാ ഉദ്ഘോഷിച്ചതും ഇതുകൊണ്ടല്ലാതെ മററു കാരണത്താലല്ല. എന്നോടുള്ള സ്നേഹം പ്രത്യക്ഷീകരിക്കുന്നതിനു ഒരു വഴിയായിട്ടല്ലാതെ ജീവിതത്തിൽ യാ

തൊരു രാമണീയകവും അവൾക്ക കണ്ടെത്താൻ കഴിഞ്ഞില്ല: സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും ആധിക്യമായിരുന്നു അതു്. ഭൗമസങ്കടങ്ങൾക്കിടയിൽ എൻെറ ഹൃദയത്തിൻെറ നന്മയെ വീക്ഷിപ്പാൻ ശക്തയായ ഒരു ഭാഗ്യവതിയുടെ പ്രസ്താവമത്രെ ഇതു്.

എന്നോടുള്ള സ്നേഹം പ്രകടമാക്കാനുള്ള മാൎഗ്ഗം സഹനം മാത്രമാണെന്നു കരുതരുതു്. കൎത്തവ്യാനുഷ്ഠാനത്തിലുള്ള സ്ഥൈൎയ്യം സ്നേഹത്തിൻെറ ഒരു പ്രകാരാന്തരമാകുന്നു. എന്നാൽ പീഡനമാകട്ടെ സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും ഒരു പരമലക്ഷ്യമത്രെ.

സ്നേഹമുള്ള പിതാവെ, നീ എനിക്ക വേണ്ട ജ്ഞാനം നൽകുകയും എൻെറ ഹൃദയത്തെ നിന്നോടുള്ള സ്നേഹത്താൽ ഉജ്ജ്വലത്താക്കിത്തീൎക്കയും ചെയ്തിരിക്കുന്നു. നിൻെറ വിശുദ്ധന്മാർ പീഡനം ഇച്ഛിച്ചതും അന്വേഷിച്ചതും എന്തുകൊണ്ടെന്നു് എനിക്ക മനസ്സിലായി. പ്രിയപ്പെട്ട നാഥാ, അവരെപ്പോലെ പീഡനങ്ങൾ അന്വേഷിക്കുന്നതിനുള്ള മനഃസ്ഥൈൎയ്യം എനിക്ക തന്നില്ലെങ്കിലും വല്ലപ്പോഴും അവയ്ക്കു ഞാൻ വിധേയനാകുമ്പോൾ തദനുഭവങ്ങൾ സസന്തോഷം സഹിപ്പാൻ വേണ്ട ശക്തി നീ എനിക്ക തരേണമെ.

പീഡനഘട്ടങ്ങളിൽ ഞാൻ നിൻെറ സ്നേഹപൂൎണ്ണമായ മുഖകമലത്തെ ദൎശിക്കുകയും, ജീവിതത്തിൽ ക്ലേശങ്ങളെ അനുവദിക്കുന്നതിൽ നിനക്കുള്ള വിശിഷ്ടോദ്ദേശം മനസ്സിലാക്കി, ക്ഷമയോടും അത്യന്തം സന്തുഷ്ടിയോ

ട്ടും കൂടി നിന്നെക്കുറിച്ചും വാസ്തവത്തിൽ എന്റെ പ്രയോജനത്തിനുവേണ്ടിയും എനിക്കു സംഭവിക്കുന്ന സർവ്വസങ്കടങ്ങളും സഹിച്ചു കടന്നുപോകുകയും ചെയ്യുന്നതിന് ആവശ്യമായ അനുഗ്രഹങ്ങൾ എനിക്കു സിദ്ധിക്കട്ടെ.

## അദ്ധ്യായം 3

# നിത്യദണ്ഡനം

പിതാവെ, നീ എന്നോടു കരുണാപൂൎവ്വം ക്ഷമിക്കുന്നതിനാൽ അബ്രാഹിമിനെപ്പോലെ നിന്റെ നന്മയിൽ വീണ്ടും ശരണപ്പെടുവാൻ എനിക്കു ധൈൎയ്യം തോന്നുന്നു.

എന്റെ മകനെ, എന്തുവേണമെങ്കിലും എന്നോടു ചോദിച്ചുകൊൾക. നീ അറിയേണ്ടുവയെപ്പററി സസന്തോഷം ഞാൻ പറഞ്ഞുതരാം.

പ്രിയപ്പെട്ട നാഥാ, യാതൊന്നും ഗോപനം ചെയ്യാതെ എല്ലാം വെളിവായി നിന്നോടു പറയുന്നതു് നീ ക്ഷമിക്കേണമെ. സ്വമനസാ ഞാൻ നിന്റെ കല്പനകളെ ആരാധിക്കുന്നു; എന്തുകൊണ്ടെന്നാൽ നീ സൎവ്വജ്ഞനും സൎവ്വനന്മയുമാകുന്നു. നിന്റെ രഹസ്യങ്ങൾ എന്റെ ഗ്രഹണശക്തിയെ കവിഞ്ഞവയാണെങ്കിലും നിന്റെ വചനം വിശ്വസിച്ചുകൊണ്ടു് വിനയപൂൎവ്വം അവ ഞാൻ സ്വീകരിക്കുന്നു. എന്നാൽ പിതാവെ, എന്റെ ധാരണാശക്തിയെ അതിക്രമിച്ചതെന്നു മാത്രമല്ല, അതിനു വിരുദ്ധമെന്നുപോലും തോന്നിപ്പോകുന്ന വേറൊന്നുണ്ടു്—ആയതു് നിത്യരക്ഷയെ സംബന്ധിച്ചുള്ള നിന്റെ പ്രബോധനമത്രെ.

ഈ പ്രബോധനം നിന്റെ സ്വഭാവത്തിനു് വിരുദ്ധമാണെന്നു തോന്നിപ്പോകുന്നു. നീ കരുണാനിധിയാ

ണല്ലോ. അവിടത്തെ സീമയററ കാരുണ്യത്തിന നിത്യശി ക്ഷാവിധി അയോജ്യമായിത്തോന്നുന്നതിനാൽ ഈ ഉപ ദേശം വിശ്വസിക്കാൻ എനിക്ക വളരെ വിഷമമാകുന്നു. നിന്നോട്ട സംഘടിക്കുന്നതായി വിചാരിക്കാൻപോലും വയ്യാത്ത ഒരു ഭയങ്കര കർമ്മമായിട്ടാണ് നിത്യശിക്ഷ എ ൻെറ ബോധത്തിൽ പ്രത്യക്ഷീഭവിക്കുന്നതു്.

ദൈവമെ, എൻെറ ദൌർബല്യത്തെയും അജ്ഞ തയേയും ഓൎത്ത് ഭയതോന്നി, സൎവ്വനന്മയും കരുണാവാ രിധിയുമായ നീ നിൻെറ സൃഷ്ടികളിൽ ഏററം മഹനീയ സ്ഥാനം അർഹിക്കുന്ന ഒരു വ്യക്തിയെപ്പോലും നിത്യന രകശാപം നൽകി ശിക്ഷിക്കുന്നതെങ്ങനെയെന്ന് അരു ളിച്ചെയ്യണമേ.

എൻെറ മകനെ, നരകം നിനക്ക് ഭയങ്കരമായി ത്തോന്നുന്നെങ്കിൽ ഞാൻ അതു് അത്യധികം ബീഭത്സമാ യിട്ടത്രെ കരുതുന്നതു്. കഠിനവേദനകൾ അനുഭവിച്ച് ഞാൻ മരിച്ചതു് ഒരു നിസ്സാരകാൎയ്യത്തിനുവേണ്ടിയാണെ ന്നോ നീ വിചാരിക്കുന്നതു്? നരകത്തിൻെറ ഭയജനകത എനിക്ക് പൂൎണ്ണമായി അറിയാവുന്നതിനാൽ പ്രിയപ്പെട്ട സൃഷ്ടികളെ അതിൽനിന്ന് രക്ഷിപ്പാൻ വേണ്ടിയാണ് ഞാൻ അത്യധികം പീഡകൾ അനുഭവിച്ചു മരിച്ചതു്. ദൈ വത്തിൻെറ അനന്തമായ ശക്തിവൈഭവങ്ങൾക്ക് അ യോജ്യമായി ഭവിച്ച ആജ്ഞാലംഘനങ്ങളുടെ ശരിയായ പരിഹാരം നിൎവ്വഹിപ്പാൻ പരിമിതമായ യാതൊരു മാനു ഷികശക്തിക്കും കഴിയുന്നതല്ല. ആകയാലാണ് ദൈവത്രി തയത്തിൻ (Trinity) രണ്ടാമാളായ ഞാൻ ഒരേസമയം സ്രഷ്ടാവും സൃഷ്ടിയുമായി വൎത്തിച്ചുകൊണ്ട് നിരന്തനായ

ദൈവത്തിനു വിരോധമായി ചെയ്യപ്പെട്ട ഒരു കുററത്തിന് നിരന്തമായ പരിഹാരം ചെയ്യുമാറ് ഭൂമിയിൽ മനുഷ്യാവതാരം കൈക്കൊണ്ടതു്. പാപത്തിന്റെ അനന്തര ദുഷ്ഫലങ്ങളിൽ നിന്നു മനുഷ്യനെ രക്ഷിപ്പാൻവേണ്ടി ഞാൻ കുരിശിൽ മരണം കൈവരിച്ചു. നരകം എത്രമാത്രം ഭീഷണതമമാണെന്ന് ഇതിൽനിന്ന് ആൎക്കും മനസ്സിലാക്കാം. മാത്രമല്ല, നിത്യശിക്ഷയ്ക്കു കാരണമായ പാപത്തെ ഞാൻ എത്രമേൽ ഗരിഷ്ഠമായിക്കരുതുന്നുവെന്നും ഇതു തെളിയിക്കുന്നു.

ഹാ! പിതാവെ, പാപത്തിനു നീ ഇത്രമേൽ ഭയങ്കരമായ ശിക്ഷ കല്പിക്കുന്നതെന്തിന്? ലഘുവായ ഒരു ശിക്ഷ നിന്റെ നീതിയെ തൃപ്തിപ്പെടുത്താത്തതെന്തുകൊണ്ട്?

എന്റെ മകനെ, മനുഷ്യൻ സ്വന്തപാപങ്ങളെപ്പററി ഹൃദയപൂൎവ്വം പശ്ചാത്തപിക്കുന്നുവെങ്കിൽ വലുതായ യാതൊരു ശിക്ഷയും ഞാൻ നൽകുന്നില്ലെന്നു നിനക്കറിയാമല്ലോ. ഗാഗുൽത്തായിൽവച്ചു നടന്ന എന്റെ ആത്മബലിയുടെ ഫലമാഹാത്മ്യത്താൽ മഹാപാപിക്കുപോലും യാതൊരു ശിക്ഷയും അനുഭവിക്കാതെതന്നെ സ്വന്ത തെററുകൾക്ക് പരിഹാരം ചെയ്യുന്നതിനും, എന്റെ പ്രീതിക്കു പാത്രീഭൂതനാകുന്നതിനും കഴിഞ്ഞു. പാപി പശ്ചാത്തപിക്കുന്നുവെങ്കിൽ അവന്റെ താപം സ്വന്ത പാപങ്ങളെ മാൎജ്ജനം ചെയ്യുന്നതിനു ഉപകരണമായിത്തീരുന്നു.

സ്വന്തപാപങ്ങളെപ്പററി പശ്ചാത്തപിക്കാത്തവൎക്കുള്ളതാകുന്നു നരകം. എന്നെയും, അവരെ രക്ഷിക്കുന്നതിനു ചെയ്യപ്പെട്ട എന്റെ യത്നങ്ങളെയും അവഗണിച്ചതു നിമിത്തമല്ലാതെ, യാതൊരുത്തനെയും ഞാൻ

നരകത്തിൽ തള്ളുന്നില്ല. എൻെറ മുന്തിരിത്തോട്ടത്തിനു വേണ്ടി ഇതിലധികം ഞാൻ ചെയ്യേണ്ടതെന്തുണ്ട്?

എന്നാൽ സ്രഷ്ടാവെ, അവിടുന്ന് സർവ്വഗുണ സംപൂർണ്ണനായിരിക്കെ പാപിയെ നിത്യനരകത്തിൽ പതിക്കുവാൻ അനുവദിക്കുന്നതെന്തുകൊണ്ട്? അവനെ രക്ഷിക്കുന്നതിന് അങ്ങേക്ക് കഴികയില്ലയോ?

മകനെ, പാപിക്കുവേണ്ടി സ്വർഗ്ഗഭവനം ഞാനുപേക്ഷിച്ചു. അവനുവേണ്ടി ഞാൻ ഭൂമിയിൽ ജീവിക്കുകയും പാടുപീഡകൾ അനുഭവിക്കുകയും, കുരിശിൽ മരണം പ്രാപിക്കയും, നിത്യജീവദായകങ്ങളായ കൂദാശകളോടുകൂടി ഒരു വിശുദ്ധ സഭ സ്ഥാപിക്കയും ചെയ്തു. പാപമാർഗ്ഗത്തിൽനിന്ന് പിന്മാറാതിരുന്നാൽ വന്നുകൂടുന്ന ഭയങ്കര നാശം അവനു ഞാൻ മുൻകൂട്ടി വിദിതമാക്കി എല്ലാ പ്രതിലാഭനങ്ങളെയും എതിർക്കുന്നതിനും ജയിക്കുന്നതിനും വേണ്ട അനുഗ്രഹം അവനു ഞാൻ കൊടുക്കുകയും ചെയ്തു. പലകുറി ഞാൻ അവനെ ആലിംഗനം ചെയ്ത് പാപജീവിതത്തിൽനിന്ന് പിന്തിരിയണമെന്ന് അപേക്ഷിച്ചു. അന്തഃകരണം മുഖേന ഈ വസ്തുത അവനെ ഞാൻ സദാ അനുസ്മരിപ്പിച്ചിട്ടുണ്ട്. അവനെ സഹായിക്കുന്നതിനായി രാപകൽ ഞാൻ സന്നദ്ധനമായിട്ടാണിരുന്നത്. എന്നാൽ ഇവയെല്ലാം തീരെ അവഗണിച്ച് പാപി ജീവകാലം മുഴുവൻ എന്നെ ഉപദ്രവിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നതിനാൽ എന്നന്നേക്കും അവൻ എന്നിൽനിന്ന് വേർപെടുത്തപ്പെട്ടവനായിരിക്കട്ടെയെന്ന് ഞാൻ നിശ്ചയിച്ചു. മനുഷ്യന് പാപമാർഗ്ഗങ്ങളിൽനിന്നു പിന്മാറുന്നതിലേക്കായി പല നിർദ്ദേശങ്ങളും ജീവകാലത്ത് ഞാൻ അവ

ന നൽകുന്നുണ്ട്. എന്നിട്ടും അവൻ എന്നെ എതിർക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നത് എൻെറ യത്നങ്ങളുടെയോ നന്മയുടെയോ അഭാവത്താലല്ല.

എല്ലാ ദൃശ്യസൃഷ്ടികളെയും അതിശയിച്ച് മനുഷ്യൻ എനിക്ക് ഏററം സദൃശനാകുന്നു. എന്നാൽ സംസൃഷ്ടനും ഓർമ്മ, ബുദ്ധി, മനസ്സ് എന്നിവയാൽ അലംകൃതനും ആയ അവൻെറ ആത്മാവ് ചുററിലുമുള്ള എല്ലാ ഇതരജീവദൃശ്യവസ്തുക്കളെക്കാളും സ്രഷ്ടാവായ എൻെറ പ്രതിബിംബമായി പ്രശോഭിക്കുന്നു. അവനു ഞാൻ ഒരു ഹൃദയവും അതിനെ നേർവഴിക്ക് ഉപയോഗിപ്പാൻ വേണ്ട എല്ലാ സൌകര്യങ്ങളും സഹായവും നൽകിയിട്ടുണ്ട്. എന്നിട്ടും അതൊന്നും വേണ്ടവിധത്തിൽ വിനിയോഗിക്കാതെ എല്ലാ വൈഭവങ്ങളും ദുഷ്പ്രയോഗിച്ച് ആജീവനാന്തം ദുർമ്മാർഗ്ഗത്തിൽ ചരിക്കുകമൂലം പാപി നരകത്തിൽ തള്ളപ്പെടുന്നെങ്കിൽ അതിൻെറ ഉത്തരവാദിത്വം എനിക്കല്ല, പ്രത്യുത, അവനുതന്നെയാകുന്നു.

പ്രേഷ്ഠനാഥാ, നീ ഉപന്യസിച്ചത് വാസ്തവം തന്നെ; എന്നാൽ ഇത്ര ആപൽക്കരമായ ഒരു ദാനം അവനെ നീ ഏൽപ്പിച്ചിരിക്കുന്നതെന്തിന്?

മകനെ, നിൻെറ ബുദ്ധിക്ക് അതീതങ്ങളായ എൻെറ വഴികളിലേക്കാണ് നീ ഇപ്പോൾ കടന്നിരിക്കുന്നത്. എൻെറ ഇഷ്ടാനുസാരം പ്രവർത്തിക്കുന്നതിന് എനിക്കു സ്വാതന്ത്ര്യമുണ്ട്. എനിക്കുമാത്രം അറിയാവുന്ന ചില നിഗൂഢകാരണങ്ങളാലാണ് അവനു ലഭിക്കാവുന്നവയിൽ വച്ച് ഏററംവലിയ ദാനമായ മനശ്ശക്തി ഞാൻ നൽകി അവനെ അലങ്കരിച്ചത്. ആ ശക്തി ഉപയോഗിക്കേ

ണ്ടതെങ്ങനെയെന്നും ഞാൻ അവന്ന കാണിച്ചുകൊടുത്തു. എൻെറ ആജ്ഞാനുസാരം അതിനെ ഉപയോഗിപ്പാൻ വേണ്ട സഹായം ഞാൻ അവന്ന നൽകയും ചെയ്യുന്നു. ഇപ്രകാരമിരിക്കെ മനുഷ്യൻ സ്വേഷ്ടത്തിനും എൻെറ അനിഷ്ടത്തിനും ഒത്തവിധം അവയെ ദുരുപയോഗിക്കുന്നെങ്കിൽ അതിൻെറ ഭവിഷ്യൽഫലങ്ങൾക്കും ഉത്തരവാദി അവൻതന്നെ. മനുഷ്യനെ സൃഷ്ടിച്ച സർവ്വശക്തനായ ദൈവം ഞാനാകുന്നു, എന്നോടുള്ള അവൻെറ പ്രാതികൂല്യത്തിന് എന്തുശിക്ഷയാണ നൽകേണ്ടതെന്നു തീരുമാനിക്കേണ്ടവൻ ഞാനാണ്. എൻെറ നന്മ, അവനെ സൃഷ്ടിക്കയും സ്വർഗ്ഗത്തിൽ എന്നന്നേക്കും എൻെറ ശുശ്രൂഷകപദം അലങ്കരിക്കാനുള്ളമാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്തതിൽനിന്ന് വെളിപ്പെട്ടിട്ടുണ്ട്. അവന് സ്വാതന്ത്ര്യമായ ഒരു മനശ്ശക്തി ഉണ്ടായിരിക്കണമെന്നും അതിൻെറ ദുരുപയോഗം അവൻെറ നിത്യനാശത്തിനിടയാക്കുമെന്നും ഞാൻ വിധിച്ചിരിക്കെ, അതിനെ ശരിയായി ഉപയോഗിക്കയും എന്നോടു കൃതജ്ഞനായിവർത്തിക്കയും ചെയ്യേണ്ടതു് അവൻെറ കടമയാകുന്നു.

പിതാവെ, നിൻെറ സൃഷ്ടികളിൽ യാതൊരുവൻ സ്വന്തകുററത്താലാണെങ്കിലും ഇത്ര ഭയങ്കരമായ ശിക്ഷയ്ക്കു പാത്രീഭൂതനാകുന്നതിനെപ്പററി ഞാൻ ആവലാതിപ്പെടുന്നതിനെ നീ ക്ഷമിക്കേണമെ. യാതൊരു പ്രത്യാശയ്ക്കും അവകാശമില്ലാതെ പാപി എന്നന്നേക്കും ശിക്ഷിക്കപ്പെടുന്നു. ഹാ! ഇതോർക്കുമ്പോൾ എൻെറ ശരീരം ഭയപാരവശ്യത്താൽ കിടുകിടെ വിറക്കുന്നു.

മകനെ, പാപിയും അപ്രകാരം വിറയ്ക്കട്ടെ. നീ ഇപ്പോൾ ദുർഗ്ഗമങ്ങളായ എന്റെ വഴികളിൽ കടന്നിരിക്കുന്നു. മനുഷ്യനെ സൃഷ്ടിക്കയും മററു സൃഷ്ടികളിൽനിന്ന് അവനെ ഉയർത്തി അലങ്കരിക്കയും ദൈവികമായ ഒരന്ത്യം അവനു നിശ്ചയിക്കയും ആ അന്ത്യം പ്രാപിക്കുന്നതിനാവശ്യമായ സാഹായ്യം നൽകയും ചെയ്യുന്നതു് സമുചിതമായി എനിക്കുതോന്നി. ഇതെല്ലാം ഞാൻ ചെയ്തിട്ടുള്ളതു് തക്കജ്ഞാനത്തോടും വലിയ അനുഗ്രഹത്തോടുംക്രൂടി ആകുന്നു.

മനുഷ്യന്റെ മരണശേഷമുള്ള സ്ഥിതി എവ്വിധമായിരിക്കണമെന്നു നിശ്ചയിക്കേണ്ടതു് അവന്റെ ഐഹികജീവിതം മാനദണ്ഡമായിവേണ്ടതാണെന്നു് ഞാൻ തീർച്ചപ്പെടുത്തി. മനുഷ്യൻ ജീവിയ്ക്കുമ്പോൾ നിത്യത്വം അവന്റെ സ്വാധീനത്തിലാകുന്നു. നല്ലഹൃദയത്തോടുക്രൂടി അവൻ എന്റെ പക്കലേക്കു തിരിയുകമാത്രമേ വേണ്ടു; ഞാൻ അവനെ ഭാഗ്യവാനാക്കിത്തീക്കും. ശുദ്ധമനസ്കനായ ആ കള്ളൻ കുരിശിൽ തൂങ്ങിമരിക്കാറായപ്പോഴാണ് എന്റെ പക്കലേയ്ക്കു തിരിഞ്ഞതു്; എന്നിരുന്നിട്ടും അവനു കിട്ടിയ പ്രതിഫലമോ നിത്യപറുദീസ! ഐഹികജീവിതത്തിനുശേഷം നിത്യത്വം പ്രാപിക്കുന്നതിൽ യാതൊരു സ്വാതന്ത്ര്യവും നിനക്ക് പാടില്ലെന്നത്രെ എന്റെവിധി. ജീവകാലം നിത്യനും അനന്തനുമായ എന്നെ ഉപാർജ്ജിക്കുന്നതിനൊ ഉപേക്ഷിക്കുന്നതിനൊ ഉള്ള ഘട്ടമാകുന്നു. എന്റെ ഈ നിർണ്ണയങ്ങളിൽ ഞാൻ നീതിയോടും ന്യായത്തോടുംക്രൂടിയാണ് പ്രവർത്തിച്ചിട്ടുള്ളതെന്നു നീ പൂർണ്ണമായി വിശ്വസിക്കണം. ഇപ്പോൾ നീ അതു സ്വയം മനസ്സിലാക്കുന്നില്ലെ

ങ്കിൽ നിത്യതയിൽ എൻെറ വഴികളെ ഞാൻ നിനക്കു വെളിപ്പെടുത്തുന്നകാലത്ത് നീ അതു മനസ്സിലാക്കും. മനുഷ്യൻ തനിക്കായി തിരഞ്ഞെടുക്കുന്ന അന്ത്യം ശ്രേഷ്ഠമാകട്ടെ നികൃഷ്ടമാകട്ടെ നിത്യമായിരിക്കുമെന്നതിനു തർക്കമില്ല. സ്വർഗ്ഗവും നരകവും സനാതനങ്ങളാകുന്നു. മനുഷ്യാവതാരം, വിശുദ്ധകുർബാന എന്നിവപോലെ നരകത്തിൻെറ കാര്യവും ഒരു ദിവ്യരഹസ്യമത്രെ. അവതാരത്താൽ ഞാൻ മനുഷ്യനായതെങ്ങനെയെന്നും, വി. കുർബാനയിൽ ഞാൻ സന്നിഹിതനായിരിക്കുന്നതെപ്രകാരമെന്നും നിനക്കു പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുന്നതല്ല. എങ്കിലും നീ അവ വിശ്വസിക്കുന്നു. അപ്രകാരംതന്നെ നരകത്തിൻെറ നിത്യതയിലും എൻെറ വചനം നീ വിശ്വസിച്ചു മതിയാവൂ.

മനുഷ്യാവതാരം എൻെറ അനന്തവും ദിവ്യവുമായ സ്വഭാവധർമ്മങ്ങൾക്കു വിപരീതമെന്നു നിനക്കു തോന്നിയേക്കാം. അനന്തദൈവമായ ഞാൻ ഒരു മനുഷ്യശിശുവായതെങ്ങനെയെന്നു മനസ്സിലാക്കാൻ നീ പ്രാപ്തനല്ല. എങ്കിലും ഞാൻ പറയുന്നതുകൊണ്ടു നീ അതു വിശ്വസിക്കുന്നു. അതിനെ ഒരു വിശ്വാസരഹസ്യമാക്കിത്തീർക്കുന്നതിൻെറ കാരണം ഇതുതന്നെയാണ്. ദൈവവും മനുഷ്യനുമായ ഞാൻ വി. കുർബാനയിൽ സന്നിഹിതനായിരിക്കുന്നതെങ്ങനെയെന്ന് ഗ്രഹിക്കുന്നതിനും നിനക്കു സാദ്ധ്യമല്ല. ഒരപ്പക്കഷണത്തിലാണു ഞാൻ നിലീനനായിരിക്കുന്നത്. എൻെറ വൈഭവത്തിനും, മഹിമയ്ക്കും, പ്രതാപത്തിനും അനുയോജ്യമല്ല അതെന്നു ശങ്കയുണ്ടാകാം. എന്നാലും എൻെറ വചനം ആസ്പദമാക്കി നീ അതു വിശ്വസിക്കുന്നു.

ദൈവത്രിതയത്തെ(Trinity) വിശദമായി ഗ്രഹിക്കുന്നതിനൊ, ദൈവത്തിൻെറ ഏകത്വത്തോടു അതു സംഘടിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുന്നതിനൊ നീ ശക്തനല്ല. ദൈവത്തിൽ മൂന്നാളുകളുണ്ടെന്നുള്ളതു് ദൈവത്തിൻെറ ഏകത്വത്തിനു വിരുദ്ധമായിത്തോന്നാം. എന്നാൽ മനുഷ്യാവതാരം കൂടാതെ വി. കുർബാനയില്ല, ദൈവത്രിതയം കൂടാതെ മനുഷ്യാവതാരവുമില്ല. ഇതു ക്രിസ്തീയവിശ്വാസത്തിൻെറ കേന്ദ്രമാകുന്നു.

എൻെറ വചനത്തെ ആധാരമാക്കി ദൈവത്രിതയത്തിൽ വിശ്വസിക്കുന്നവരും എന്നാൽ തദ്വചനത്തെത്തന്നെ പ്രമാണമാക്കി നരകത്തിൻെറ ആസ്തിക്യത്തിൽ വിശ്വസിക്കാത്തവരുമായ ക്രിസ്ത്യാനികൾ പലരുണ്ടു്. ഒരു അദ്ധ്യാപനത്തെ പുരസ്കരിച്ചു് എന്നെ സ്വീകരിക്കുകയും മറ്റൊന്നിനെ അനുകരിച്ചു എന്നെ അവഗണിക്കുകയും ചെയ്യുന്നതു സ്വീകാര്യാർഹമായിട്ടാണു് അവർ കരുതുന്നതു്. ഏതൻമൂലം എന്നിലുള്ള വിശ്വാസമല്ല, പ്രത്യുത അവർ അവരവരിൽത്തന്നെയുള്ള വിശ്വാസമേ പ്രത്യക്ഷപ്പെടുത്തുന്നുള്ളു. നീചബുദ്ധിയായ ലൂസിഫറിൻെറ അധഃപതനകാരണവും ഇതായിരുന്നുവല്ലോ.

വിശ്വാസവും തന്നിഷ്ടവും ഏകകാലത്തു് ഒരാളിൽ യൌഗപദ്യേന സ്ഥിതിചെയ്യുന്നുവെന്നു നീ വിചാരിക്കുന്നുവോ? അങ്ങനെയെങ്കിൽ വിശ്വാസത്തിൻെറ സ്വഭാവം നിനക്കു മനസ്സിലായിട്ടില്ല. നിനക്കിഷ്ടമുള്ളതിനെ തിരഞ്ഞെടുക്കുകയും ഇഷ്ടമില്ലാത്തതിനെ ഉപേക്ഷിക്കുകയും ചെയ്യുന്നതിനു വിശ്വാസം സമ്മതിക്കുന്നില്ല. അപ്രകാരം ചെയ്യുന്നതു് വിശ്വാസമല്ല, പ്രത്യുത, കാപട്യമാകുന്നു. അ

ത്തു കീഴ്വക്കമോ അനുസരണമോ അല്ല. മറിച്ച് ധിക്കാരമത്രെ. മനുഷ്യാവതാരം, വി. കർബാന എന്നിവയിൽ നീ വിശ്വസിക്കുന്നത് തദ്രഹസ്യങ്ങൾ നിനക്കു വിശദമായി ഗ്രഹിക്കാൻ കഴിഞ്ഞിട്ടോ, അഥവാ, എൻെറ ദിവ്യധർമ്മങ്ങളോടു അവയെ യുക്തിമൂലം സംയോജിപ്പിക്കാൻ നിനക്കു സാധിച്ചിട്ടോ അല്ലല്ലോ. ഇപ്രകാരംതന്നെ സൃഷ്ടികളിൽവച്ചു ഏററം വിശിഷ്ടനായ മനുഷ്യനെ ഒരു നിത്യശിക്ഷാസ്ഥാനത്തേക്കു തള്ളിയയ്ക്കാൻ ഞാൻ അനുവദിക്കുന്നതെങ്ങനെയെന്നു ഗ്രഹിക്കാനും നീ ശക്തനാകുന്നില്ല.

ദൈവത്രിതയം, മനുഷ്യാവതാരം, വിശുദ്ധ കുർബാന, ഇവ തെളിവിനെ ആധാരമാക്കാതെ എൻെറ വചനത്തെമാത്രം പുരസ്കരിച്ചു നീ വിശ്വസിക്കുന്നതുപോലെ നിത്യരക്ഷയുടെ കാൎയ്യത്തിലും എൻെറ പ്രബോധനം നീ വിശ്വസിക്കേണ്ടതാകുന്നു.

യേശുക്രിസ്തുവായ ഞാൻ ദൈവത്തിൻെറ സത്യസുതനാണോ എന്ന് ആരാഞ്ഞറിയേണ്ടത് നിൻെറ ബുദ്ധിശക്തിയുടെ ഭാഗ്യത്തിനും കടമയ്ക്കും ഒത്ത പ്രവൃത്തിയാകുന്നു. ഇക്കാൎയ്യത്തിൽ ഞാൻ നിനക്കു തന്നിരിക്കുന്ന ബുദ്ധിയും വിവേകവും പൂൎണ്ണമായി ഉപയോഗിച്ച് കാൎയ്യങ്ങളുടെ യാഥാൎത്ഥ്യത്തെ പരിശോധിച്ചറിയേണ്ടതിനു നിനക്കു പൂൎണ്ണസ്വാതന്ത്ര്യമുണ്ട്.

എന്നാൽ നിൻെറ വിവേകശക്തി ഞാൻ ദൈവമാണെന്നു നിനക്കു സ്പഷ്ടമാക്കിക്കഴിഞ്ഞാൽ ആ ജ്ഞാനം, ദൈവം വഞ്ചിക്കാനോ, വഞ്ചിക്കപ്പെടുവാനോ കഴിയാത്തവനാകകൊണ്ട് തൽക്ഷണം എൻെറ വചനത്തിൽ വിശ്വസിക്കേണ്ടതു യുക്തിക്കും ന്യായത്തിനും ഒത്ത

കർത്തവ്യമാണെന്നു നിന്നെ ഉൽബോധിപ്പിക്കുന്നു. ഞാൻ ദൈവമാണോ എന്നന്വേഷിച്ചു തീർച്ചപ്പെടുത്തുന്നതിനു നിന്റെ വിവേകശക്തിക്കു പൂർണ്ണസ്വാതന്ത്ര്യവും അവകാശവുമുണ്ടെന്നു മുൻപറഞ്ഞുവല്ലോ. എന്നാൽ എന്റെ ദൈവത്വം വിദിതമായാൽ മനുഷ്യനായ നീ ദൈവമായ എനിക്കു കീഴ്വഴങ്ങേണ്ടതാണെന്നുകൂടി ധരിക്കും. അപ്പോൾ പ്രകൃതിയിൽ ഉള്ള സർവ്വശാസ്ത്രനിർവ്വചനങ്ങളെക്കാളും പരമസത്യമായതാണ് എന്റെ വചനമെന്നു നീ സങ്കല്പിക്കയും സവിനയം എന്നെ ആരാധിക്കയും ചെയ്യുന്നതാണ്. ഇതത്രെ സത്യവിശ്വാസം.

മനുഷ്യാവതാരം, പിന്നീടു ദൈവത്രിതയം, വിശുകുർബാന, അനന്തരം നരകശിക്ഷ, ഇവയെക്കുറിച്ചുള്ള പ്രബോധനങ്ങളാൽ നിന്റെ വിശ്വാസത്തെ ഞാൻ പരീക്ഷിക്കുന്നു. തെളിവുകൊണ്ടു സ്ഥിരപ്പെടുത്താവുന്നവ മാത്രമേ വിശ്വസിക്കേണമെന്നു കല്പിച്ചിട്ടുള്ളവെങ്കിൽ എന്റെ പ്രവൃത്തികൾ കേവലം മാനുഷികങ്ങൾ മാത്രമായിരുന്നേനെ. എന്തുകൊണ്ടെന്നാൽ മനുഷ്യൻ മനുഷ്യനോടു പെരുമാറുന്നതിപ്രകാരമാകുന്നു. ഞാനാകട്ടെ, ദൈവമാകകൊണ്ട് ദൈവത്വമുള്ള ഒരുവനായി കരുതപ്പെടുന്നതിനും എന്റെ വചനം സംശയലേശംകൂടാതെ സ്വീകരിക്കപ്പെടുന്നതിനും അർഹമാകുന്നു.

നിനക്ക് ഇവയെല്ലാം ഗ്രഹിക്കാൻ പ്രയാസമുണ്ടെന്ന് എനിക്കറിയാം. ഏതാദൃശ്യവൈഷമ്യങ്ങൾ ഞാൻ പ്രതീക്ഷിക്കുന്നുമുണ്ട്. വിശ്വസിക്കുന്നതിനുള്ള വൈഷമ്യം ലഘുവായിരുന്നെങ്കിൽ അതുകൊണ്ടുള്ള യോഗ്യതയും തദനുരൂപം കുറവായിരിക്കുമായിരുന്നു. എന്നാൽ പതിനാ

യിരം വിഷമങ്ങൾ ഒരു സംശയത്തെ ഉണ്ടാക്കുന്നില്ല. ആകാശവീഥിയെപ്പററിയും അവിടെയുള്ള ഗോളങ്ങളുടെ ക്രമമായ സഞ്ചാരത്തെപ്പററിയും ഗ്രഹിക്കുന്നതിനു നിനക്കു പല വിഷമങ്ങളുമുണ്ട്. നിൻെറ ആവിഷമങ്ങൾ എത്രവലുതായിരുന്നാലും ജ്യോതിശ്ശാസ്ത്രപടുക്കൾ (Astronomers) നിർവചിക്കുന്നതു് നിനക്കു മനസ്സിലായില്ലെന്നുള്ള കാരണത്താൽ നിഷേധിക്കുന്നില്ല. ഭൂമി ഉരുണ്ടതാണെന്നോ അതു അച്ചുതണ്ടിന്മേൽ ചുററിക്കൊണ്ടിരിക്കുന്നെന്നോ ഉള്ള സിദ്ധാന്തം പരസ്പരവിരുദ്ധമായ ഒന്നായിത്തോന്നാം. പ്രത്യക്ഷത്തിൽ അപ്രകാരം കാണപ്പെടുന്നില്ലെങ്കിലും നീ അതു വിശ്വസിക്കുന്നു. ഭൂമി ചലിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള തത്വം സാമാന്യന്മാൎക്കു ഒട്ടും വിശ്വാസയോഗ്യമായിത്തോന്നുകയില്ലെങ്കിലും അവർ അതു വിശ്വസിക്കുന്നുണ്ട്. എന്തുകൊണ്ട്? ശാസ്ത്രസിദ്ധാന്തത്തിൻെറ പ്രാബല്യംമൂലം. സ്രഷ്ടാവായ ഞാൻ സകല ശാസ്ത്രങ്ങളുടെയും അദ്ധ്യാപകനാകുന്നു. എൻെറ വചനം നിർവ്വചനങ്ങളെക്കാൾ സൎവ്വഥാ അനശ്വരമത്രെ. ആകയാൽ എൻെറ മകനെ, നീ തോമ്മായെപ്പോലെ സംശയഗ്രസ്തനാകാതെ വിശ്വാസമുള്ളവനായിരിക്കുക.

പിതാവെ, ശാസ്ത്രത്തിൽ ഞങ്ങൾ ഇത്ര വിശ്വാസം പ്രദൎശിപ്പിക്കുന്നുവെങ്കിൽ അതിൻെറ കാരണം തദ്ധ്യാപനങ്ങളെല്ലാം തെളിവുസഹിതം സ്ഥാപിതമായിട്ടുണ്ടെന്നുള്ളതത്രെ; തെളിവിന് സമ്മതിക്കാതെ ഗത്യന്തരമില്ല. മറിച്ചു വെറും പ്രസ്താവങ്ങളെ ഞങ്ങൾ എങ്ങനെ അംഗീകരിക്കും?

എൻെറ ഓമനെ, വളരെ ചുരുക്കംപേർമാത്രമെ തെളിവുകൾ മനസ്സിലാക്കുന്നുള്ളു. അറിയാമെന്നു ഭാ

വിക്കുന്നവരുടെ വാക്കു വിശ്വസിക്കയാണു പലരും ചെയ്യുന്നതു്. എന്നെ നിനക്കു വിശ്വസിക്കാമെന്നുള്ളതിനു വേണ്ട തെളിവുകൾ ഞാൻ തന്നിട്ടില്ലയോ? എന്റെ സത്യപാഠങ്ങൾ ഉപദേശിക്കുന്നതിനുമുമ്പ് ഞാൻ ദൈവമാണെന്നും തന്നിമിത്തം വിശ്വാസയോഗ്യനാണെന്നും ഉള്ളതിന് തെളിവുതന്നു. ദൈവത്വത്തിന് എനിക്കുള്ള അർഹതകളെ പരിശോധിപ്പാൻ നിന്റെ വിവേകശക്തി വേണ്ടപോലെ ഉപയോഗിക്കുക. ഞാൻ ദൈവമാണെന്ന് സ്ഥിരബോധം ലഭിച്ചാൽ തൽക്ഷണം എന്നെ വിശ്വസിക്കേണ്ടതു് നിന്റെ കടമയാകുന്നു യഹൂദജനങ്ങളോട് എത്ര കരുണാപൂർവ്വം ഞാൻ വർത്തിച്ചുവെന്നും എന്നിൽ വിശ്വസിപ്പാൻ ആവശ്യപ്പെടുന്നതിനു മുമ്പ് എന്റെ ദൈവത്വം ഞാൻ എങ്ങനെ തെളിയിച്ചുവെന്നും നിനക്കറിയാമല്ലോ.

വിശുദ്ധ കുർബ്ബാനയെപ്പററി ആദ്യമായി ഞാൻ പ്രസ്താവിച്ച അവസരത്തിൽ ചിലർ എന്നെ ഉപേക്ഷിക്കയുണ്ടായി. എന്തുകൊണ്ടെന്നാൽ എന്റെ പ്രസ്താവം കഠിനമെന്ന് അവൎക്കു തോന്നി. എന്നിട്ടും ഞാൻ അതിന്റെ ദാർഢ്യം ലഘൂപ്പെടുത്തുകയൊ പൂർവ്വാധികം വ്യക്തമാക്കുകയൊ ചെയ്തില്ല. അവർ എന്നെ ഉപേക്ഷിച്ചുകൊള്ളട്ടെയെന്നു മാത്രമെ ഞാൻ കരുതിയുള്ളു. സ്നേഹംനിമിത്തം സക്രാരിയിൽ വസിക്കത്തക്കവിധം എന്നെത്തന്നെ വിനീതാവസ്ഥയിൽ ലയിപ്പിക്കാൻ എനിക്കു സമ്മതമാണു്. എന്നാൽ എന്നെ അവിശ്വസിക്കുന്നവരോട് പ്രതിവാദം ചെയ്വാൻ ഞാനൊരുക്കമില്ല. വിശ്വസിക്കാൻ ഞാനുപദേശിക്കുന്നു; എന്തുകൊണ്ടെന്നാൽ ഉപദേഷ്ടാവായ ഞാൻ ദൈവമാകുന്നു.

നരകത്തെ സംബന്ധിച്ചും ഇപ്രകാരംതന്നെ. മനുഷ്യഗണത്തോടു നരകമുണ്ടെന്നു വിശ്വസിക്കുന്നതിനു ഞാനാവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അതു പ്രസ്താവിക്കുന്നതു് ഞാനാകുന്നു. അതു് എൻെറ നന്മക്കു വിരുദ്ധമെന്നു് ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അവരോടു് എനിക്കു പറവാനുള്ളതു് എൻെറ നന്മയെക്കുറിച്ചു് അവരേക്കാൾ കൂടുതലായി ഞാൻ ശ്രദ്ധാലുവായിരിക്കുന്നുവെന്നത്രെ.

ശ്രേഷ്ഠനാഥാ, നിൻെറ ദൈവത്വത്തെപ്പററിയുള്ള അവരുടെ തെററിദ്ധാരണയാൽ ഭയജനകമായ നരകാസ്തിക്യതത്വത്തെ നീ തന്നെ ഉപദേശിക്കുന്നതാണോ എന്നു സംശയിക്കുന്നവരും അല്ലെന്നു തീരുമാനിക്കുന്നവരും ചിലരുണ്ടു്. അവരെപ്പററി എന്തു പറയട്ടെ.

മകനെ, അപ്രകാരം തീരുമാനിക്കുന്നവരായി ചിലരുണ്ടെങ്കിൽ അതാരുടെ കുററം? ഞാനെന്തു ചെയ്യണമെന്നോ, ചെയ്യുമെന്നോ, ചെയ്‌വാൻ പാടുണ്ടെന്നോ, ഉള്ള ഒന്നിനെപ്പററിയല്ല, പ്രത്യുത, ഞാൻ ചെയ്തുകഴിഞ്ഞ ഒന്നിനെപ്പററിയാണു് ഈ വാദം നടക്കുന്നതു്. നരകമുണ്ടെന്നു ഞാൻ വ്യക്തമായി പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. മാനുഷികഭാഷയിൽ എത്രയും വ്യക്തമായ വാക്കുകളാലാണു ഞാൻ അതു് പ്രസ്താവിച്ചിട്ടുള്ളതു്. ഞാനതിനെ താദൃശവാക്കുകളിൽ പഠിപ്പിക്കുക മാത്രമല്ല അന്യാപദേശങ്ങളാലും പൂർവ്വസൂചനകളാലും സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

അവാസ്തവമായവയെ ഞാൻ പഠിപ്പിക്കുന്നുവെന്നു വിശ്വസിക്കുന്നവർ എന്നെ അനാദരിക്കയത്രെ ചെ

യ്യുന്നതു്. എൻെറ ഈദൃശപ്രസ്താവങ്ങൾ എൻെറ നന്മ ല്ലാ യോജിച്ചതല്ലായെന്നു കരുതുന്നവർ വാസ്തവത്തിൽ എന്നെത്തന്നെ അനാദരിക്കുന്നു. എൻെറ സത്യസന്ധതയോടു് അവൎക്കു യാതൊരു ബഹുമാനവും ഇല്ലാത്തതുപോലെ തോന്നുന്നു. എൻെറ നന്മയെപ്പററി അവർ വളരെ ജാഗരൂകരാണു്. എന്നാൽ എൻെറ ഉപദേശസത്യത്തെപ്പററി അവൎക്കു യാതൊരു ശ്രദ്ധയുമില്ല. നന്മപോലെതന്നെ സത്യവും എന്നിൽ പരിപൂൎണ്ണമായിരിക്കുന്നു. നരകമുണ്ടെന്നും അതു സനാതനമാണെന്നും ഞാൻ വ്യക്തമായി അനേകത്ര ആവൎത്തിച്ചു പ്രസ്താവിക്കുമ്പോൾ അങ്ങനെ വരാൻ പാടില്ലെന്നു ആരുതന്നെ ശഠിക്കട്ടെ, അതു ദൈവദൂഷണമാകുന്നു. എൻെറ നന്മയെ സ്ഥാപിക്കാൻ എൻെറ സത്യസന്ധതയെ അവർ ആക്രമിക്കയത്രെ ചെയ്യുന്നതു്; എൻെറ ദയയെ സ്ഥാപിക്കുന്നതിനുവേണ്ടി എന്നെ ഒരു മിഥ്യാവാദകൻ (privaricator) ആക്കുന്നതിനും അവർ മടിക്കുന്നില്ല.

എൻെറ കരുണയും നന്മയും സംരക്ഷിക്കപ്പെടേണ്ട ആവശ്യമില്ല. എൻെറ സ്നേഹത്തിൻെറ ലക്ഷ്യം അതിദാരുണമായ ഒരു പരിക്ഷണത്താൽ ഞാൻ കാണിച്ചുതന്നിട്ടുണ്ടു്. സൃഷ്ടിയിൽ നന്മയായിട്ടുള്ള എല്ലാക്രൂട്ടത്തിൻെറയും നാഥനും ദൈവവുമെന്നുള്ള നിലയിൽ ഞാൻ നന്മതന്നെയാകുന്നു. ആകയാൽ സ്വാഭാവികങ്ങളായ സൽഗുണങ്ങളും എന്നിൽനിന്നു ലഭിച്ചിട്ടുള്ള സൃഷ്ടികൾ എൻെറ നന്മയെ സംരക്ഷിക്കാൻ പ്രാപ്തമല്ല. എൻെറ നന്മയുടെ സംരക്ഷണമല്ല, വിശ്വാസമാകുന്നു ഞാൻ ആവശ്യപ്പെടുന്നതു്.

എൻെറ നന്മയെ സമത്ഥിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ എൻെറ വചനത്തെ സ്വീകരിക്കേണ്ടതു കത്തവ്യമാണ്. എന്തുകൊണ്ടെന്നാൽ ആ വചനം എൻെറതാകുന്നു. ഇതാകുന്നു വിശ്വാസത്തിൻെറ അടിസ്ഥാനം. നരകത്തിൻെറ ആസ്തിക്യം എൻെറ നന്മയ്ക്കു വിപരീതമാണോയെന്നു പരിശോധിക്കേണ്ടതല്ല ആവശ്യം, പ്രത്യുത, നരകമുണ്ടെന്നു ഞാൻ പറയുന്നതിനെ ആധാരമാക്കി അതിൽ വിശ്വസിക്കയത്രെ. എൻെറ സ്വഭാവധമ്മങ്ങളെ മനസ്സിലാക്കുന്നതിനൊ എൻെറ കല്പനകളെ വിമശിക്കുന്നതിനൊ ഞാൻ നിന്നോടാവശ്യപ്പെടുന്നില്ല; മറിച്ച് ഞാൻ നൽകിയ പ്രമാണങ്ങൾ ആദരിക്കണമെന്നും എന്നിൽ വിശ്വാസമുണ്ടായിരിക്കണമെന്നുമാകുന്നു എൻെറ നിർദ്ദേശം.

സ്നേഹിക്കപ്പെട്ട പിതാവേ, ഈ വിഷയത്തെപ്പററി ലളിതമായും സ്പഷ്ടമായും നീ എന്നോടു സംസാരിച്ചിട്ടുണ്ട്. നിൻെറ കല്പനകൾ നിൻെറ ആഗ്രഹാനുസാരം ഞങ്ങളുടെ നന്മയ്ക്ക് പയ്യാപ്തമാക്കിത്തീക്കമാറ് അവയെ സമാദരിക്കേണ്ടതു ഞങ്ങളുടെ കടമയാണെന്നുള്ളതും പരമാത്ഥമാണ്. എന്നാലും പിതാവേ, ഞങ്ങളുടെ അനുദിനജീവിതത്തിൽ വിരുദ്ധങ്ങളായ കായ്യങ്ങളെ അന്യോന്യം കൂട്ടിയിണക്കുന്നതിനു ഞങ്ങൾ ശ്രമിക്കുന്നു. ഈ ശ്രമത്തിൽ നരകത്തിൻെറ ആസ്തിക്യം നിൻെറ അനന്തനന്മയ്ക്കു വിപരീതമായിട്ടാണ് ഞങ്ങൾക്കു തോന്നിപ്പോകുന്നതു്.

എൻെറ മകനെ, ഞാൻ അനാദ്യന്തനും നിൻെറ ബുദ്ധിക്കു അത്യന്തം അതീതനുമാകുന്നു എന്നാലും എന്നെ

സംബന്ധിച്ച ഒരു കാര്യം ദുർഗ്രഹമല്ല, അതു എന്റെ വാഗ്ദാനത്തിന്റെ സ്ഥൈര്യമാകുന്നു. എന്റെ ദൗത്യം നിന്റെ ബുദ്ധിശക്തിയെ കവിഞ്ഞതായിരിക്കാം. എങ്കിലും അവയെ സ്വീകരിക്കുന്നതു് യുക്തിഹീനമാകയില്ല. എന്തുകൊണ്ടെന്നാൽ ദൈവമായ ഞാൻ വഞ്ചിക്കാനൊ വഞ്ചിക്കപ്പെടുവാനൊ പാടുള്ളവനല്ലല്ലോ. പരിമിതമായ സൃഷ്ടവസ്തുക്കളിൽത്തന്നെയും അനേകംകൂട്ടം നിന്റെ ഗ്രഹണശക്തിയെ കവിഞ്ഞവയായിട്ടുണ്ട്. അവയെല്ലാം യഥാതഥാ നിനക്കു സ്വീകാരാർഹമായിരിക്കെ അനന്ത സ്രഷ്ടാവായ എന്റെ വഴികളെ അംഗീകരിക്കുന്നതിൽ മാത്രം നീ സങ്കുചിതനാകുന്നതു മൗഢ്യമല്ലയോ?

നീ തന്നെയും നിനക്കൊരു രഹസ്യമാണ്. പുണ്യജീവിതം നീ വിലമതിക്കുന്നു. എന്നാൽ എത്രപ്രാവശ്യം അപ്രകാരം വിലമതിക്കപ്പെട്ട സുകൃതസമ്പത്തിയെ ഉപേക്ഷിച്ചു നീ ഗർഹ്യമായ തിന്മയെ ആശ്ലേശിച്ചു? നിന്നിൽത്തന്നെയുള്ള കാര്യങ്ങളെ പരസ്പരം കൂട്ടിയിണക്കിവെക്കാൻ നിനക്കു പ്രാപ്തിയില്ലാതിരിക്കെ സ്വർഗ്ഗം ഭൂമിക്കു് അതീതമായിരിക്കുന്നതുപോലെ നിന്റെ ബുദ്ധിക്കു് അത്യന്തം അജ്ഞേയമായ എന്റെ പ്രവൃത്തികളുടെ വൈധർമ്മ്യങ്ങൾ സമീകരിപ്പാൻ നീ ആഗ്രഹിക്കുന്നതു സാഹസമല്ലയൊ?

പ്രസ്തുത കാരണങ്ങളാൽ എന്റെ വചനത്തെ ബഹുമാനിക്കയും അതനുസരിച്ചു ജീവിക്കയും ചെയ്കയാണ് നിന്റെ ചുമതല. നീതിയും നന്മയും സർവ്വനീതിയുടെയും നന്മയുടെയും നാഥനായ എനിക്കു വിട്ടുതരിക. പാപം എത്ര ഭയങ്കരമെന്നു് ഗ്രഹിക്കാൻ നിനക്കു പ്രാ

പ്തിയില്ല. എന്തുകൊണ്ടെന്നാൽ പാപത്താൽ ഉപദ്രവിക്കപ്പെടുന്ന സൎവ്വശക്തനായ ദൈവത്തിൻെറ ശക്തിവൈഭവം നിനക്ക അപരിജ്ഞേയമാകുന്നു.

പാപത്തിൻെറ കാഠിന്യം മനസ്സിലായാൽ നരകത്തെപ്പററിയുള്ള രഹസ്യം മനസ്സിലാക്കാൻ നിനക്ക യാതൊരു വിഷമവും നേരിടുന്നതല്ല. പക്ഷെ, നീ എന്നെ അഭിമുഖമായി ദൎശിക്കുമ്പോൾ മാത്രം പാപത്തിൻെറ ബീഭത്സതയും അതിനുള്ള നിത്യശിക്ഷയുടെ നീതിയും നീ മനസ്സിലാക്കും. പാപത്തിൻെറ ഭവിഷ്യൽഫലങ്ങളിൽനിന്നു മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി ഞാൻ കുരിശിൽ ജീവനെ ബലിചെയ്തു. പാപത്തെക്കുറിച്ചല്ലാതെ മററെന്തിനുവേണ്ടിയാണ് ഞാനതിദാരുണമായ ആ പീഡകളെല്ലാം അനുഭവിച്ചതെന്നു നീ ചിന്തിക്കുക.

സന്മാൎഗ്ഗത്തിലേക്ക മനസ്സു തിരിക്കുവാനുള്ള എൻെറ പ്രചോദനങ്ങളെ അവസാനംവരെ എതിൎക്കുന്നവൎക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതത്രെ നരകം. അഥവാ, നിത്യത്വത്തെ ദൎശിക്കുകയും, ദൈവസ്നേഹം എന്നന്നേക്കും അനുഭവിക്കേണ്ടതൊ ഉപേക്ഷിക്കേണ്ടതൊ എന്നറിയുകയും ചെയ്തുകൊണ്ട് നമ്മെയ് ഉപേക്ഷിക്കുന്നതിൽ ബദ്ധകങ്കണനായി കാണപ്പെടുന്ന ആത്മാവിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാകുന്നു നരകം. പാപി നിത്യത്വം എപ്പോൾ സമീപിക്കുമെന്നറിയായ്കയാൽ ഭൂമിയിൽ ദൈവത്തെ ഉപേക്ഷിച്ചും സ്വൎഗ്ഗത്തിൽ അങ്ങെ സേവിച്ചും ജീവിക്കാമെന്നു സങ്കല്പിച്ചുകൊണ്ട് പാപമാൎഗ്ഗത്തിൽ തുടൎന്നു ചരിക്കുകയത്രെ ചെയ്യുന്നത്.

എന്നാൽ ഞാൻ നിസ്സാരനായി ഗണിക്കപ്പെടേണ്ടവനോ? എന്റെ പ്രമാണങ്ങൾ ലംഘിക്കുകയും സ്വന്തവ്യാപാരങ്ങൾക്കു ചോദിക്കുന്ന ഒരു പരമാധികാരി ഇല്ലാത്തതുപോലെ സങ്കല്പിച്ചു ജീവിക്കയും ചെയ്യുന്നവൻ അനുഗ്രഹങ്ങളെ ദുരുപയോഗിച്ചുകൊണ്ട് എന്റെ കല്പനകൾക്കെതിരായി സ്വന്തജീവിതം മലിനമാർഗ്ഗേണ തുടരുകയും ഒരിക്കലും പ്രതീക്ഷിക്കാത്ത അവസരത്തിൽ അവന്റെ ചരമം എത്തിച്ചേരുകയും ചെയ്യുന്നു. പശ്ചാത്തപിക്കുന്ന പാപിക്കു പാപമോചനം ഞാൻ വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിലും അനുതാപത്തിനു ഒരു അവസരം പ്രത്യേകം പറഞ്ഞൊത്തിട്ടില്ല. എന്റെ വഴികളും എന്റെ സമയവും എനിക്കു മാത്രമെ അറിഞ്ഞുകൂടു.

ആകയാൽ മകനെ, എന്റെ വഴിയെ സഞ്ചരിക്കുന്നതിനു നീ സദാ സന്നദ്ധനായി ജീവിതം നയിക്കുക. എന്നെ സ്നേഹിക്കുന്നവൎക്കു എന്നെ അനുസരിക്കുകയെന്നുള്ളതു് അത്യന്തം ആനന്ദാവഹമാകുന്നു. സ്നേഹം സ്നേഹത്തെ ഉല്പാദിപ്പിക്കുന്നെങ്കിൽ ഞാനെന്തുകൊണ്ടു സ്നേഹിക്കപ്പെടേണ്ടവനല്ല. നിന്നോടും സകല മനുഷ്യവൎഗ്ഗത്തോടും ഉള്ള എന്റെ സ്നേഹാധിക്യത്താലല്ലയൊ ഗാഗുൽത്തായിൽവച്ചു് അവമാനകരമായ കുരിശുമരണം ഞാൻ കയ്യേററതു്.

എന്നെ ശുശ്രൂഷിക്കുന്നതു പാപത്തിനു ദാസ്യപ്പെടുന്നതിനെക്കാൾ എളുപ്പമാകുന്നു. പാപി തന്നെത്തന്നെ അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കുന്നതായ ഒരു ചങ്ങല സ്വന്ത കണ്ഠത്തിൽ ബന്ധിക്കയത്രെ ചെയ്യുന്നതു്. മറിച്ചു എന്റെ സേവനമാകട്ടെ, സമാധാനപ്രദായ

കവും നിനക്കു പാരലൗകികശ്രേയസ്സുകൾക്ക് ഒന്നുപോലെ ഉപകരിക്കുന്നതുമത്രെ. ഐഹികപാരത്രികങ്ങളിൽ പലരെയും വഴിതെററിച്ചിട്ടുള്ളതായ കാപട്യമേറിയ ലോകത്തെ വിശ്വസിക്കുന്നതിനെക്കാൾ സത്യംതന്നെയായ എന്നെ വിശ്വസിക്കുന്നതാണ് നിനക്കു പ്രയോജനകരം. എൻെറ നായകത്വം നിൻെറ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായി നിനക്കു തോന്നിയേക്കാം. എന്നാൽ അതു നിത്യമായ നിൻെറ അഭ്യുന്നതിയെ ലക്ഷീകരിച്ചുള്ള സ്നേഹത്തിൻെറ ഒരു നിർബന്ധം മാത്രമാകുന്നു.

പിതാവേ, നിൻെറ വചനങ്ങൾ എന്നെ ആശ്വസിപ്പിക്കുന്നു. നിൻെറ വഴികൾ എത്ര വിജ്ഞാനപ്രദവും ന്യായപൂർവ്വകവും, വിശുദ്ധവുമാണെന്നു ഞാൻ മനസ്സിലാക്കി. ഈ ലോകം നാശകരമായ വഞ്ചനകളാൽ നിബിഡമായിരിക്കുന്നെന്നും അവയ്ക്കെതിരായി ശക്തിമത്തായ ഒരു പ്രതിരോധം അത്യാവശ്യമാണെന്നും എനിക്കു ബോധ്യംതന്നെ. നാനാഭാഗത്തുനിന്നും പ്രലോഭനങ്ങൾ നേരായമാർഗ്ഗത്തിൽനിന്നു വ്യതിചലിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നു. വിലക്കപ്പെട്ട വയലുകളിലേക്കു പ്രവേശിക്കുന്നതിനുള്ള നാനാവിധാകർഷ്യങ്ങളുടെ മദ്ധ്യേ, നിൻെറ ഭയങ്കരമായ വിധികളെക്കുറിച്ചുള്ള ഓർമ്മ ഞങ്ങളെ അല്പം തടയുകയും സ്വപ്രവൃത്തികളുടെ ഔചിത്യത്തെപ്പററി അല്പം ആലോചിക്കുന്നതിന് ഞങ്ങളെ നിർബന്ധിക്കുകയും ചെയ്യുന്നു. നിൻെറ വഴികളെ ഉപേക്ഷിച്ചു ഞങ്ങളുടെ സ്വന്തമാർഗ്ഗത്തിൽ യഥേഷ്ടം ചരിക്കുന്നതിനാണു ബലഹീനമായ സ്വഭാവം ഞങ്ങളെ അലട്ടുന്നതു്. എന്നാൽ ഞങ്ങൾ നിൻെറ പ്രവൃത്തിഫലങ്ങളും നീ ഞ

ങ്ങളെ സൃഷ്ടിച്ചവനുമാകയാൽ, ആജ്ഞാപിക്കേണ്ടതു നിന്റെ ചുമതലയും അനുസരിക്കേണ്ടതു ഞങ്ങളുടെ കടമയുമത്രെ. നീ ആജ്ഞാപിക്കുന്നതൊക്കെയും ഞങ്ങളുടെ നിത്യനന്മയ്ക്കു വേണ്ടവയാണെന്നു എനിക്കു നല്ലവണ്ണം അറിയാം. പിതാവേ, ജ്ഞാനത്തിന്റെ ആരംഭം ദൈവഭയമാണെന്നും, അതെ, ഞങ്ങളുടെ സ്രഷ്ടാവും രക്ഷകനുമായ നിന്നെ ഉപദ്രവിക്കുന്നതിലുള്ള ഒരു ദിവ്യഭയമാണെന്നും ഞാനറിയുന്നു. ഈ ദിവ്യഭയം സ്നേഹത്തിന്റെ ഉററമിത്രമാകുന്നതെങ്ങനെയെന്നും ഇപ്പോൾ എനിക്കു മനസ്സിലായി: എന്തുകൊണ്ടെന്നാൽ ഞങ്ങളെ സ്നേഹിക്കുന്നവരെ ഉപദ്രവിക്കാൻ ഞങ്ങൾ ഭയപ്പെടുന്നു.

മകനെ, എന്നെ സ്നേഹിക്കുന്നവർക്കു നരകത്തെക്കുറിച്ചുള്ള യാതൊരു ഭയവുമില്ല, പ്രത്യുത, വലിയ പ്രത്യാശയാണുള്ളത്. സ്വന്ത ബലഹീനതയെക്കുറിച്ചു പൂർണ്ണബോധം അവർക്കുണ്ട്. സ്വപ്രതിജ്ഞകളിൽ ദൃഢനിഷ്ഠയുണ്ടെങ്കിലും എന്റെ വഴിയെ നടക്കാൻ സ്വാശ്രയംകൊണ്ടുമാത്രം മതിയായിട്ടില്ലെന്നും അവരറിയുന്നു. അപ്പോഴാകുന്നു ആ ദിവ്യഭയം, അഥവാ, എന്റെ കല്പനകളോടുള്ള ഭക്തി അവരെ ശാന്തരാക്കുകയും, രക്ഷിക്കുകയും ചെയ്യുന്നത്. എന്റെ ദാസനായ ഇഗ്നാസിയോസ് ഇതു നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. "എന്റെ പിതാവെ, നിന്നോടുള്ള എന്റെ സ്നേഹം എപ്പോഴെങ്കിലും കുറയുകയും പാപത്തിനു ഞാൻ വശംഗതനാകയും ചെയ്യുന്നപക്ഷം നരകത്തെപ്പററിയുള്ള ഭയമെങ്കിലും നിന്നെ ഉപദ്രവിക്കുന്നതിൽനിന്ന് എന്നെ വിരമിപ്പിക്കാൻ ഇടയാക്കട്ടെ" എന്ന് അവൻ ഉദ്ഘോഷിച്ചിരുന്നു;

ഓരോരുത്തൻെറയും ജീവതകാലത്തിൽ ഒരിക്കലെല്ലെങ്കിൽ മറെറാരിക്കൽ വല്യതായ പ്രലോഭനം നേരിടാതിരിക്കുന്നില്ല. ആ ഭയങ്കരവിനാഴികയിൽ നരകത്തെപ്പററിയുള്ള ഭയമായിരിക്കാം ആശാപാശങ്ങളുടെ ശക്തിയെ തട്ടുക്കുന്നതിനുള്ള ഏകോപാധി. നരകത്തെക്കുറിച്ചുള്ള ഭയം ദൃഢമായി ഉണ്ടായിട്ടും എൻെറ കല്പനകളെ ലംഘിക്കുന്നതിനു മുതിരുന്നവരുണ്ടെങ്കിൽ ആ ഭയമില്ലാഞ്ഞാലുള്ള സ്ഥിതി എന്തായിരിക്കും?

ദൈവമെ, എൻെറ സ്വാനുഭവത്തിൽത്തന്നെ നീ പറയുന്നവയുടെ വാസ്തവം ഞാൻ കണ്ടെത്തുന്നുണ്ട്. നിനക്കു തരാൻ കഴിയുന്ന സർവസാഹായ്യങ്ങളും എനിക്കൊഴിച്ചുക്രൂടാത്തവയാകുന്നു. എൻെറയും പാപത്തിൻെറയും മദ്ധ്യേ നരകമെന്നുള്ള പ്രതിബന്ധം നീ കല്പിച്ചുവെച്ചതിനാൽ ഞാൻ നിന്നോടു കൃതജ്ഞനായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ നിന്നെ ഉപദ്രവിക്കുന്നതു് സർവ്വനാശങ്ങളെക്കാളും എനിക്ക് അത്യധികം ഭയജനകമാകുന്നു.

മകനെ, ഞാൻ പറയുന്നതു് നന്നായി നീ മനസ്സിലാക്കുന്നുവെന്ന് നിൻെറ വാക്കുകൾ തെളിയിക്കുന്നു. എന്നെ ഉപദ്രവിക്കുന്നതു് സർവതിന്മകളെയും അതിക്രമിച്ച തിന്മയാണെന്നു നീ പറയുന്നതു വാസ്തവംതന്നെ. എന്നെ ഉപദ്രവിക്കുന്നതിൽനിന്നു മനുഷ്യനെ വിരമിപ്പിക്കുന്നതിനാണ് നരകം അതിൻെറ ഭയങ്കരസ്ഥിതിയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. നരകത്തിൻെറ യഥാർത്ഥസ്ഥിതി മനസ്സിലാക്കിയാൽ അതോടുക്രൂടി തൽസ്രഷ്ടാവിൻെറ ജ്ഞാനവും നിനക്കു മനസ്സിലാകും. വിശുദ്ധന്മാർ നരക

ത്തെപ്പററി ചിന്തിക്കപോലും ചെയ്യുകയില്ല. മററുഗുണ വാന്മാരായ മനുഷ്യരും അപ്രകാരംതന്നെ. അവർ എന്നെ സ്നേഹിക്കുന്നതു് സ്നേഹം നിമിത്തമാകുന്നു. എന്നാൽ സ്നേഹത്തിൻെറ യാചനകൾക്കു ബധിരകണ്ണരായ പലരുണ്ടു്. അവരെയാണ് നരകഭയം പാപങ്ങളിൽനിന്നു വിരമിപ്പിക്കുന്നതു്. നരകഭയത്താൽ മാത്രം ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ചേൎക്കപ്പെട്ട നിരവധി ആത്മാവുകൾ ഉണ്ടു്. നരകമില്ലാതിരുന്നെങ്കിൽ ആ ആത്മാവുകൾ സ്വൎഗ്ഗരാജ്യത്തിൽ എന്നെന്നേക്കുമായി എന്നെ വാഴ്ത്തി സ്തുതിക്കുന്നതിന് എങ്ങനെ യോഗ്യരാകുമായിരുന്നു?

മകനെ, എൻെറ സൃഷ്ടികളുടെ കാൎയ്യത്തിൽ എനിക്കുള്ള ശ്രദ്ധ എത്രമാത്രമെന്നു നിനക്കറിയാമല്ലോ. അവരുടെ രക്ഷയ്ക്കുവേണ്ടി ഞാൻ ചെയ്തിട്ടുള്ളവയെല്ലാം അവരോടുള്ള എൻെറ സ്നേഹത്തിൻെറയും അവരുടെ അഭ്യുദയത്തിൽ എനിക്കുള്ള അഭിവാഞ്ഛയുടെയും പ്രദാനങ്ങളത്രെ. നിൻെറ കാൎയ്യം നീ ആലോചിച്ചുനോക്കുക; ബാക്കിയുള്ളവ എനിക്കു വിട്ടുതരിക. വിധിദിവസത്തിൽ എൻെറ വഴികളെപ്പററിയല്ലായിരിക്കും ഞാൻ നിന്നോടു ചോദിക്കുന്നതു്, പ്രത്യുത, നിൻെറ ജീവിതത്തെപ്പററി മാത്രം. മററുള്ളവരുടെ കാൎയ്യത്തിലുള്ള നിൻെറ ജാഗരൂകത ഞാൻ ഇഷ്ടപ്പെടുന്നുവെങ്കിലും എൻെറ പ്രമാണങ്ങളെപ്പററി അന്യരുമായി വാദപ്രതിവാദങ്ങൾ നടത്തുന്നതിനെക്കാൾ എന്നെ അറിയുന്നതിനും എന്നെ സ്നേഹിക്കുന്നതിനും അവരെ സൽപ്രവൃത്തികളാൽ സമാ

കഷ്ടിക്കുമാറ് നിൻെറ സൌഹാർദ്ദം പ്രദശിപ്പിക്കണമെ ന്നേ ഞാനാഗ്രഹിക്കുന്നുള്ളു.

സ്നേഹഭാജനമായ പിതാവെ, നിൻെറ വചന ങ്ങൾ എൻെറ ഹൃദയത്തിൽ തുളച്ചുകയറുന്നു. സ്രഷ്ടാവി നെ വിധിക്കുന്ന സൃഷ്ടിയുടെ മൌഢ്യത്തെ ഞാൻ നന്നാ യി മനസ്സിലാക്കി. ഇനിമേലിൽ എൻെറ പ്രധാനശ്രദ്ധ നിൻെറ വഴികളെപ്പററിയല്ല, പ്രത്യുത, എൻെറ വഴിക ളിലായിരിക്കും.

പ്രിയപ്പെട്ട മകനെ, വിധി എൻെറതാകുന്നു. ലോകത്തിൻെറ സംരക്ഷണം തൽസ്രഷ്ടാവായ എനിക്കു വിട്ടുതരിക. എൻെറ സൃഷ്ടികൾ എനിക്കു കീഴടങ്ങുന്നി ല്ലെങ്കിൽ, അഥവാ എൻെറ പ്രമാണങ്ങളെ അവർ ലംഘി ക്കുന്നെങ്കിൽ, അല്ലെങ്കിൽ എന്നെവിട്ട് അവർ ശത്രുപ ക്ഷത്തിൽ ചേരുന്നെങ്കിൽ, അക്കൂട്ടരെ വിധിക്കേണ്ട ഭാരം സവ്വജ്ഞനായ എൻെറതത്രെ. മനുഷ്യരോടുള്ള എൻെറ പെരുമാററങ്ങളിൽ നീതിസ്ഥാപകനായ ഞാൻനീതിപൂ വ്വമാകുന്നു വത്തിക്കുന്നതെന്നു നീ വിശ്വസിക്കുക.

എന്നോടുകൂടിയല്ലാത്തവൻ എനിക്കെതിരായിരി ക്കുന്നുവെന്ന് ഞാൻ മുക്തകണ്ഠം പ്രസ്താവിച്ചിട്ടുണ്ട്. ഭൂമി യിൽവച്ച് നീ എൻെറ പക്ഷത്തുചേരുന്നുവെങ്കിൽ സ്വ ഗ്ഗത്തിലും നീ എൻെറ പാശ്വത്തുതന്നെയായിരിക്കും. ഇ വിടെ, നീ എന്നെ ഉപേക്ഷിക്കുന്നെങ്കിൽ നിത്യതയിൽ നിനക്ക് എന്നോടു യാതൊരു ബന്ധവുമുണ്ടായിരിക്ക

യില്ല. നിന്റെ നിത്യത്വം സ്വര്‍ഗ്ഗത്തിലൊ നരകത്തിലൊ ആക്കിത്തീക്കുന്നതു നീ തന്നെ.

പിതാവെ, ശ്രേഷ്ഠനാഥാ, എന്നേയ്ക്കും നീ എന്റേതായിരിക്കുന്നതിനുവേണ്ടി ഇപ്പോൾ നിന്റെ അനുഗ്രഹത്താൽ ഇവിടെവച്ചു ഞാൻ നിന്റേതായിക്കൊള്ളാം.



## അദ്ധ്യായം 4

# പ്രലോഭനങ്ങൾ

പിതാവെ, എനിക്കു നേരിടുന്ന പ്രലോഭനങ്ങളാൽ ഞാൻ വല്ലാതെ വിഷമിക്കയും ചിലപ്പോൾ നിരാശാഭരിതനായിത്തീരുകയും ചെയ്യുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും പാപത്തെപ്പററിയുള്ള ഓർമ്മതന്നെ ഞാൻ വെറുക്കുന്നുവെന്നും നിനക്കറിയാമല്ലോ. എന്നാലും ഞാൻ നിരസിക്കുന്നതും നിന്നെ ഉപദ്രവിക്കുന്നതിനു കാരണമാകുമെന്നു എനിക്കറിയാവുന്നതുമായ വസ്തുക്കളിലേക്ക് പിന്നെയും ഞാൻ ആകർഷിക്കപ്പെട്ടുപോകുന്നു.

എൻെറ മകനെ, ഇതേപ്പററി നീ പരിഭ്രമിക്കേണ്ട. പ്രലോഭനം ആകർഷണീയമല്ലെങ്കിൽ അതു് പ്രലോഭനമായിരിക്കയില്ല. തിളയ്ക്കുന്നവെള്ളം കുടിക്കുന്നതിനൊ, തീച്ചൂളയിൽ കൈകൾ പതിക്കുന്നതിനൊ, പാദരക്ഷകൂടാതെ മണലിൽ നടക്കുന്നതിനൊ നീ നിർബന്ധിക്കപ്പെടുന്നില്ല. ഭോഗയോഗ്യമെന്ന ഒരു ഭാവത്തോടുകൂടിയാണ് പ്രലോഭനം നിന്നെ വഞ്ചിക്കുന്നതു്. നിൻെറ ഏതെങ്കിലും വാസനാഗതിയെ സഫലീകരിപ്പാനുള്ള ഒരാഗ്രഹം അതു നിന്നിൽ അങ്കുരിപ്പിക്കുന്നു.

പ്രസ്തുത ആഗ്രഹം നിൻെറ ആശാപാശങ്ങളുടെ ശക്തി പൂർവ്വാധികം ഉണർത്തുന്നു. ഇഷ്ടമില്ലാത്തതിലേക്ക് നീ ആകർഷിക്കപ്പെടുന്നില്ല. പ്രത്യുത, നീ ഇച്ഛരിക്കുന്നതിലേക്കാകുന്നു പ്രലോഭനത്തിൻെറ പ്രേരണം. ആകയാ

ലാണ് ആകൎഷണീയമായ ഒരവസ്ഥ ഇല്ലായിരുന്നെങ്കിൽ അതു പ്രലോഭനമാകയില്ലെന്നു ഞാൻ പറഞ്ഞതു്.

എന്നാൽ ദൈവമെ, നിനക്കനിഷ്ടമായവ നിന്നെ സ്നേഹിക്കുന്നവൎക്കിഷ്ടമായിത്തോന്നുന്നതെങ്ങനെ?

മകനെ, ഏതെങ്കിലും ഒരു പ്രലോഭനം നിനക്കു നേരിടുമ്പോൾ രണ്ടു സംഗതികൾ വേൎതിരിക്കേണ്ടതുണ്ടു്; ഒന്നു് ആ പ്രലോഭനം, മറേറതു് ആ പ്രലോഭനത്തിന് അനുകൂലമായ സാഹചര്യങ്ങൾ. സൃഷ്ടവസ്തുക്കളിൽ നിനക്കു ഹൃദ്യമായ യാതൊന്നും പ്രലോഭനത്തിൻെറ ആകൎഷണം കൊണ്ടുമാത്രം അനിഷ്ടകരമായിഭവിക്കുന്നില്ല. നിന്നെയും മററു സകല വസ്തുക്കളെയും സൃഷ്ടിച്ചതു് ഞാനാകുന്നു. നിൻെറ സ്വഭാവം അതിൻെറ സൎവവാസനകളോടുംകൂടി നിനക്കു തന്നിരിക്കുന്നതും ഞാനത്രെ. ഞാൻ ആജ്ഞാപിക്കുന്നതുപോലെ പ്രലോഭനത്തെ നീ ഉപയോഗിക്കുന്നെങ്കിൽ അതുകൊണ്ടു് പ്രത്യേകപ്രയോജനം എനിക്കുണ്ടു്. മറിച്ചു്, എൻെറ അഭിലാഷത്തിനെതിരായി നീ അതിനെ വിനിയോഗിക്കുന്നപക്ഷം ആയതു് എനിക്കു് അനിഷ്ടവും തൻമൂലം പാപകരവുമായിത്തീരുന്നു. മകനെ, ഇന്ദ്രിയങ്ങൾക്കു് ആനന്ദകരമായിത്തോന്നുന്ന ആകൎഷണീയതയല്ല പാപകരമായിത്തിരുന്നതു്; പ്രത്യുത, ന്യായമല്ലാത്ത സാഹചര്യങ്ങളിൽ അവയുടെ ഉപയോഗമാകുന്നു.

പിതാവെ, നീ വിശദമായിട്ടാണു് ഉപദേശിക്കുന്നതെങ്കിലും അവിടുന്നു വെറുക്കുന്ന വസ്തുക്കളിലേക്കു് ഞങ്ങൾ ഹഠാദാകൎഷിക്കപ്പെടുന്നതെങ്ങനെയെന്നു് ഇനിയും എനിക്കു നല്ലവണ്ണം മനസ്സിലായിട്ടില്ല, എന്നോടു ക്ഷമിക്കണമെ.

മകനെ, ഏതെങ്കിലും ഒരു വസ്തു നിന്നെ ആകർഷിക്കുന്നുവെങ്കിൽ അതു ചില സാമാന്യസാഹചര്യങ്ങളിൽ നല്ലതും സമുചിതവും; പ്രത്യുത, ഇതരസാഹചര്യങ്ങളിൽ അനുചിതമായ ഏതെങ്കിലും പ്രവൃത്തിചെയ്യുന്നതിനൊ, ഏതെങ്കിലും വസ്തു കൈവശമാക്കുന്നതിനൊ പ്രേരകമായിട്ടുള്ളതും ആയിരിക്കും. എന്റെ പരമനിയമങ്ങളാണു സാഹചര്യങ്ങളുടെ ഗുണദോഷം നിർണ്ണയിക്കുന്നത്. എന്നാൽ പ്രലോഭനമാകട്ടെ എന്റെ മനസ്സിനു വിപരീതമായി പ്രവർത്തിക്കുന്നതിന് നിന്നെ പ്രോത്സാഹിപ്പിക്കുന്നു.

ആകയാൽ ഒരു വസ്തുവിന്റെ സ്വാഭാവികമായ ആകർഷണീയതയിലൊ, അതിന്റെ അനുഭവത്തിൽ നിന്നുണ്ടാകുന്ന ആനന്ദത്തിലൊ അല്ല; പ്രത്യുത, ഞാൻ നിരോധിക്കുന്നതായ ചില സാഹചര്യങ്ങളിൽ നീ ആ വസ്തു ഉപയോഗിക്കുകയൊ അനുഭവിക്കുകയൊ ചെയ്യുന്നതിലാണ് പ്രലോഭനത്തിന്റെ തെററ് അന്തർഭവിച്ചിരിക്കുന്നത്. മററു വിധം പറഞ്ഞാൽ, ഞാൻ സ്രഷ്ടാവും നാഥനും നീ എന്റെ പ്രജയുമാകുന്നു. നീ എന്റെ ഇഷ്ടമാകുന്നു നിറവേററേണ്ടത്, മറിച്ച് നിന്റെ ഇഷ്ടമല്ല. വിലക്കപ്പെട്ട വസ്തുവിലൊ പ്രവൃത്തിയിലൊ യാതൊരു ആകർഷണീയതയുമില്ലെങ്കിൽ നിന്റെ അനുസരണപരീക്ഷണം അതു മുഖേന സാദ്ധ്യമാകുന്നതല്ല.

ലോകത്തിലുള്ള ഏതൊരു സൃഷ്ടവസ്തുവും തനതവസ്ഥയിൽ ആലോചിച്ചു നോക്കിയാൽ നല്ലതുതന്നെ. ചിലവസ്തുക്കൾ ചീത്തയാണെന്നു പറയപ്പെടുന്നതു് അവയുടെ ഉപയോഗഫലം തിന്മയായതുകൊണ്ടാണ്. മരണഹേതുകമായ മഹാവിഷവും ഭയങ്കരനാശകരമായ ഏ

തൊരു പാനീയവും സ്വന്താവസ്ഥകളിൽ നിർദ്ദോഷങ്ങളാണ്. വൈദ്യന്റെ നിർദ്ദേശമനുസരിച്ചു പ്രയോഗിച്ചാൽ രോഗശമനം വരുത്തുന്ന ഒരു ഔഷധം പ്രസ്തുത നിർദ്ദേശത്തിനെതിരായി പ്രയോഗിച്ചാൽ ആപൽക്കരമായിത്തീരുന്നു. മദ്യപാനികൾക്കുണ്ടാവുന്ന ആപത്ത് തന്നതവസ്ഥയിൽ നല്ലതായ ഒരു പദാർത്ഥം ദുരുപയോഗപ്പെടുത്തുന്നതിൽ നിന്നത്രെ ഉദ്ഭൂതമാകുന്നത്. മോഷ്ടിക്കപ്പെട്ട ദ്രവ്യം നീചമാകുന്നു. എന്നാൽ ആ ദ്രവ്യം മര്യാദപ്രകാരം സമ്പാദിച്ചിട്ടുള്ളതായാൽ നല്ലതുമാണ്. ഒരുത്തൻ തന്റെ ഭാര്യയുടെനേരെ പ്രദർശിപ്പിക്കുന്ന സ്നേഹം ആദരണീയമത്രെ. എന്നാൽ ആ സ്നേഹം മറെറാരുത്തന്റെ ഭാര്യയോടായാൽ കുററകരമായിത്തീരുന്നു. ആകയാൽ ഒരു വസ്തുവിന്റെ സ്വകീയഗുണത്തിലൊ ദോഷത്തിലൊ അല്ല പ്രലോഭനത്തിന്റെ രഹസ്യം സ്ഥിതിചെയ്യുന്നതെന്നു ഗ്രഹിക്കാം, പ്രത്യുത, ഒരു വസ്തു ക്രമത്തിലധികമായൊ തെററായ വഴിയിൽക്കൂടിയോ, അനുവദിക്കപ്പെടാത്ത കാലത്തോ ഉപയോഗിക്കുന്നതിന് മനുഷ്യനെ നിർബന്ധിക്കുന്ന തങ്കകർഷണീയതയിലാണു് പ്രലോഭനത്തിന്റെ സർവരഹസ്യവും മറഞ്ഞിരിക്കുന്നതു്. പറുദീസായിലെ വിലക്കപ്പെട്ട പഴം മററുപഴങ്ങൾപോലെതന്നെ നല്ലതായിരുന്നു. എന്നാൽ അതു് പറിച്ചുകൂടായെന്നുള്ള എന്റെ കല്പനയാണ് ആദത്തിനും ഹവ്വായിക്കും ആയതു നാശഹേതുകമാക്കിത്തീർത്തു്. സ്രഷ്ടാവായ ദൈവം ഞാനാകുന്നു. അതിനാൽ ഞാൻ സൃഷ്ടിച്ചിട്ടുള്ള വസ്തു എങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിക്കേണ്ട ചുമതല എന്റേതത്രെ.

ലോകത്തിലുള്ള സർവവസ്തുക്കളും എന്നാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയും നല്ലവയുംതന്നെ നിന്നെ ആകർഷിക്കുന്നതിൽ ചില വസ്തുക്കൾക്കുള്ള വൈശിഷ്ട്യവും അവയ്ക്കു പ്രദാനം ചെയ്തതു ഞാനാണ്. ചില ആഗ്രഹങ്ങളുടെ നിവൃത്തിക്ക് സ്വാഭാവികമായ നിന്റെ വാസനകൾ ചില പ്രത്യേകോദ്ദേശത്തോടുകൂടി ഞാൻ നിനക്കു നൽകിട്ടുള്ളവയാകുന്നു ഞാൻ ആഗ്രഹിക്കുന്നതുപോലെയും, ഞാൻ ആജ്ഞാപിക്കുന്നതുപോലെയും നീ അവയെ ഉപയോഗിക്കുന്നെങ്കിൽ അതെല്ലാം എന്റെ പ്രതാപത്തിനും നിന്റെ അഭ്യുന്നതിക്കും ഉപകരിക്കും. മിച്ച് എന്റെ പ്രമാണങ്ങൾക്കെതിരായി അവ നീ വിനിയോഗിക്കുമ്പോൾ എന്നെ നീ അതൃപ്തനാക്കുകയാണു ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ നീ എനിക്കു കീഴ്വഴക്കമുള്ളവനല്ലെന്നും, പ്രത്യുത, സ്വേച്ഛയാണ് നിന്റെ പ്രമാണമെന്നും ഈദൃശപ്രവൃത്തികൾ പ്രത്യക്ഷീകരിക്കുന്നു.

എന്നാൽ പിതാവെ, നീ തന്നെയും പറയുന്നതുപോലെ വിലക്കപ്പെട്ട ഈ വസ്തുക്കൾ ഞങ്ങളെ ശക്തിമത്തായി ആകർഷിക്കുന്നെങ്കിൽ അവയുടെ പ്രചോദനത്തിനു വഴിപ്പെടാതിരിക്കാൻ എങ്ങനെ കഴിയും?

മകനെ, പ്രസ്തുത വസ്തുക്കൾ നിന്നെ ആകർഷിക്കുന്നുവെന്നുള്ളതു വാസ്തവമാണ്; എന്നാൽ എന്നെ ഓർത്ത് അവയിൽ നിന്നു പിൻമാറുന്നതിനു നിനക്കു കഴിയുമല്ലോ. പാപത്താലുള്ള ആനന്ദത്തിൽ നിന്നും നീ വിമുക്തനാണെന്ന് അതിൽനിന്നു സിദ്ധിക്കുന്നില്ല, പ്രത്യുത, താദൃശസന്തോഷത്തെ വകവെക്കാതെ അതിനെ നീ ഉപയോഗിക്കുകയാണു ചെയ്യുന്നത്. ദേഹാരോഗ്യത്തെ

ഉദ്ദേശിച്ച് രുചികരമായ പല പദാത്ഥങ്ങളും നീ ഉപേക്ഷിക്കുന്നില്ലെ. അതുപോലെ ആത്മരക്ഷയെ ഉദ്ദേശിച്ച് ഞാൻ നിർദ്ദേശിക്കുന്ന ചില പദാത്ഥങ്ങൾ നീയുപേക്ഷിച്ചേ കഴിയൂ.

പിതാവെ, എന്നെ അസ്വസ്ഥനാക്കുന്ന കാൎയ്യം ഇതുതന്നെ. നിനക്കു വെറുപ്പുള്ള കാൎയ്യങ്ങളിലാണോ ഞാൻ സന്തോഷം കണ്ടെത്തുന്നതെന്നു ശങ്കിക്കുന്നു. അപ്രകാരം ചെയ്യുന്നതുനിമിത്തം സർവവസ്തുക്കളെക്കാളും ഞാൻ അത്യധികം സ്നേഹിക്കേണ്ട നിന്നെ ദ്വേഷിക്കയോ ണൊ ചെയ്യുന്നതെന്നു ഭയപ്പെടുന്നു.

എൻെറ മകനെ, നീ മനസാ സമ്മതിക്കാതെ എന്നെ ഉപദ്രവിക്കുന്നതിന് ഒരിക്കലും കഴിയുന്നതല്ല. ഒരു വസ്തുവിനോടൊ, പ്രവൃത്തിയോടൊ അനുബന്ധിച്ചുള്ള ആനന്ദത്തിലല്ല പാപമടങ്ങിയിരിക്കുന്നതെന്നും, പ്രത്യുത, എൻെറ പ്രമാണങ്ങൾക്കു വിരോധമായി അവ കൊണ്ടു നിന്നെ തൃപ്തിപ്പെടുത്തുന്നതിനുള്ള സ്വാഭിലാഷത്തിലാണ് പാപം സ്ഥിതിചെയ്യുന്നതെന്നും നീ ധരിക്കുക. മാംസം നല്ലതാണ്, എന്നാൽ മുടക്കപ്പെട്ട ഒരു ദിവസം അതു ഭക്ഷിച്ചാൽ പാപം സംഭവിക്കുന്നു. ഞാൻ വിലക്കിയിരുന്ന വൃക്ഷത്തിൻെറ പഴം ഭക്ഷിച്ചതിനാൽ അതു പാപമായിത്തീൎന്നു വസ്തുവിനോടനുബന്ധിച്ചുള്ള ആകർഷണീയത ധൎമ്മമാൎഗ്ഗത്തിൽനിന്നു വ്യതിചലിച്ച് സന്തോഷപ്രദായകമായ വഴിയെ വ്യാപരിക്കുന്നതിനു മനുഷ്യരെ ഉൽസുകരാക്കുന്നു.

നിൻെറ വികാരങ്ങൾ നിനക്കു പാപഹേതുക്കളല്ല, പ്രത്യുത, നിൻെറ മനസ്സിൻെറ സമ്മതത്തിലാണ്

പാപം ഉത്ഭവിക്കുന്നു്. നിന്നിലുദിച്ചുയരുന്ന വികാരങ്ങളെ തടയുന്നതിനു നിനക്കു കഴികയില്ല; മറിച്ചു് അവയെ നിയന്ത്രിക്കുന്നതിനു നിനക്കു കഴിയും. കോപശീലനും ക്ഷമാശാലിയും ആയ രണ്ടുപേർ തമ്മിലുള്ള വ്യത്യാസം ആദ്യത്തെ ആളുടെ ഉഗ്രമായ മനഃസ്ഥിതിയിലൊ, അപരൻെറ മൃദുലമനോഭാവത്തിലൊ അല്ല, പ്രത്യുത, കോപിഷ്ഠൻ സ്വവികാരങ്ങളെ നിയന്ത്രിക്കാതെ ക്ഷോഭത്തിനധീനനാകുന്നതിലും ക്ഷമാശീലൻ അവയെ സ്വശക്തിക്കധീനമാക്കുന്നതിലും അത്രെ അന്തർഭവിച്ചിരിക്കുന്നതു്. നിൻെറ ആശാപാശപരമ്പരകളെ നിയന്ത്രിക്കുന്നതിനും എല്ലാപ്രലോഭനങ്ങളെയും എതിക്കുന്നതിനും മനശ്ശക്തികൊണ്ടു നിനക്കു കഴിയും; എന്തുകൊണ്ടെന്നാൽ യാതൊരുത്തനും സ്വശക്തിയിൽ കവിഞ്ഞവിധം പരീക്ഷിക്കപ്പെടുന്നില്ല.

പിതാവെ, ഭാവനാശക്തിയുടെ പ്രലോഭനങ്ങളെപ്പോലെയുള്ള ഏതാനും പ്രലോഭനങ്ങൾ മനുഷ്യർക്കു സഹജങ്ങളത്രെ. അവ ഞങ്ങളുടെ ശരീരത്തിൻെറ ഒരു അംശംതന്നെയൊ എന്നു തോന്നിപ്പോകുന്നു. ഞങ്ങളറിയാതെതന്നെ അവ ഞങ്ങളെ അമർത്തുകയും യാദൃച്ഛികമായി ഞങ്ങൾക്കു സന്തോഷത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

മകനെ, ആവക അനുഭവങ്ങൾ പാപമാകുന്നില്ല. മനഃപൂർവ്വം ചെയ്യാത്ത കുററങ്ങൾക്കു് നീ ഉത്തരവാദിയല്ല. നിനക്കുളവാകുന്ന സന്തോഷത്തിൻെറ സ്വഭാവം മനസ്സിലാക്കുമ്പോൾ അതു വർജ്ജ്യമെങ്കിൽ അതിനെയുപേക്ഷിക്കുക; എന്നാൽ നീ യാതൊരു പാപവും

ചെയ്യുന്നില്ല, എന്നു മാത്രമല്ല, വലിയ പുണ്യയോഗ്യത സമ്പാദിക്കുകകൂടി ചെയ്യുന്നു.

പിതാവെ, എനിക്കുള്ള വലിയ ഭയം അതിനെക്കുറിച്ചുതന്നെയാണ്. അതെ, വികാരപരമായ ചില പ്രലോഭനങ്ങളുടെ സ്വഭാവത്തെ ഞാൻ മനസ്സിലാക്കുന്നതിനു മുമ്പുതന്നെ അതിൽ സന്തോഷമനുഭവിക്കുന്നതിനിടയാകത്തക്കവിധം അത്ര ഗാഢമായി അവ എൻെറ സ്വഭാവത്തോടനുബന്ധിക്കപ്പെട്ടിരിക്കുന്നു.

മകനെ, ഈദൃശസന്ദർഭങ്ങളിൽ നീയെന്നെ വെറുപ്പിക്കുന്നില്ല. പ്രലോഭനത്തിൻെറ സ്വഭാവം മനസ്സിലാക്കിയശേഷം നീയതിനു പ്രവേശനം അനുവദിക്കുന്നെങ്കിൽ മാത്രമേ പാപമാകയുള്ളൂ. പ്രലോഭനത്തെ ജയിക്കാൻ നീ അല്പയത്നമെങ്കിലും ചെയ്യുന്നെങ്കിൽ അതിൻെറ സമസ്വഭാവതയെ (Congeniality) അവഗണിച്ചും നിനക്കിഷ്ടകരമാണെന്നുള്ള വസ്തുത വകവെക്കാതെയും എന്നെക്കുറിച്ച് നീ അതിനെയുപേക്ഷിക്കുന്നുവെന്നു തെളിവാകുന്നു.

പ്രലോഭനത്തോടു സമരം ചെയ്യുമ്പോൾ നിന്നോടുതന്നെയാണ് നീയെതിർക്കുന്നത്. ഒരു ശത്രുവിനോടു പോരാടുന്നതു വിഷമം; എന്നാൽ നിന്നോടുതന്നെ പോരാടുന്നതു മഹാ വിഷമം; ഈ സമരത്തിനിടയ്ക്ക് നേരിട്ടേക്കാവുന്ന മുറിവുകളൊക്കെയും നിൻെറ മേൽതന്നെയാണു നീ വരുത്തിക്കൂട്ടുന്നത്. തീവ്രമായി ഇച്ഛിക്കുന്നതിനെ തീരെത്തള്ളി ഉപേക്ഷിക്കുകയത്രെ അപ്പോൾ നീ ചെയ്യുന്നത്. ഇതിനാലാകുന്നു പ്രലോഭനം അധികനേരം ദീർഘിക്കുന്നപക്ഷം നീയതിനു കീഴടങ്ങിയെന്നു നിനക്കു

തോന്നിപ്പോകുന്നത്. എന്നാൽ വാസ്തവം മറിച്ചാണ്. പ്രലോഭനത്തിൻെറ ഉഗ്രതയും അതിൻെറ ദൈർഘ്യവും നിൻെറ ശത്രുവിൻെറ ശക്തിയെ മാത്രമേ തെളിയിക്കുന്നുള്ളു. നീ കീഴടങ്ങാത്തപക്ഷം സമരത്തിൻെറ ദൈർഘ്യവും കാഠിന്യവും നിന്നെ അസ്വസ്ഥനാക്കുന്നില്ല; പോരാ, ആ ഘട്ടത്തിൽ ഒരു ഘോരസമരത്തിലേർപ്പെട്ടു ശക്തിക്കനുയോജ്യമായവിധം അന്ത്യംവരെ ധീരധീരംപോരാടി തൻെറ വിശ്വസ്തതയും ഭക്തിയും പ്രകടിപ്പിച്ചു കൃതാൎത്ഥതയടയുന്ന ഒരു പടയാളിക്കു തുല്യനാണു നീ.

ചില അവസരങ്ങളിൽ കഠിനമായും ഇടവിടാതെയും നീ പരീക്ഷിക്കപ്പെടുന്നതിനു ഞാനനുവദിക്കുന്നു; എന്നാൽ നിൻെറ വിജയത്തിൽ പിശാചിനെ എളിമപ്പെടുത്തുന്നതിനാണ് ഞാനപ്രകാരം നിശ്ചയിക്കുന്നത്. സ്വാഹങ്കാരത്തിൻെറ ആധിക്യത്താലാണ് അവൻ നിന്നോടു പോരാടുന്നത്; എന്നാൽ ഞാൻ അവനെതിരാളിയായി നിന്നെപ്പോലെ ബലഹീനമായ ഒരു സൃഷ്ടിയെ നിറുത്തുകയും നിൻെറ വിജയത്താൽ അവൻെറ വീരവാദത്തിനു തക്ക ഒരു മറുപടി നൽകുകയും ചെയ്യുന്നു.

ആകയാൽ പ്രലോഭനത്തിൻെറ ആധിക്യത്തിലൊ അതിൻെറ ശക്തിയിലൊ, ശാഠ്യത്തിലൊ നീ പരിഭ്രമിക്കേണ്ടതില്ല. പിശാചിൻെറ നിരാശയെയാണ് അവ പ്രകടമാക്കുന്നത്. അവസാനം നിൻെറമേൽ വിജയം നേടാമെന്നുള്ള ആശനിമിത്തം അവൻ നിന്നെയാക്രമിക്കുന്നു. എന്നാൽ നീ അവയ്ക്കു വഴിപ്പെടാതിരുന്നാൽ മാത്രംമതി. ഇതിൽക്കൂടുതലൊന്നും അവന് നിന്നോടുചെയ്‌വാൻ സാധിക്കയില്ല.

എന്നാൽ പിതാവെ, ശത്രുവിനോടുള്ള എന്റെ ഘോരയുദ്ധത്തിൽ കുറെയെല്ലാം ഞാൻ അവനു കീഴ്പെട്ടുപോകുന്നില്ലയൊയെന്നു ഭയപ്പെടുന്നു. ഇക്കാരണത്താൽ ഞാൻ വീണ്ടും അസ്വസ്ഥചിത്തനായിത്തീർന്നിരിക്കയാണ്.

മകനെ, എനിക്കു വിദ്വേഷം വരുത്തിയേക്കുമോ എന്നുള്ള നിന്റെ ഭയം നീ കീഴടങ്ങിയിട്ടില്ലെന്നുള്ളതിനു ത്തമലക്ഷ്യമാണ്. എന്നെ വെറുപ്പിക്കുന്നതിലുള്ള ഭയം എത്രനാൾ നിനക്കുണ്ടോ അത്രയുംകാലം സുസ്ഥിരമായ വഴിയിൽക്കൂടിത്തന്നെ നീ ചരിക്കുന്നു. പൂർണ്ണസമ്മതത്തോടുകൂടിയല്ലാതെ എന്നെ വെറുപ്പിക്കുന്നതിനൊരിക്കലും നിനക്കു കഴിയുന്നതല്ല. പൂർണ്ണമായ അറിവോടും മനസ്സമ്മതത്തോടുംകൂടിയുള്ള പ്രമാണലംഘനമാകുന്നു പാപം. പ്രലോഭനവേളയിൽ പൂർണ്ണജ്ഞാനത്തോടെ നിന്നെത്തന്നെ യതിനു വിധേയനാക്കുന്നില്ലെങ്കിൽ നീ യാതൊരുപാപവും ചെയ്യുന്നില്ല, നിശ്ചയം.

ഞാൻ ക്രൂരനായ ഒരു യജമാനനല്ല പ്രത്യുത, കരുണാനിധിയായ പിതാവത്രെ. ഞാൻ സർവ്വപ്രധാനമായി ആവശ്യപ്പെടുന്നത് നിന്റെ മനസ്സാണ്. മനസ്സാകാതെ എനിക്കു വിരോധം പ്രവർത്തിക്കാൻ നിനക്കു കഴിവില്ല. പത്തുലക്ഷം പ്രലോഭനങ്ങൾ ഒരൊററ പാപത്തോടു തുല്യമായിത്തീരുന്നില്ല— ഇതു നിശ്ചയംതന്നെ. ഏതെങ്കിലും ഒരു പ്രവൃത്തിയുടെ യഥാർത്ഥസ്വഭാവം ചീത്തയാണെന്നു നിനക്കറിവുണ്ടായിരിക്കയും ആ പ്രവൃത്തിക്കു നീ വശംഗതനാകയും ചെയ്യുമ്പോൾ മാത്രമേ പാപംചെയ്തുവെന്നു ഭയപ്പെടേണ്ടതുള്ളൂ. ഭാവനാശക്തി വഴിയായി നിന്നെ ശല്യപ്പെടുത്തുന്ന ചില പ്രലോഭനങ്ങളുണ്ട്. നിന്റെ സ

കല്പശക്തിയെ കൈവശപ്പെടുത്തുന്നതിനും തദ്വാരാ നിന്റെ മനശ്ശക്തിയെ വശീകരിക്കുന്നതിനുമായി സാത്താൻ പഠിച്ച ഉപായങ്ങളെല്ലാം നിന്റെ ബലക്ഷയത്തോടു സഹകരിച്ചു ഉപയോഗപ്പെടുത്തുന്നു. നിന്റെ സങ്കല്പശക്തിയുടെയും ഇന്ദ്രിയങ്ങളുടെയുംമേൽ പരമാധികാരം നിനക്കില്ല. അവയുടെമേൽ വന്നുവീഴുന്ന വിഭാവനകളെ പുരസ്കരിച്ച് അവ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു.

നിന്റെ മനശ്ശക്തിയെ കൈവശപ്പെടുത്തുന്നതിനായി ഇന്ദ്രിയങ്ങളുടെയും ഭാവനാശക്തിയുടെയും നേരെയാണ് പ്രധാനമായി സാത്താൻ ആക്രമണം നടത്തുന്നതു്. എന്നാൽ കോട്ടയുടെ അധിപതി നീയല്ലാതെ മററാരുമല്ല. മനശ്ശക്തിയാകുന്ന കോട്ട സ്വമനസാ ശത്രുവിനു നീ തുറന്നുകൊടുക്കാത്തപക്ഷം ഇന്ദ്രിയങ്ങളുടെമേലും ഭാവനാശക്തിയുടെമേലും അവൻ എന്തുതന്നെ പ്രവത്തിച്ചാലും അതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുന്നതല്ല.

പിതാവെ, ചിലപ്പോൾ എന്റെ ഭാവനാശക്തി മാലിന്യത്തിന്റെ ആസ്ഥാനമായിത്തീരുന്നു. അശുദ്ധവും ഭയജനകവുമായ സങ്കല്പങ്ങളാണ് അപ്പോൾ അതിൽ കുടികൊള്ളുന്നതു്. നിശ്ചയമായി ഇവ നിന്നെ വെറുപ്പിക്കുന്നവയായിരിക്കും.

മകനെ, പാപകരമെന്നറിഞ്ഞു് അത്തരം പ്രലോഭനങ്ങളെ തള്ളിയകററുന്നതിനു നിനക്കു ശക്തിയുണ്ടായിരുന്നിട്ടും സമ്മതം നൽകി അവയെ നീ സ്വീകരിക്കുന്നുവെങ്കിൽ അപ്പോൾമാത്രം അവ പാപമായിത്തീരുന്നതാണ്. അന്യഥാ നിന്റെ വികാരങ്ങൾ എന്തുതന്നെയായിരുന്നാ

ലും സാരമില്ല, അവ എനിക്ക് അനിഷ്ടകരമായിപ്പരിണമി ക്കുന്നില്ല.

പിതാവെ, ചിലപ്പോൾ അവ ഉപേക്ഷിക്കുന്നതിനെനിക്കു സാദ്ധ്യമല്ല—ഒരു നനഞ്ഞവസ്ത്രംപോലെ അവ എന്നിൽ പററിപ്പിടിക്കുകയും നിഴൽകണക്കെ എന്നെ അനുഗമിക്കയും ചെയ്യുന്നു.

മകനെ, അവയെ ഉപേക്ഷിക്കുന്നതിനു നീ ശ്രമിക്കുന്നകാലത്തോളം നീ യാതൊരു പാപത്തിലും ഉൾപ്പെടുന്നില്ല. എളിമയ്ക്കും യോഗ്യതയ്ക്കുംവേണ്ടി ഭയങ്കരമാംവണ്ണം നീ പരീക്ഷിക്കപ്പെടുന്നതിനും പീഡിപ്പിക്കപ്പെടുന്നതിനും ഞാനനുവദിച്ചേക്കാം; എന്നാൽ അവയോടു പോരാടുന്നതായാൽ നീ യാതൊരു പാപത്തിനും ഉത്തരവാദിയല്ല. നീ വിസമ്മതിക്കുമ്പോൾ നിന്നെ കീഴടക്കുന്നതിനു പിശാചിനു സാധിക്കയില്ലതന്നെ.

എൻെറ നല്ലപിതാവെ, പിശാചിനോടുള്ള യുദ്ധത്തിൽ ചിലപ്പോഴെല്ലാം എൻെറ മനസ്സ് അവനു കീഴടങ്ങിയില്ലയോയെന്നും, എന്നാൽ കഴിയുംവിധം സമരം നടത്തിയിട്ടുണ്ടോയെന്നും എനിക്കു സംശയം തോന്നിപ്പോകാറുണ്ട്.

മകനെ, താദൃശവികാരങ്ങളെ നീ ദൂരെയകററുക. വീണ്ടും യുദ്ധം തുടരുന്നതിനു നിന്നെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി പിശാചുപയോഗിക്കുന്ന ഒരു സൂത്രമാകുന്നു അത്. എന്നെ വെറുപ്പിച്ചുപോയെന്നുള്ള നിൻെറസംശയം, അഥവാ ഭയം നീ അപ്രകാരം ചെയ്തിട്ടില്ലെന്നുള്ളതിന് ഉത്തമലക്ഷ്യമത്രെ.

ആക്രമണത്തിന്നിടയ്ക്കു് ഒരു യോദ്ധാവ് വ്യൂഹം വിട്ട് അങ്ങുമിങ്ങും ചുററിയോടിയെന്നുവരാം. എന്നാൽ ശത്രുവിനു കീഴടങ്ങണമെന്നുള്ള ഉദ്ദേശത്താലല്ല അപ്രകാരം ചെയ്യുന്നതു്, പ്രത്യുത, സമരത്തിൻെറ ശക്തിനിമിത്തമാകുന്നു. ഇപ്രകാരംതന്നെ പ്രലോഭനവേളയിൽ അതിൻെറ അസഹനീയമായ ശക്തിനിമിത്തം പിശാചിൻെറ മർദ്ദനങ്ങളേററു സ്തംഭിച്ചുനിന്നുപോയെന്നു വന്നേക്കാമെങ്കിലും വീണ്ടും സമരം തുടരുന്നതിനു നീ ബദ്ധശ്രദ്ധനായിക്കാണപ്പെടുന്നപക്ഷം നിൻെറ വിശ്വസ്തതയ്ക്കു യാതൊരു മാലിന്യവും നീ വരുത്തിയെന്നു കരുതാനില്ല.

നീ ശ്രദ്ധയില്ലാത്തവനൊ അലസനൊ ആകട്ടെയെന്നു കരുതിയല്ല ഞാനിതൊക്കെ പറയുന്നതു്; പ്രത്യുത, സർവശക്തികളുമുപയോഗിച്ചു് പിശാചിനോടു പോരാടിയാലും അവൻെറ ക്രൂരമർദ്ദനത്താൽ നീ വിറയ്ക്കുന്നതിനു പോലും ഇടവരാമെന്നും എന്നാൽ അതെപ്പററി നീ അസ്വസ്ഥചിത്തനായിത്തീരേണ്ടതില്ലെന്നും നിന്നെ മനസ്സിലാക്കുന്നതിലേക്കായിട്ടാണ്. സഹായത്തിനായി എന്നോടു നീ അപേക്ഷിക്കുകയൊ, നിൻെറ വിചാരഗതിയെ മറെറാന്നിലേക്കു തിരിക്കുകയൊ ചെയ്യുന്ന പക്ഷം പ്രലോഭനം എത്ര ദീർഘവും കഠിനവുമായാലും അതു പാപമാകയില്ല. ഏതെങ്കിലുമൊരു പ്രവൃത്തി പാപമാണെന്നു നിനക്കറിയാമായിരിക്കെ അതു ചെയ്യുന്നുവെങ്കിൽ മാത്രമേ നീ പാപത്തിലകപ്പെടുകയുള്ളൂ.

പിതാവെ, അതുതന്നെയാകുന്നു പലപ്പോഴും എന്നെ അലട്ടുന്നതു്. പ്രലോഭനാവസരത്തിൽ പെട്ടെന്നു നിൻെറനേരെ തിരിഞ്ഞു സഹായം പ്രാർത്ഥിക്കയൊ ദുർവ്വിചാ

രത്തെ അകററുന്നതിനു ശ്രമിക്കയൊ ഞാൻ ചെയ്യുന്ന ണ്ടായെന്നു ഭയപ്പെടുന്നു.

മകനെ, ഞാൻ സ്നേഹാകരമായ നിൻെറ പിതാവാണെന്ന് ആവർത്തിച്ചു പറയുന്നു. നിന്നെഭയപ്പെടുത്താൻ ശ്രമിക്കുന്ന ഒരു കിരാതനല്ല ഞാൻ. നീയറിയുന്നതിലും അധികമായി നിന്നെ ഞാനറിയുന്നു. ചില പ്രലോഭനങ്ങൾ സ്വഭാവേനതന്നെ നിൻെറ ശരീരപ്രകൃതിക്ക് അനുയോജിക്കുന്നു. താദൃശസാഹചര്യങ്ങളിൽ നിൻെറ നീചമായ ഭാവനാശക്തിയുടെ സ്ഥൈര്യം നീ പരാജിതനാകുന്നുവെന്നോ, പരീക്ഷയെ അകററുവാൻ ശ്രമിക്കുന്നില്ലെന്നൊ തെളിയിക്കുന്നില്ല.

ചില മഹാസിദ്ധന്മാർ ദീർഘകാലം തുടർച്ചയായി ദുർവ്വികാരങ്ങളാൽ പീഡിതരായിട്ടുണ്ട്. അവർ ധീരന്മാരായ പടയാളികളാണെന്നു തെളിയിക്കയത്രെ അതു ചെയ്യുതു്. കീഴടക്കാമെന്നു നിശ്ചയമുള്ളവരെയല്ല, പ്രത്യുത, കീഴടക്കാൻ പ്രയാസമെന്നു തോന്നുന്നവരെയാണ് അതിദാരുണമായി പിശാചാക്രമിക്കുന്നതു്. പരീക്ഷകളുടെ കാലദൈർഘ്യത്തെയൊ അവയുടെ ശക്തിയെയൊകുറിച്ചു നീ ഭയപ്പെടേണ്ട. എനിക്കു വിരോധമായി യാതൊന്നും പ്രവർത്തിക്കുന്നതല്ലെന്നുള്ള ദൃഢനിശ്ചയം എത്രനാൾ നിൻെറ ഹൃദയത്തിൽ കുടികൊള്ളുമൊ അത്രനാളും നീ വാത്സല്യഭാജനമായ എൻെറ പുത്രനായിപ്പരിഗണിക്കപ്പെടുന്നതാണ്.

ഹാ! പിതാവെ, കഠിനമായ ചില പ്രലോഭനങ്ങളുടെ മദ്ധ്യെ എനിക്കു വളരെ ബലഹീനത സംഭവിച്ചു

തായി തോന്നിപ്പോകുന്നുവല്ലോ. നിന്നെ അനിഷ്ടപ്പെടുത്തി യേക്കുമെന്നുള്ള ആശങ്കയെപ്പോലും വെറുക്കുന്നവനായ ഞാൻ ചിലപ്പോൾ പ്രലോഭനങ്ങൾക്കു സങ്കേതം നൽകു ന്നുവെന്നും സംശയിക്കാറുണ്ട്.

മകനെ, പാപത്തെ പാപമാണെന്നറിഞ്ഞു് മനഃ പൂർവ്വം അതിനു വഴിപ്പെട്ടാൽ മാത്രമേ നീ ഖേദിക്കേണ്ടതു ള്ളു. ചില സംഗതികളെപ്പററി ചിന്തിച്ചുകൊണ്ടിരിക്കു ന്നതു പാപമാണെന്നു ഞാൻ പ്രസ്താവിച്ചാൽ അതിന്റെ അർത്ഥം പൂർണ്ണബോധത്തോടുകൂടി നിന്റെ മനസ്സിനെ ആ വക ചിന്തകൾക്കു വഴിപ്പെടുത്തിക്കൊടുക്കരുതെന്നു മാത്ര മാകുന്നു.

പിതാവെ, ബാഹ്യകാര്യങ്ങളിൽ നിന്നോട് എ തിൎത്തു പിഴയ്ക്കുന്നതിനേക്കാൾ മരിക്കയാണു നല്ലതെന്നെ നിക്കു തോന്നാറുണ്ട്. എന്നാൽ വിചാരപരമായ പാപ ങ്ങളുടെ കാര്യമിതുപോലെയല്ല. ഞാനറിയാതെ തന്നെ ആവക വിചാരങ്ങളിൽ ചെന്നകപ്പെട്ടുപോകുന്നു. ഈ സംഗതികളിൽ ശത്രുവിന്റെ ഇംഗിതങ്ങൾക്കു ഞാൻ വി ധേയനായിത്തീരുന്നില്ലയോയെന്നത്രെ എന്റെ ഭയം.

മകനെ, ഒരു യോദ്ധാവ് ശത്രുവിന്റെ തന്ത്ര ത്തിൽ അകപ്പെട്ടുവെന്നു വിചാരിച്ച് ഭയപ്പെടുകയൊ, എന്തുചെയ്യണമെന്നറിയാതെ പരിഭ്രമിക്കയൊ ചെയ്തു വെന്നു കണ്ട് അയാൾ ആ ശത്രുവിനു കീഴടങ്ങിയെന്നനു മിച്ചുകൂടാ. സ്വബോധത്തോടെ നീ പിശാചിനു കീഴട ങ്ങാത്ത പക്ഷം പാപത്തിലുൾപ്പെട്ടുമെന്നു ശങ്കിക്കേണ്ട. ഈ വസ്തുത നന്നായി മനസ്സിലാക്കുക.

എൻെറ ദൈവമേ, എന്നെ വല്ലാതെ വിഷമി പ്പിച്ചിരുന്ന ഈ തത്വം നീ വ്യക്തമായി എന്നെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. എൻെറ പൂൎണ്ണമായ അറിവോടു കൂടിയല്ലാതെ പാപം ചെയ്‌വാൻ കഴിയുന്നതല്ലെന്നു എനിക്കു ബോദ്ധ്യമായി. പിതാവെ, നീ അനുഗ്രഹിക്കുന്നപക്ഷം ഞാൻ മേലിൽ ഒരിക്കലും പാപത്തിലകപ്പെടുന്നതല്ല. ഇപ്പോൾ ഞാൻ ശാന്തചിത്തനായിത്തീൎന്നിരിക്കുന്നു എന്തുകൊണ്ടെന്നാൽ ഞാൻ ഹൃദയപൂർവ്വം സഹകരിക്കാത്തപക്ഷം യാതൊരു പ്രലോഭനത്തിനും എന്നെ പരാഭൂതനാക്കാൻ കഴിയുന്നതല്ല. മേലിൽ പ്രലോഭനത്തിൻെറ ഉഗ്രതയൊ, അതിൻെറ സ്ഥിരതയൊ എൻെറ ഹൃദയസമാധാനത്തെ ഭഞ്ജിക്കുന്നതല്ല.

മകനെ, കുരിശിൻെറ ഒരു വിശ്വസ്തഭടനെപ്പോലെയാണ് നീയിപ്പോൾ സംഭാഷിക്കുന്നതു്. ഒരു യോദ്ധാവെന്ന നിലയിൽ നീ യുദ്ധത്തിലേർപ്പെട്ടിരിക്കയാണ്. നിൻെറ ശത്രുക്കൾ അനവധി; അവരുടെ ക്രൂരത അവൎണ്ണനീയം; ആകയാൽ എന്നെ ഉപദ്രവിക്കാമെന്നുള്ള ആശയാൽ തിന്മയുടെ സകല ശക്തികൾകൊണ്ടും നിനക്കെതിരായി യുദ്ധം നടത്തുന്ന പിശാചിൻെറ ചില തന്ത്രങ്ങളെയും ഉപായങ്ങളെയും കൂടി ഞാൻ നിനക്കു വെളിപ്പെടുത്താം.

പിതാവെ, അരുളിച്ചെയ്ക. നിൻെറ ഉപദേശം എനിക്കത്യന്താപേക്ഷിതമാണ്. ബദ്ധശത്രുവായ പിശാചിൻെറ ആക്രമണങ്ങൾ സദാ എന്നെ പീഡിപ്പിക്കുന്നു.

മകനെ, സാത്താൻ അതിസമത്ഥനായ സേനാധിപനാണെന്നു നീയറിയണം. എന്നാൽ അതുകൊണ്ടു നീ അധൈൎയ്യപ്പെടരുതു്. വിശ്വാസമാകുന്ന ആയുധമുള്ളപ്പോൾ നീ അവൻെറ നേതാവാകുന്നു. അവനോടു പോരാടുന്നതിന്ന് നീ സന്നദ്ധനാകുന്നെങ്കിൽ ശത്രുവിൻെറ തന്ത്രങ്ങൾ അറിഞ്ഞിരിക്കേണ്ടതത്രെ.

അവൻ നിന്നെ ആക്രമിക്കുന്നതിനെപ്പററി അത്ഭുതപ്പെടേണ്ട. പൈശാചികമാത്സൎയ്യം നിമിത്തം അവനു നഷ്ടപ്പെട്ട സ്വൎഗ്ഗീയപ്രതാപത്തിൻെറ അവകാശി നീയാണ്. അവൻെറ ആക്രമണത്തിന്ന് വിധേയമല്ലാത്ത യാതൊരു പരിശുദ്ധ സ്ഥലമൊ, യാതൊരു വിശുദ്ധ തൊഴിലൊ ഇല്ല. മരുഭൂമിയിൽവെച്ചു ഞാൻ നടത്തിയ നാല്പതു ദിവസത്തെ ഉപവാസത്തിനും പ്രാത്ഥനയ്ക്കും ശേഷം അവൻ എന്നെപ്പോലും പരീക്ഷിച്ചു. നീ പ്രാത്ഥനയിൽ നിരതനായിരിക്കുമ്പോഴൊ, പൂജ സന്ദശിക്കുന്ന അവസരത്തിലൊ, സ്നേഹപരമായ പ്രവൃത്തികൾ ചെയ്യുമ്പോഴൊ അവൻ നിന്നെ സമീപിക്കുന്നുവെങ്കിൽ ആശ്ചൎയ്യപ്പെടുന്നതെന്തിന്?

നീ സദാ ജാഗരൂകനായിരിക്കണം. എൻെറ സഹായം അവലംബിച്ച് ആപത്തിൽചെന്നു ചാടുന്നവരുണ്ടു്. ഉണന്നിരുന്നു പ്രാത്ഥിക്കുന്നവരാണ് എൻെറ സഹായവും അനുഗ്രഹവും സഫലമാക്കുന്നതു്; പ്രത്യുത, ക്രൂസൽക്കൂടാതെ തങ്ങളെത്തന്നെ ശത്രുവിനു കയ്യാളിക്കുന്നവരല്ല.

സാത്താൻ ബഹുധാ നൈപുണ്യവും ഉപായവും തികഞ്ഞവനാകുന്നു. സ്വന്ത പതാകയ്ക്കു കീഴ്പ്പെടുത്തണ

മെന്നാഗ്രഹിക്കുന്നവരെ അവൻ നന്നായി പഠിക്കതന്നെ ചെയ്യുന്ന ഒരു സേനാധിപനെപ്പോലെ ശത്രുവിൻെറ ബലശൂന്യമായ ഭാഗങ്ങളെ അവൻ കണ്ടുപിടിക്കയും സ്വകീയമായ സർവ്വശക്തികളും പ്രയോഗിച്ച് ആ ഭാഗങ്ങൾ ആക്രമിക്കയും ചെയ്യുന്നു. ഓരോരുത്തനും എന്തെങ്കിലും ദൗർബല്യം ഇല്ലാതിരിക്കയില്ല. തൻെറ ബലക്ഷയം എന്തിലാണെന്നു പരിശോധിച്ചറിയുകയും അതിനു പ്രതിവിധി ചെയ്കയും ചെയ്യുന്നവൻ ബുദ്ധിമാനാകുന്നു. നിൻെറ ബലക്കുറവിനാലൊ വ്യാമോഹങ്ങളാലൊ ആകുന്നു സാത്താൻ നിന്നെ അധീനപ്പെടുത്താൻ ശ്രമിക്കുന്നത്.

നിന്നിൽ വൎദ്ധിച്ചിരിക്കുന്ന വ്യാമോഹമെന്തെന്നറിഞ്ഞ് അതിനെ അടിമപ്പെടുത്തിയാൽ നീ സുരക്ഷിതനായി. എല്ലാമനുഷ്യൎക്കും അവനവൻെറ സകല തെററുകൾക്കും നാരായവേരായ ഒരു വ്യാമോഹമുണ്ടായിരിക്കും അത് ഓരോരുത്തനിലും വ്യത്യസ്തവുമായിരിക്കുന്നതാണ്. തന്നിമിത്തമാണ് എൻെറ ശിഷ്യനായിരിക്കാനാഗ്രഹിക്കുന്നവൻ അവനെത്തന്നെ പരിത്യജിക്കട്ടെയെന്നു ഞാൻ ഉപന്യസിച്ചത്. നിന്നിൽ പ്രബലപ്പെട്ടിരിക്കുന്ന വ്യാമോഹത്തിൻെറ ക്രമാതീതമായ പ്രേരണകൾ നീ പരിത്യജിക്കണം. അല്ലാത്തപക്ഷം അതു നിന്നെ നാശഗത്തത്തിലേക്കാനയിക്കുന്നതാണ്. പ്രബലമായ നിൻെറ വ്യാമോഹത്തിലാണു സാത്താൻ പ്രത്യാശ കണ്ടെത്തുന്നത്. ആകയാൽ ആ വ്യാമോഹത്തെ നീ കീഴമൎത്തുന്നപക്ഷം സാത്താൻ നിരാശാഭരിതനായി പിന്തിരിഞ്ഞുകൊള്ളും.

ചിലൎക്ക് ധനസമ്പാദനത്തിലാണ് പ്രബലമായ വ്യാമോഹം. അതിൻെറ മോഹനവൎണ്ണത്താൽ എത്രപേരെ സാത്താൻ നിത്യനാശത്തിനു പാത്രമാക്കിത്തീൎത്തിരിക്കുന്നു. സ്രഷ്ടാവും നാഥനുമായ എന്നെ ഉപേക്ഷിച്ച് സ്വൎണ്ണതൎണ്ണകത്തെ അവർ ആരാധിക്കുന്നു.

മററുചിലരിൽ ബഹുമാനത്തിനുള്ള അഭിവാഞ്ഛയാണ് പ്രബലീഭൂതമായിക്കാണപ്പെടുന്ന വ്യാമോഹം. സ്ഥാനവലിപ്പത്തെപ്പററിയുള്ള ചിന്തയിലാണ് അവർ സദാ വ്യാപൃതരായിരിക്കുന്നതു്. സ്വൎണ്ണത്തെപ്പോലെതന്നെ ബഹുമതികളും അവയുടെ സ്വന്തസ്ഥിതിയിൽ നല്ലതാണ്. പക്ഷെ ആത്മനാശത്തെ തൃണവൽഗണിച്ച് താദൃശബഹുമാനങ്ങൾക്കായി പ്രേരണം ചെയ്യുന്ന വ്യാമോഹം അക്കൂട്ടരെ ഒടുവിൽ വഞ്ചിക്കുന്നു. മാനത്തിനുവേണ്ടി എത്രപേരാണു സ്വന്തം ആത്മാവുകളെ സാത്താനു വിററതെന്നുള്ളതിനു കണക്കില്ല. സമുദായത്തിൽ ഗണ്യമായ ഒരു നിലയൊ, രാഷ്ട്രീയകാൎയ്യങ്ങളിൽ പ്രശംസാൎഹമായ സ്ഥാനമൊ അഭിമാനഹേതുകമായ മറേറതെങ്കിലുമധികാരമൊ കരസ്ഥമാക്കുന്നതിനായി എത്രമാത്രം ആളുകൾ അവരുടെ ശാശ്വതമായ പൂൎവസ്വത്തു ബലികഴിക്കുന്നു!

ഇനി വേറെ ചിലരുണ്ട്. ധനമൊ, ബഹുമതികളൊ അവരത്ര കാൎയ്യമായി കരുതുന്നില്ല. ആ വകക്കാരുടെ ശ്രദ്ധമുഴുവൻ സുഖഭോഗലാഭങ്ങളിലേക്കാണു തിരിച്ചിരിക്കുന്നതു്. ഭോഗലോലുപന്മാരായി ജീവിതം കഴിച്ചുകൂട്ടണമെന്നുള്ളതാണവരുടെ പ്രധാനമായ ആഗ്രഹം. താദൃശാനന്ദത്തിനുവേണ്ടി കൎത്തവ്യങ്ങളെ ഉപേക്ഷിക്കുന്നതി

നൊ എൻെറ കല്പനകളെ ലംഘിക്കുന്നതിനൊ, സ്വന്തം ഹൃദയസമാധാനത്തെത്തന്നെ ബലികഴിക്കുന്നതിനൊ അവൎക്കു യാതൊരു ക്ലേശവുമില്ല. അവർ സാത്താൻെറ അടിമകളായി വൎത്തിക്കുന്നു. കാമാസക്തിയൊ, ദുർവ്യയമൊ, വിനോദമൊ, എന്തുതന്നെ ആയിരുന്നാലും മൎയ്യാദയെ അവഗണിച്ചും ക്രമാതീതമായും അതിൽ ലയിക്കുന്നതിന് അവൎക്കുള്ള ഉത്സാഹം ഒന്നുവേറെതന്നെ. അത്തരക്കാരെക്കൊണ്ടെന്തു ചെയ്യിക്കുന്നതിനും സാത്താനു സാദ്ധ്യമത്രെ.

പിതാവെ, നീ പറയുന്നതിൻെറ യാഥാൎത്ഥ്യം ഞാൻ നന്നായി ഗ്രഹിക്കുന്നു. എന്നാൽ നിൻെറ ശത്രുവിന് ഞങ്ങളുടെമേൽ ഇത്രമാത്രം സ്വാതന്ത്ര്യം നീയനുവദിക്കുന്നതെങ്ങനെ? ചിലപ്പോഴെല്ലാം അവൻെറ അഭിലാഷാനുസാരം പ്രവൎത്തിക്കുന്നതിനുള്ള പ്രേരണ അപ്രതിഹതമായിത്തീരുന്നു.

എൻെറ മകനെ, നിൻെറ യുദ്ധരംഗം ഇക്കാൎയ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. ജീവിതം സ്വൎഗ്ഗപ്രാപ്തിക്കുവേണ്ടിയുള്ള യുദ്ധമാണെന്നു നിനക്കറിയാമല്ലോ. ജീവിതത്തിൽ ക്ഷണഭംഗുരങ്ങളായ ചില കാൎയ്യങ്ങളുടെ പ്രാപ്തിക്കായി സ്വന്തഗതി വേണ്ടവിധം നിയന്ത്രിക്കാൻ മനുഷ്യനു കഴിയുമെങ്കിൽ അനശ്വരവും നിത്യവുമായ പ്രതാപത്തിൻെറ സമ്പാദനാർത്ഥം തങ്ങളെത്തന്നെ പരിത്യജിക്കാൻ മനുഷ്യർ എത്രയും ബദ്ധശ്രദ്ധരായിരിക്കേണ്ടതാണ്.

ചിലർ ധനസമ്പാദനത്തിനായി എന്തു ത്യാഗവും കൈവരിക്കുന്നതിനു സന്നദ്ധരാണ്. എന്നാൽ അത്ര ബദ്ധപ്പെട്ടു കൈവശപ്പെടുത്തുന്ന ധനം മുഴുവനും ഒരിക്കൽ ഒന്നാകെ ഉപേക്ഷിക്കേണ്ടിവരുന്നു. നിസ്സാരമായ ഏതെങ്കിലും സ്ഥാനത്തിനായി, അതുതന്നെയും സ്വന്തദുരിതങ്ങളെ വർദ്ധിപ്പിക്കുവാൻ കാരണമാകുന്ന ഒരു പദവിക്കായി പ്രശംസാകാംക്ഷിയായ മനുഷ്യൻ അവന്റെ ആരോഗ്യവും ഹൃദയസമാധാനവും, എന്നുവേണ്ട സ്വാധീനത്തിൽപ്പെട്ട എന്തുതന്നെയും ബലികഴിക്കുന്നതിനു സന്നദ്ധനായി കാണപ്പെടുന്നു.

വാസ്തവം ഇങ്ങനെയാണെങ്കിൽ എന്നോടും എന്റെ പതാകയോടും വിശ്വസ്തനായിരിക്കുന്നപക്ഷം നിനക്കു കരസ്ഥമാക്കാവുന്ന ദിവ്യനിക്ഷേപമായ സ്വർഗ്ഗീയാനന്ദത്തെ അനുഭവവേദ്യമാക്കുന്നതിലേക്കായി അനാശാസ്യമായ വാസനകൾ എന്തുകൊണ്ടു നീ നിയന്ത്രിക്കുന്നില്ല.

ദൈവമെ, സദാ നിന്നിൽ വിശ്വസ്തനായിരിക്കാനുള്ള അനുഗ്രഹം എനിക്കു നീ തരിക. നിന്നെ അനുഗമിക്കുമാറ് എന്റെ വ്യാമോഹങ്ങളെ നിയന്ത്രിക്കണമെങ്കിൽ നിന്റെ സഹായവും നന്മയുമെനിക്കുണ്ടാകണമെന്നു ഞാനറിയുന്നു. എന്റെ പ്രബലമായ വ്യാമോഹത്തെ കഴിയുന്നത്ര നിയന്ത്രിക്കുന്നതിനും തദ്വാരാ സാത്താന് എന്റെമേൽ യാതൊരു പിടിയും കൊടുക്കാതിരിക്കുന്നതിനും ഞാൻ ദൃഢനിശ്ചയം ചെയ്യുന്നു.

മകനെ, എല്ലാ വിശുദ്ധന്മാരും അപ്രകാരമാണു പ്രവർത്തിച്ചിട്ടുള്ളത്. തൻമൂലമാണ് അവർ വിശുദ്ധന്മാ

രുടെ പട്ടികയിൽ സ്ഥലം സമ്പാദിച്ചതും. എന്നാൽ അവരുടെ ശരീരപ്രകൃതി സാമാന്യജനങ്ങളുടേതുപോലെ ആയിരുന്നില്ലെന്നു ചിലർ വിചാരിക്കുന്നുണ്ട്. വാസ്തവം അങ്ങനെയല്ല. ഇന്നു സ്വർഗ്ഗീയാരാമത്തിൽ പരിശോഭിക്കുന്ന വിശിഷ്ടപുഷ്പങ്ങളായ വിശുദ്ധന്മാർ നിനക്കുള്ളതുപോലെയുള്ള ശരീരപ്രകൃതിയോടും അതിന്റെ സഹജമായ സകല വ്യാമോഹങ്ങളോടും കൂടിയവരായിരുന്നു. അവരിൽ പ്രബലപ്പെട്ടിരുന്ന വ്യാമോഹങ്ങളെ യുദ്ധംചെയ്തു കീഴടക്കുന്നതിന് ആ ധീരയോദ്ധാക്കൾ ചെയ്ത യത്നങ്ങളെപ്പററി ഞാനെന്തു പറയട്ടെ. വിശുദ്ധനും പാപിയും തമ്മിലുള്ള വ്യത്യാസം ഒരുവൻ പ്രലോഭനങ്ങളിൽനിന്നു വിമുക്തനും അപരൻ അവയ്ക്കധീനനുമാണെന്നതല്ല; പ്രത്യുത, ഒരുവൻ അവന്റെ പ്രലോഭനങ്ങളെ ജയിക്കുന്നുവെന്നും അപരൻ അവയ്ക്കു കീഴടങ്ങുന്നുവെന്നുമുള്ളതാകുന്നു. ഓരോ യുദ്ധവും പുണ്യസോപാനത്തിന്റെ ഓരോ പടിയിലേക്കു യോദ്ധാവിനെ ഉയർത്തുകയും മനോനിഗ്രഹത്തിന് അവനെ സമർത്ഥനാക്കിത്തീർക്കുകയും ചെയ്യുന്നു. എന്നാൽ ശത്രുവിന്റെ അഭിലാഷത്തിനു ഒരിക്കൽ കീഴടങ്ങുന്നപക്ഷം നീയെന്റെ അനുഗ്രഹത്തെ നഷ്ടപ്പെടുത്തുമെന്നു മാത്രമല്ല മറെറാരവസരത്തിൽ അവനോടു പോരാടുന്നതു നിനക്ക് അസാദ്ധ്യമായിത്തീരുകയും ചെയ്യും.

പിതാവെ, അതു എനിക്കനുഭവപ്പെട്ടിട്ടുള്ളതാണ്. മേലാൽ ഇക്കാര്യത്തിൽ ഞാൻ പ്രത്യേകം സൂക്ഷിച്ചുകൊള്ളാം.

മകനെ, സുസ്ഥിരമായ ഏകമാർഗ്ഗം ഇതുമാത്രമാകുന്നു. പരീക്ഷ വെടിമരുന്നുപോലെയാണ്. അതിന്റെ

ഒരു തരിക്കു തീ വെച്ചാൽ മുഴുവനും കത്തിപ്പോകും. വെടിമരുന്നിൽനിന്നു തീ ദൂരെയകററി സൂക്ഷിക്കുന്നതിനു കഴിയുമല്ലോ. എന്നാൽ തീ കത്തിത്തുടങ്ങിയാൽ അതു ശമിപ്പിക്കുന്നതു് അത്ര എളുപ്പമല്ല.

പ്രലോഭനത്തെ സംബന്ധിച്ചും മേൽപ്രകാരം തന്നെ പറയാം. അതിനോടു കളിയാടുന്നതു് ആപൽക്കരമാണ്. അല്പമെങ്കിലും അഴിച്ചുവിട്ടാൽ ഒടുവിൽ നീ നിപതിച്ചു പോകും. ആകയാൽ പ്രലോഭനത്തിൻെറ നാശത്തിൽനിന്നകലുന്നതിനുള്ള സുസ്ഥിരമായ ഏകപഥം ആദ്യമെതന്നെ അതിനെ എതിക്കുകയത്രെ.

ചില പരീക്ഷകൾ അഗ്നിക്കു തുല്യമാണ്. ഒരു തീപ്പൊരി അല്പം വെള്ളംകൊണ്ടു കെടുത്തുവാൻ കഴിയും. എന്നാൽ അഗ്നി വൎദ്ധിച്ചാൽ അതിനെ ശമിപ്പിക്കുവാൻ അഗ്നിസംഹരണയന്ത്രംകൊണ്ടുപോലും ചിലപ്പോൾ സാദ്ധ്യമല്ലാതെ വരാം. അഥവാ, സാധിക്കുമെങ്കിൽത്തന്നെയും അതിനു മുമ്പു വലിയ നഷ്ടം സംഭവിച്ചു കഴിയും. ചില പരിക്ഷകളുടെ ഫലവും ഇപ്രകാരമാകുന്നു. ആരംഭത്തിൽ അല്പമെങ്കിലും ഉദാസീനനായാൽ അനന്തരഫലം വലിയ തീപ്പിടുത്തമായിരിക്കും. ആരംഭത്തിൽക്കാണുന്ന പൊരി തല്ലിക്കെടുത്തിയാൽ വലിയ നാശത്തെപ്പററി ഭയപ്പെടേണ്ടതില്ല.

അസ്ഥാനത്തുള്ള വിശ്വാസം പലർക്കും നാശകാരണമാകുന്നു. നിന്നിൽത്തന്നെയുള്ള അവിശ്വാസവും എന്നിലുള്ള ഉറപ്പായ വിശ്വാസവുമാണു യഥാൎത്ഥരക്ഷാമാൎഗ്ഗ

ങ്ങൾ. എളിമയുള്ളവരെ പിശാചു ഭയപ്പെടുകയും അഹം ഭാവികളെ അവൻ പുച്ഛരിക്കയും ചെയ്യുന്നു. സ്വാനുഭവത്തെത്തന്നെ നീ പരിശോധിക്കുന്ന പക്ഷം നിനക്കു പററിയ വലിയ അധഃപതനങ്ങളെല്ലാം നിൻെറ അവിവേകജാതമായ അഹങ്കാരത്തിൻെറ ഫലമാണെന്നു കാണാം. നിന്നിൽത്തന്നെ യാതൊരാശ്രയവും വെക്കാതെ എന്നിൽ ദൃഢമായി ആശ്രയിക്കുക; അപ്പോൾ നീ സവ്വവിധേനയും സുരക്ഷിതനായിരിക്കും.

ആപൽക്കരങ്ങളായ അവസരങ്ങളെ ഉപേക്ഷിക്കാത്തതിനാൽ നീ ബലഹീനനായി കാണപ്പെട്ടന്നെങ്കിൽ അതിനെക്കുറിച്ച് ആശ്ചയ്യപ്പെടേണ്ടതില്ല. പിശാചു ചതിയനാണ്. അവനെ നീ വിശ്വസിക്കരുത്. അവിവേക ... വിവേകപൂവ്വമായ രക്ഷാമാർഗ്ഗമായിക്കരുതാൻ നിന്നെ അവൻ പ്രോത്സാഹിപ്പിക്കും. ചില പ്രത്യേക സാഹചയ്യങ്ങളിൽപ്പെട്ടാൽ ആരും ദുർബലന്മാരായിത്തീരും. ഈ വസ്തുത സാത്താനു നന്നായിട്ടറിയാം. ആപത്തിൽ നിന്നകന്നിരിക്കുക; എന്നാൽ നീ ഭയപ്പെടേണ്ടതില്ല. അപ്രകാരം നീ വത്തിക്കുന്നെങ്കിൽ ആപൽഘട്ടങ്ങൾ സന്നിഹിതമാകുമ്പോൾ നീ വേണ്ടുന്നത്ര ശക്തനായിരിക്കും. എന്തുകൊണ്ടെന്നാൽ അവ നിന്നെ സമീപിക്കുന്നതു നിൻെറ കുററത്താലല്ല. വിശിഷ്യ, ഞാൻ നിന്നോടുകൂടിയുണ്ടായിരിക്കയും ചെയ്യും.

ഹാ! എൻെറ പിതാവെ, നീ പറയുന്നതെത്ര വാസ്തവം! അമിതമായ ആത്മവിശ്വാസം എത്ര പ്രാവ

ശ്യമാണ് എന്നെ പിശാചിനടിമയാക്കിത്തീത്തിട്ടുള്ളതെന്നു ഞാൻ ഓൎമ്മിക്കുന്നു.

എൻെറ മകനെ, ഇക്കാൎയ്യം ഇപ്പോൾ നിനന്നായി ഗ്രഹിച്ചു. പാപം പിശാചിനോടുള്ള ഐക്യമാണ്. പിശാചിൻെറ വഞ്ചനകൾക്കു വശംഗതനാവുന്നവൻ ഒടുവിൽ അവൻെറ അടിമയായിത്തീരുന്നു. അവൻെറ വാഗ്ദാനങ്ങൾ ശോഭായമാനമായിരിക്കും. പക്ഷെ ഒരിക്കലും അവനവയെ നിറവേററുന്നതല്ല. ആദ്യംമുതൽക്കു തന്നെ അവൻ വഞ്ചകനാണ്. അവൻ ശുശ്രൂഷചെയ്യുന്നതെത്രനാശഹേതുകമെന്നു നിന്നെ ഞാൻ ധരിപ്പിച്ചുകഴിഞ്ഞല്ലോ. ലോകത്തിലെവിടെ നോക്കിയാലും സാത്താൻെറ കപ്പൽനാശങ്ങൾ നിനക്കു കാണ്മാൻ കഴിയും. മരണംതന്നെയും പാപത്തിൻെറ ഫലമല്ലയോ? നേരെമറിച്ച് എന്നെപ്രതി തങ്ങളുടെ വ്യാമോഹങ്ങളെ അടിമപ്പെടുത്തുന്നവർ തങ്ങളെത്തന്നെ ക്ഷീണിപ്പിക്കയല്ല, പ്രത്യുത, അഭിവൃദ്ധിപ്പെടുത്തുകയാണു ചെയ്യുന്നതു്. വിശുദ്ധന്മാരുടെ ആശ്ചൎയ്യോഗ്യങ്ങളായ ജീവിതക്രമങ്ങൾ സ്വയനിഗ്രഹത്തിനു ത്തമോദാഹരണങ്ങളാണ്..

പ്രലോഭനങ്ങൾക്കു കീഴ്പ്പെട്ടിട്ടല്ല മനുഷ്യൻ അവൻെറ ഉദ്ദേശം സാധിക്കേണ്ടതു്, പ്രത്യുത, അതിനെ കീഴടക്കിട്ടാണ്. പ്രലോഭനങ്ങൾക്കു കീഴ്പ്പെടുന്നവർ അവയോടു പോരാടുന്നവരെക്കാൾ ക്രൂരതലായ വേദന ഒടുവിൽ അനുഭവിക്കും. ഒരു പ്രലോഭനത്തിനു കീഴ്പ്പെടുന്നതിനാൽ ജീവിതം മുഴുവൻ ഭാഗ്യശൂന്യമായിത്തീരാൻ എടയുണ്ട്. ഒരു പാപം മറെറാന്നിലേക്ക് ഒരുവനെ പ്രോത്സാഹി

പ്പിക്കുന്നു. ഭാവിജീവിതത്തെയനുസ്സരിച്ചാൽത്തന്നെയും എ ന്റെ വഴിയാണുത്തമമായിട്ടുള്ളതു്; പക്ഷെ പലരും ഒടു വിൽ മാത്രമാണിതു മനസ്സിലാക്കുന്നതു്.

അതു ശരിതന്നെ. പിതാവെ, എന്റെ ജീവിതാ നുഭവംതന്നെ അതിനുവേണ്ടുവോളം സാക്ഷ്യം നൽകുന്നു. നിന്റെ സേവനം അത്യുൽകൃഷ്ടവും സമാധാനദായകവു മാണെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ടു്. സൽഗ്ഗുണസമ്പാദ നാൎത്ഥമുള്ള ബുദ്ധിമുട്ടുകൾ ഞങ്ങളെ ശ്രേഷ്ഠരാക്കിത്തീ ക്കുന്നു; പാപത്തിനുവേണ്ടിയുള്ള യത്നങ്ങൾ ഞങ്ങളെ അ ധഃപതിപ്പിക്കയും ചെയ്യുന്നു. പ്രലോഭനങ്ങളിൽ വിജയി കളാകുന്നവരുടെ സന്തോഷവും അവയ്ക്കു സ്വമനസാവി ധേയരാകുന്നവൎക്കു നേരിടുന്ന പശ്ചാത്താപവും മാന്ദ്യവും ഞങ്ങൾക്കനുഭവപ്പെടുന്ന സംഗതികളത്രെ.

മകനെ, എന്നെ ശുശ്രൂഷിക്കുന്നവൎക്കു ഭൂമിയിൽ പ്പോലും ലഭിക്കുന്ന പ്രതിഫലം അതാകുന്നു. എന്നാലവ ൎക്കുള്ള യഥാൎത്ഥപ്രതിഫലം നിനക്കനുഭവപ്പെടുന്നതു് സ്വ ൎഗ്ഗത്തിൽ എന്നെ അഭിമുഖമായിക്കാണുമ്പോഴായിരിക്കും. എന്നെന്നേക്കും എന്റെ ഓമനമകനാണെന്നും എനിക്കു ള്ളവ സൎവ്വസ്വവും നിന്റേതാണെന്നും അപ്പോൾ നീ മന സ്സിലാക്കും.

നിന്റെ പരീക്ഷണം അപ്പോളവസാനിക്കും. നീ സ്വൎണ്ണംപോലെ പരീക്ഷിക്കപ്പെട്ടവനും സ്വൎഗ്ഗീയമണി യറയ്ക്കു യോഗ്യനായിത്തീൎന്നവനുമായിരിക്കും. പരീക്ഷണ കാലത്തു വിശ്വസ്തനായി നിന്നതിനെപ്പററി അപ്പോൾ നീ സന്തോഷിക്കും. ഈ ലോകത്തിൽ എന്നോടു സഹക

രിച്ചതുപോലെ പ്രതാപസംപൂൎണ്ണമായ സ്വൎഗ്ഗത്തിലും എന്റെ പാൎശ്വത്താണെന്നുകണ്ടു് അപ്പോൾ നീ ആനന്ദിക്കും. എന്നെ സ്നേഹിക്കുന്നവൎക്കായി ഞാനൊരുക്കിയിരിക്കുന്ന വസ്തുക്കളെന്തൊക്കെയെന്നു കണ്ണകാണുകയൊ, ചെവികേൾക്കയൊ മനുഷ്യഹൃദയം ഗ്രഹിക്കയൊ ചെയ്തട്ടില്ല.



## അദ്ധ്യായം 5

# പാപസങ്കീർത്തനം

പിതാവെ, ഈ ലോകത്തിൽ നിൻെറ സ്വരമായ കത്തോലിക്കാതിരുസ്സഭ പഠിപ്പിക്കുന്നവയെല്ലാം ഞാൻ വിശ്വസിക്കുന്നു. നിന്നെയൊ നിൻെറ ദൌത്യത്തെയൊ ഗ്രഹിക്കുന്നതുകൊണ്ടല്ല, പ്രത്യുത, അവ നിൻേറതാകയാൽ മാത്രമാണ് ഞാൻ അവ വിശ്വസിക്കുന്നത്. പണ്ഡിതന്മാർ അവ ഉപദേശിക്കുന്നതു നിമിത്തവുമല്ല, നീ അവ എൻെറ മേൽ ചുമത്തുന്നതിനാലത്രെ ഞാൻ അവ വിശ്വസിക്കുന്നത്.

അവ എനിക്കിഷ്ടകരമൊ എന്നുള്ളതിനെപ്പററി ഞാൻ ഗൌനിക്കുന്നില്ല. അവ നിൻേറതാണെന്നുള്ളതുമാത്രം മതി. വഞ്ചിക്കാനും വഞ്ചിക്കപ്പെടുവാനും പാടില്ലാത്തവനാണു നീ എന്നുള്ള ഏകകാരണത്താൽ നീ വെളിപ്പെടുത്തിയവയൊക്കെയും അതേവിധം സ്വീകരിക്കപ്പെടേണ്ടവയത്രെ. എനിക്കിഷ്ടകരമായിത്തോന്നുന്നവയെ സ്വീകരിക്കയൊ, അനിഷ്ടകരമായവയെ തിരസ്കരിക്കയൊ അല്ല ഞാൻ ചെയ്യുന്നത്. അപ്രകാരം ചെയ്യുന്ന പക്ഷം ഞാൻ നിന്നിലല്ല, എന്നിലാണു വിശ്വാസം പ്രതിഷ്ഠിച്ചിരിക്കുന്നതെന്നു വരും.

ഞാൻ അല്പമെങ്കിലും നിന്നെ അവിശ്വസിച്ചാൽ മുഴുവനായി നിന്നെ അവിശ്വസിക്കയാണു ചെയ്യുന്നതു്. അല്പമെങ്കിലും തെററായിട്ടുള്ളതിനെ നീ വെളിപ്പെടുത്തുന്നുവെന്നുവന്നാൽ നീ സത്യംതന്നെയായിരിക്കയില്ല. എന്നാൽ നീ സത്യംതന്നെയെന്നു തീർച്ചപ്പെട്ടിരിക്കയാൽ വിനയാന്വിതനായി ഞാൻ നിൻെറ തിരുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതു് നിൻെറ കല്പനകൾ ഗ്രഹിക്കാമെന്നു കരുതിയല്ല. അവ അനുവർത്തിക്കണമെന്നുമാത്രം ഉദ്ദേശിച്ചാണു്.

മകനെ, നീ പറയുന്നതു വാസ്തവമാകുന്നു. തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ള ഒന്നല്ല വിശ്വാസം. വിശ്വാസത്തിൽ തങ്ങൾ ഇന്നതേ സ്വീകരിക്കൂ എന്നു വിധിക്കുന്നവർ പ്രമാദത്തിലകപ്പെടുന്നു. വിധികർത്താക്കളുടെ നിലയിൽ തങ്ങൾക്കായി വിശ്വാസപ്രമാണം സൃഷ്ടിക്കുന്നവർ അവരുടെ മനോഗർവത്തെ തൃപ്തിപ്പെടുത്തുകയാണു് ചെയ്യുന്നതു്. ആ വിശ്വാസപ്രമാണം അവരുടേതാണു്, എൻേറതല്ല.

തന്നിമിത്തമാണു ഒരു കൊച്ചുകുട്ടിയെപ്പോലെ ആകാത്തപക്ഷം സ്വർഗ്ഗരാജ്യത്തിൽ നീ പ്രവേശിക്കുന്നതല്ലായെന്നു ഞാൻ പറഞ്ഞിട്ടുള്ളതു്. ഒരു ബാലൻ അവൻെറ മാതാപിതാക്കന്മാരെ വിശ്വസിക്കുന്നു. നീ എന്നും എൻേറതായിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്നെ വിശ്വസിച്ചേ മതിയാവൂ.

ദൈവമെ, നിന്നിൽ എനിക്കുള്ള വിശ്വാസം സ്പഷ്ടമാക്കിയശേഷം എൻെറ ആത്മഭാരത്തെ നീക്കുന്നതിനു

ഇതാ ഞാൻ നിൻെറ പക്കൽ വരുന്നു. ഞാൻ ഇപ്രകാരം ചെയ്യുന്നതു് എന്തെങ്കിലും സംശയമൊ, അവിശ്വാസമൊ ഉണ്ടായിട്ടല്ല, പ്രത്യുത, എനിക്ക് ആശ്വാസം ലഭിക്കുന്നതിനുവേണ്ടിയാണ്. നീ സൃഷ്ടികളോടു പെരുമാറുന്ന വഴികളിൽ ഒന്നിനെപ്പററിയാണ് ഇപ്പോൾ നിന്നോടു സംസാരിക്കുന്നതിനു ഞാൻ ഒരുമ്പെടുന്നതു്. നിൻെറ അനുഗ്രഹം വൎഷിക്കുന്നതിനു നീ മനുഷ്യനെ ആശ്രയിക്കുന്നതെന്തിനെന്നു പലപ്പോഴും ഞാൻ ആശ്ചൎയ്യപ്പെട്ടിട്ടുണ്ടു്. ഒരു പാപി അവൻെറ പാപങ്ങളുടെ മോചനം നിന്നിൽ നിന്നെന്നതിനു പകരം ഒരു പട്ടക്കാരനിൽ നിന്നും കൈക്കൊള്ളുന്നതെന്തുകൊണ്ടു്?

മകനെ, നീ പറയുന്നതു തെററാണ്. ഒരു പാപി അവൻെറ പാപങ്ങളുടെ മോചനം കൈക്കൊള്ളുന്നതു സ്വന്തം അധികാരത്തോടുകൂടി പ്രവൎത്തിക്കയും സ്വന്തം ശക്തി പ്രയോഗിക്കയും ചെയ്യുന്ന ഒരു പട്ടക്കാരനിൽനിന്നല്ല. പാപം എനിക്കെതിരായിട്ടുള്ളതാണ്; ആകയാൽ അതിനു മോചനം നൽകേണ്ടവൻ ഞാനാണ്. അത്ഭുതപ്രവൎത്തനങ്ങളിൽ വിശുദ്ധന്മാരെന്നപോലെ പാപവിമോചനത്തിൽ പട്ടക്കാരൻ ഒരുപകരണമായിരിക്കണമെന്നേ ഞാൻ കരുതുന്നുള്ളു. പ്രാചീനസംഹിതയിൽ ആ വിധവയുടെ മകനെ പുനൎജ്ജീവിപ്പിച്ചതു് എൻെറ സ്വൎഗ്ഗീയപിതാവിയിരുന്നെങ്കിലും അവിടുന്നു് ആകൃത്യത്തിൽ ദീൎഘദൎശിയെ തൻെറ ഒരുപകരണവും പ്രതിനിധിയുമായി നിയോഗിച്ചു. അപ്രകാരംതന്നെ പാപത്താൽ മരണം പ്രാപിച്ച ആത്മാവിനെ പുനൎജ്ജീവിപ്പിക്കുന്നതിൽ പട്ടക്കാരൻ എ

ന്റെ പ്രതിനിധിയും ഉപകരണവും മാത്രമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ പിതാവെ, ഒരു പാപിക്ക് എന്തുകൊണ്ടു നേരിട്ടു നിന്റെ പക്കൽ വന്നുകൂടാ?

മകനെ, പരിപൂർണ്ണമായ സ്നേഹത്താലൊ, യഥാർത്ഥ മനസ്താപത്താലൊ ഒരു പാപിക്കു എന്റെ പക്കൽ വരുന്നതിനും അവന്റെ പാപങ്ങൾക്കു തൽക്ഷണംതന്നെ എന്നിൽനിന്നു നേരിട്ടു മോചനം സമ്പാദിക്കുന്നതിനും സാധിക്കും. എന്നാൽ വിവേകപൂർണ്ണമായ ചില കാരണങ്ങളാൽ പാപങ്ങൾ ഒരു പട്ടക്കാരനോട് ഏററു പറയേണ്ടതു് ഒരു കടമയായി നിലനില്ക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. പാപമോചനവ്യവസ്ഥകൾ ചെയ്യുവാനുള്ള ചുമതല എന്റേതാണു്. ഒരു വൈദികന്റെ പക്കൽ പാപസങ്കീർത്തനം ചെയ്യണമെന്നുള്ള വ്യവസ്ഥയൊന്നും കൂടാതെതന്നെ ഒരുവന്റെ പാപങ്ങൾ മോചിക്കുന്നതിനു എനിക്കു കഴിയും; എന്നിരുന്നാലും ഞാൻ ആ നിയമം ഉണ്ടാക്കിയിരിക്കുന്നതു പാപിയുടെ ഗുണം ഉദ്ദേശിച്ചാണു്.

പിതാവെ, കുറെക്കൂടി വ്യക്തമായി എന്നോടു സംസാരിക്കേണമെ. നേരിട്ടു നിന്റെ പക്കൽ വരുന്നതാണു് ഒരു പാപിക്കു അധികം ഗുണകരമെന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ മററുള്ളവരോടു തങ്ങളുടെ രഹസ്യപാപങ്ങൾ വെളിപ്പെടുത്തുന്നതിൽ പലരും വൈമുഖ്യം പ്രദർശിപ്പിക്കുന്നതായി എനിക്കറിയാം.

മകനെ, ഇതും മററുചില കാരണങ്ങളും ഓർത്തിട്ടാണു് പാപസങ്കീർത്തനമെന്ന കൂദാശ ഞാൻ സ്ഥാപ-

ച്ചതു്. നീ പാപം ചെയ്യുന്ന ഓരോ അവസരത്തിലും എന്നെക്കാളധികം നിന്നെത്തന്നെ നീ വിലമതിക്കുന്നു. പാപം ചെയ്യുമ്പോൾ എൻെറ കല്പനകളല്ല, നിൻെറ അഭിലാഷങ്ങളാണു് നീ അനുവർത്തിക്കുന്നതു്. എൻെറ പ്രമാണങ്ങൾ ലംഘിക്കുന്ന ഓരോ സന്ദർഭത്തിലും എന്നെ അനുസരിക്കയില്ലായെന്നു നീ നിൻെറ വചനത്താലല്ലെങ്കിൽ പ്രവൃത്തിയാൽ വിളിച്ചുപറയുന്നുണ്ടു്. ലൂസിഫറിൻെറ ധിക്കാരവും അതുതന്നെയായിരുന്നു. സ്രഷ്ടാവിനെ അനുസരിക്കുന്നതിൽ സൃഷ്ടി വിസമ്മതം പ്രദർശിപ്പിക്കുന്നതു് അഹംകാരം ഹേതുവായിട്ടാണു്. ഇപ്രകാരം പാപം അഹംകാരോത്സിക്തമായ ഒരു പ്രവൃത്തിയാകയാലാണു് അതിനുള്ള മോചനം വിനയാന്വിതമായ ഒരു പ്രവൃത്തിവഴിയായിട്ടായിരിക്കണമെന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. സ്രഷ്ടാവിനു കീഴ്പെടാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്ന പാപി അവനെപ്പോലെ കേവലം സൃഷ്ടിയായ ഒരു വൈദികനു കീഴ്പെടാൻ പാപസങ്കീർത്തനം വഴിയായി നിർബന്ധിതനായിരിക്കുന്നു.

പിതാവെ, നിന്നോടു എതിർത്തു സംസാരിക്കുന്നതിനു ഞാനാരാണു്! എന്നിരുന്നാലും നിൻെറ കൃപയിൽ ശരണപ്പെട്ടുകൊണ്ടു് ഒന്നു ചോദിച്ചുകൊള്ളട്ടെ. അഹങ്കാരത്തെക്കാൾ കൂടുതലായി ഞങ്ങളുടെ ബലഹീനതവഴിയായിട്ടല്ലയോ ഞങ്ങൾ നിൻെറ കല്പനകൾ ലംഘിക്കാറുള്ളതു്? ഞങ്ങൾക്കു വിജയം കരസ്ഥമാക്കാൻ അസാദ്ധ്യമായവിധം അത്ര ശക്തിമത്തായി ചിലപ്പോൾ ദുർമോഹങ്ങൾ ഞങ്ങളോടെതിർക്കുന്നു. ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്താൻ അവ ഞങ്ങളെ നിർബന്ധിക്കുന്നു.

എൻെറ മകനെ, എൻെറ നിയമങ്ങൾ ലംഘിക്കുന്നതിനു നിൻെറ മനസ്സിൽത്തോന്നുന്ന പ്രേരണകൾ കൊണ്ടെന്തുപ്രയോജനം നിൻെറ മനസ്സിൻെറ ആവേശത്തെ നിയന്ത്രിക്കുന്നതിന് സ്രഷ്ടാവായ ഞാൻ ആജ്ഞാപിക്കുമ്പോൾ നീ അതിൽ പരാങ്മുഖനായിരിക്കുന്നതു് എന്തുധിക്കാരം! രാജ്യനിയമങ്ങൾ അനുസരിക്കണമെന്ന് ഭരണകർത്താക്കൾ നിന്നോട്ട് ആജ്ഞാപിക്കുമ്പോൾ നിൻെറ പല മോഹങ്ങളും അവഗണിച്ച നീ പ്രവർത്തിക്കാറില്ലേ? നിൻെറ ബലഹീനതയെപ്പററി തല്സരങ്ങളിൽ നീ പ്രസ്താവിക്കാറുണ്ടോ? എല്ലാ ഭൗമാധികാരികൾക്കും മീതെയാണു ഞാൻ. നീ അനുസരിക്കുന്നതിനായി ഞാൻ എന്തെങ്കിലും കല്പിക്കുമ്പോൾ എൻെറ അധികാരത്തെ ബഹുമാനിക്കേണ്ടതു നിൻെറ കർത്തവ്യമാകുന്നു.

നീ ബലഹീനനായിരിക്കാം, എന്നാൽ നിൻെറ ബലഹീനത പാപമല്ല. എൻെറ പ്രസ്പഷ്ടഹിതത്തിനെതിരായി സ്വമനസാ നിൻെറ ബലഹീനതയ്ക്കു നീ കീഴടങ്ങിയാൽ മാത്രമേ പാപമുള്ളു. സ്വന്തം ശക്തിയെ കവിഞ്ഞവിധം ഒരുവനും പരീക്ഷിക്കപ്പെടാത്തതിനാൽ സ്രഷ്ടാവിൻെറ തിരുമനസ്സിനെ അവഗണിച്ച് തൽസ്ഥാനത്തു് സ്വാഭീഷ്ടത്തെ പ്രതിഷ്ഠിക്കുകയെന്ന ഉദ്ധതപ്രവൃത്തിയാകുന്നു പാപം. ആകയാൽ പാപി, പാപമോചനത്തിനായി വിനീതമായ വഴിയിൽക്കൂടി എൻെറ പക്കലേക്ക് പിന്തിരിയുകയെന്നതു് ന്യായമാകുന്നു. അതുതന്നെ പാപസങ്കീർത്തനം.

പിതാവെ, ഇപ്പോൾ എനിക്കു മനസ്സിലായി. പാപത്താൽ നിന്നിൽനിന്ന് ദൂരികൃതരാകുന്ന ഞങ്ങൾ വീണ്ടും നിന്നെ പ്രാപിക്കുന്നതിന് ഞങ്ങളെത്തന്നെ വിനീതരാക്കേണ്ടതു് ആവശ്യമത്രെ. പാപമാൎജ്ജനത്തിനുള്ള വ്യവസ്ഥകൾ ചെയ്യേണ്ടതു നിൻെറയും തദൎത്ഥം കൃതജ്ഞതകാണിക്കേണ്ടതു എൻെറയും ചുമതലയാകുന്നു.

മകനെ, പാപസങ്കീൎത്തനം കുറെ ദുഷ്കരമായി നിനക്കു തോന്നിയാലും അതു നിനക്കു ഞാൻ നൽകീട്ടുള്ള ഒരു വലിയ അനുഗ്രഹമാകുന്നു. ഈലോകത്തിൽ പ്രതാപവാനായ ഒരുവനെ നീ ഉപദ്രവിച്ചാൽ അവനുമായി സൌഹാൎദ്ദപ്പെടുകയെന്നുള്ളതു് അത്ര എളുതല്ല. ഞാനാകട്ടെ ഹൃദയംകാണുന്നവനാണ്. ശുദ്ധമനസ്കതയോടുകൂടി എൻെറ പക്കലേക്കു നീ തിരിയുമ്പോൾ, പാപമോചനം ലഭിക്കണമെന്നുള്ള നിൻെറ ആഗ്രഹത്തെ അതിലംഘിക്കുന്ന ഒന്നാണ് അതു നിനക്കു നൽകണമെന്നുള്ള എൻെറ അഭിലാഷം. നിൻെറ തെററുകളെപ്പററി യഥാൎത്ഥമനസ്താപം നിനക്കുണ്ടാകുന്നപക്ഷം എൻെറ സംപ്രീതിസമ്പാദിക്കുന്നതിനു പാപസങ്കീൎത്തനം വഴിയായി വിനീതനാകുന്നതിൽ നിനക്ക് വൈമനസ്യം തോന്നുകയല്ല—നിശ്ചയം. പാപസങ്കീൎത്തനം ചെയ്യുന്നതിനു നീ പ്രദൎശിപ്പിക്കുന്ന വൈമുഖ്യം നിൻെറ പാപങ്ങളെപ്പററി നിനക്ക് യഥാൎത്ഥമനസ്താപമില്ലെന്നുള്ളതിന് തെളിവാണ്.

എൻെറ പ്രമാണങ്ങൾ ലംഘിക്കുന്നതിൽ നീ ചെയ്തുപോയ വലിയ ധിക്കാരത്തിനു പരിഹാരമായി നിന്നോടു ഞാൻ ആവശ്യപ്പെടുന്ന ഒരു നിസ്സാരപ്രതിവിധി

യാകുന്ന പാപസങ്കീർത്തനം. സ്വമനസാ എന്റെ പ്രമാണങ്ങൾ ലംഘിക്കുന്നവർക്കുമാത്രമേ പാപസങ്കീർത്തനം ആവശ്യമുള്ളു. ലഘുമാത്രങ്ങളായ പാപങ്ങൾക്ക്–മനഃപൂർവ്വമല്ലാത്ത നിസ്സാര ലംഘനങ്ങൾക്ക്–പാപസങ്കീർത്തനം ആവശ്യമില്ലായെന്നു നിനക്കറിയാമല്ലോ.

വലിയ ദോഷങ്ങൾക്ക്—ആലോചനയോടും പൂർണ്ണസമ്മതത്തോടുംകൂടിയ ഗുരുതരങ്ങളായ ലംഘനങ്ങൾക്കു (Moral Sins)–പാപസങ്കീർത്തനം കൂടിയേകഴിയൂ. എതാദൃശപാപങ്ങൾ ഒരു വൈദികനോട് ഏററുപറയുന്നതുകൊണ്ടുള്ള അവമാനം അവയിൽ അടങ്ങിയിരിക്കുന്ന ദൈവദ്രോഹങ്ങളോടു തുലനം ചെയ്താൽ എത്ര നിസ്സാരമാണ്.

ദൈവദ്രോഹമെന്നു പറയുന്നതു് നിനക്കു കഠിനമായിത്തോന്നിയേക്കാം. എന്നാൽ എന്റെ ഹിതത്തിനെതിരായി പ്രവർത്തിക്കുന്നവൻ ദൈവദ്രോഹംതന്നെ ചെയ്യുന്നു. ഓരോവലിയ ദോഷവും എന്നോടു ചെയ്യുന്ന ഓരോ വിശ്വാസവഞ്ചനയും എന്റെ പരമശത്രുവായ സാത്താനുമായുള്ള ഓരോ സഖ്യവുമാകുന്നു. അത്തരം ദോഷം മറെറാരുവിധവും പരിഗണിക്കാൻ നിനക്കു സാധ്യമല്ല

ഞാൻ സർവ്വശക്തനായ ദൈവമാകുന്നു. എന്നോടു ചെയ്യുന്ന ദ്രോഹം രാജദ്രോഹത്തേക്കാൾ വലുതാണ്. അങ്ങനെയെങ്കിൽ എന്റെ സംപ്രീതിക്ക് നീ വീണ്ടും പാത്രീഭവിക്കുന്നതിന് ഞാൻ നിർദ്ദേശിക്കുന്ന സംഗതികൾ അഭിമാനഹതകങ്ങളും ദുഷ്കരങ്ങളും ആണെങ്കിൽകൂടി നീ അവ എത്ര സന്തോഷത്തോടെ സ്വീകരിക്കേണ്ടതാണ്.

എൻെറ നാഥാ, അവിടുന്നു കല്പിക്കുന്നതു എത്രയോ വാസ്തവം! നിൻെറ നിശ്ചയങ്ങളെപ്പററി അന്യഥാ വിചാരിച്ചതിനെക്കുറിച്ച് ഇപ്പോൾ ഞാൻ ലജ്ജിക്കുന്നു. പാപത്താൽ നിന്നെ ഉപദ്രവിച്ചവരായ ഞങ്ങൾ വീണ്ടും നിൻെറ പ്രസാദം പ്രാപിക്കുന്നതിന് നീ ഏർപ്പെടുത്തിയിരിക്കുന്ന മാർഗ്ഗം എത്രയോ സുഗമം! അതു് ഉപയോഗിക്കേണ്ടയാവശ്യം എനിക്കൊരിക്കലും നേരിടാതിരിക്കട്ടെ! എന്തുകൊണ്ടെന്നാൽ നിൻെറ കാരുണ്യാതിരേകം എനിക്ക് അറിയാൻ ഇടയായതുകൊണ്ട് നിനക്കു വിരോധമായി ഒന്നും പ്രവർത്തിക്കയില്ലെന്നു ഇതാ ഇപ്പോൾ തന്നെ ഞാൻ ഉറച്ചിരിക്കുന്നു.

സ്നേഹഭാജനമായ എൻെറ മകനെ, നിൻെറ പ്രതിജ്ഞ എനിക്ക് വളരെ ഇഷ്ടമുള്ളതാകുന്നു. അതിനെ ദൈവാനുഗ്രഹത്തോടുകൂടി നിറവേററേണ്ടതു് നിൻെറ ഭാരമാണ്. നിന്നിൽത്തന്നെ ആശ്രയിക്കാതെ എന്നിൽ ആശ്രയം പ്രതിഷ്ഠിച്ചുകൊണ്ട് നീ വ്യാപരിക്കുക. അങ്ങനെയെങ്കിൽ ആപത്കരമായ ഘട്ടങ്ങൾ പരിത്യജിക്കുന്നതിനും എൻെറ അനുഗ്രഹം ധാരാളം അർഹിക്കുന്നതിനും നിനക്കു കഴിയും.

പിതാവെ, ഞാൻ ബലഹീനനെങ്കിലും മുന്നോട്ടു ഗമിക്കാമെന്നാശിക്കുന്നു. എന്നാൽ നീതിമാൻപോലും ദിവസത്തിൽ ഏഴുപ്രാവശ്യം പിഴയ്ക്കുന്നുവെന്നു നീ പറഞ്ഞിട്ടുണ്ടല്ലൊ. അപ്പോൾ എൻെറ കാര്യത്തെപ്പററി എന്തുപറയട്ടെ!

മകനെ, നീതിമാൻപോലും പലപ്രാവശ്യം പിഴയ്ക്കുന്നുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അവന്റെ നീതിക്കൊത്തവണ്ണം അവന്റെ പ്രമാദങ്ങൾ എണ്ണത്തിലും വണ്ണത്തിലും കുറവായിരിക്കും. അവരുടെ ഏററം നിസ്സാരമായ കുററവും എന്നെ വെറുപ്പിക്കുന്നതാണെങ്കിലും അവരിലുള്ള നന്മനസ്സ് ഞാൻ കാണുന്നതിനാൽ അവർ എന്റെ ഇഷ്ടം നഷ്ടപ്പെടുത്തുകയാവട്ടെ, എന്നിൽ നിന്നകലുകയാവട്ടെ ചെയ്യുന്നില്ല. ആ കുററങ്ങൾതന്നെ പലപ്പോഴും പുണ്യസൌധത്തിങ്കലേക്കുള്ള കല്പടികളായിത്തീരുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അവ സത്തമന്മാരിൽ വിനയാവബോധം ഉളവാക്കുന്നു. സർവദോഷങ്ങളുടെയും അടിസ്ഥാനം അഹങ്കാരമായിരിക്കുന്നതുപോലെ സർവപുണ്യങ്ങളുടെയും അടിസ്ഥാനം വിനയമാകുന്നു. എന്നെ സ്നേഹിക്കുന്നവർക്കു എല്ലാംഗുണകരമായി ഭവിക്കുന്നു. എവിടെ നന്മനസ്സുണ്ടോ അവിടെ ശാപത്തിൽനിന്ന് അനുഗ്രഹം ഉത്പാദിപ്പിക്കുന്നതിനുപോലും എനിക്കു കഴിയും. കഴിഞ്ഞ കാലങ്ങളിൽ തിന്മയിൽനിന്നു നന്മയെ ഞാൻ ഉത്പാദിപ്പിച്ചിട്ടുണ്ട്, ഭാവിയിലും അപ്രകാരം ചെയ്യുന്നതാണ്.

എന്റെ പിതാവെ, നിന്റെ ധർമ്മപ്രഭാവത്തെയും കൃപയെയും പററി അറിയുന്തോറും ഏററം നിസ്സാരമായ കാര്യങ്ങളിൽപ്പോലും നിന്റെ പ്രമാണങ്ങൾ ലംഘിച്ചതിനെപ്പററി ഞാൻ അത്യധികം ഖേദിക്കുന്നു. നീ അർഹിക്കുന്നതുപോലെ നിന്നെ ശുശ്രൂഷിക്കുന്നതിന് ഞാൻ തീവ്രമായി ആഗ്രഹിക്കുന്നുണ്ട്.

മകനെ, നിന്റെ നന്മനസ്സാണ് ഞാൻ സൎവ്വോപരി വിലമതിക്കുന്നതു്. കൂടെക്കൂടെയുള്ള നിന്റെ വീഴ്ചകൾ അവയെ ഉപേക്ഷിക്കുന്നതിലേക്കായി നിന്നെ പ്രോത്സാഹിപ്പിക്കുന്നു; തദൎത്ഥം നീ ചെയ്യുന്ന ശ്രമം എന്നോടുള്ള നിന്റെ സ്നേഹത്തിന്റെ ഉത്തമലക്ഷ്യമായി ഞാൻ കരുതുന്നുണ്ടു്. ദുർവാസനകൾ നിനക്കില്ലായിരുന്നെങ്കിൽ ജീവിതം ഒരു സമരമായി നിനക്കനുഭവപ്പെടുകയില്ലായിരുന്നു. തന്നെയല്ല, നിന്റെ വിശ്വസ്തത പ്രദൎശിപ്പിക്കുന്നതിനു തക്ക അവസരം നിനക്കു കിട്ടുകയുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ വിഷമഘട്ടങ്ങളിൽ മാത്രമേ വിശ്വസ്തത പ്രകടീഭവിക്കയുള്ളു.

പിതാവെ, എന്റെ മുഖ്യമായ പ്രമാദങ്ങളോടും ന്യൂനതകളോടുമുള്ള നിരന്തരയുദ്ധം എപ്പോഴും ജാഗ്രതയോടുകൂടിയിരിപ്പാൻ എന്നെ സഹായിക്കയും ശത്രുവിനെ ജയിച്ച നിന്റെ യഥാൎത്ഥാനുഗാമിയായി പ്രശോഭിക്കുവാൻ എന്നെ നിർബന്ധിക്കയും ചെയ്യുന്നു.

മകനെ, ശത്രുവിനോടുള്ള പോരാട്ടത്തിൽ നിനക്കു സിദ്ധിക്കുന്ന ഓരോ വിജയവും എന്നെ മഹത്വപ്പെടുത്തുകയും നിന്റെ പ്രതിഫലം വൎദ്ധിപ്പിക്കയും ചെയ്യുന്നു. എപ്പോഴെങ്കിലും അല്പപരാജയം നിനക്കു നേരിട്ടെന്നുതോന്നിയാൽ നീ അധൈൎയ്യപ്പെടേണ്ട; എന്തുകൊണ്ടെന്നാൽ തൽക്ഷണംതന്നെ നീ ഉൽബുദ്ധനായി പ്രവൎത്തിക്കുന്നപക്ഷം നിന്റെ പരാജയവും ഒരു വിജയമായിപ്പരിണമിക്കുന്നതാണ്. സമാധാനപരമായ ഉൽഗതിയിൽ നിന്നെന്നതിനെക്കാൾ അധോഗതിയിൽനിന്ന് ചിലർ കൂടുതൽ പ

ണ്യം സമ്പാദിക്കുന്നു. ഈ പ്രസ്താവത്തിൽനിന്നു തെററുക ളെ ഞാൻ വകവെക്കുന്നില്ലെന്ന് അനുമിക്കേണ്ട. അധഃ പതനത്തിൽ നിരാശപ്പെടാതെ ധൈൎയ്യം അവലംബിച്ചും എന്നിൽ വിശ്വാസം ഉറപ്പിച്ചും മുമ്പോട്ടു ഗമിക്കുന്ന ആ ത്മാവ് എന്നെ അത്യധികം സന്തോഷിപ്പിക്കുന്നുവെന്നാ ണു നീ മനസ്സിലാക്കേണ്ടതു്.

പിതാവെ, ധൈൎയ്യവും ശക്തിയും എല്ലാററിലും മീതെയായി സമാധാനവും നീ എനിക്കു നൽകുന്നു. എ ൻെറ ബലക്ഷയവും അധഃപതനങ്ങളും നിമിത്തം നിരാശ പ്പെടേണ്ടതില്ലെന്നും മനസ്സുള്ളപക്ഷം എപ്പോഴും നിനക്കി ഷ്ടമുള്ളവനായി വൎത്തിപ്പാൻ എനിക്കു സാധിക്കുമെന്നും ഇ പ്പോൾ ഞാൻ നന്നായി മനസ്സിലാക്കിയിരിക്കുന്നു. എ ൻെറ പ്രേഷ്ഠനാഥാ, നീ എന്നെ സഹായിക്കേണമെ. ഇ നി ഒരു കാൎയ്യത്തെപ്പററിയേ ഞാൻ ഭയപ്പെടുന്നുള്ളു—അതു് എൻെറ ലഘുവായ കുററങ്ങളാൽ നിൻെറ അമൂല്യമായ സ്നേഹം കുറെയെല്ലാം ഞാൻ നഷ്ടപ്പെടുത്തുകയില്ലയോ എ ന്നുള്ളതാകുന്നു.

എൻെറ മകനെ, ലഘുമാത്രങ്ങളായ ദോഷങ്ങൾ (Venial Sins) എന്തുതന്നെയായാലും നീ ആഗ്രഹിക്കുന്ന ആ ക്ഷണത്തിൽ നിനക്കവയിൽനിന്നു മോചിതനാകാം. താദൃശദോഷങ്ങൾക്കു പാപസങ്കീൎത്തനം വേണമെന്നില്ല, ഒരു സ്നേഹപ്രകരണംമാത്രംമതി. രാത്രിയൊ, പകലൊ എപ്പോഴെങ്കിലും എൻെറനേരെ തിരിഞ്ഞു ഒരു സ്നേഹപ്ര കരണം പാടിയാൽ ഏതു ചില്ലറ ദോഷവും നിൻെറ ഹൃ ദയത്തിൽനിന്നു മാൎജ്ജനം ചെയ്യുന്നതിനു നിനക്കു കഴി യുന്നതാണ്.

പിതാവെ, അങ്ങനെയെങ്കിൽ വിശുദ്ധന്മാർ പാപസങ്കീൎത്തനം കഴിക്കുന്നതെന്തിന്? അവർ ഇടയ്ക്കിടക്ക പാപസങ്കീൎത്തനം (കുമ്പസാരം) കഴിച്ചിരുന്നെന്നും അപ്പോഴൊക്കെ വലിയ പാപികൾക്കുള്ള നിലയിലധികം മനസ്താപം അവൎക്കുണ്ടായിരുന്നുവെന്നും അവരുടെ ജീവചരിത്രങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ട്.

നീ പറയുന്നതു ഞാൻ സമ്മതിക്കുന്നു. മകനെ, വിശുദ്ധരും, ഭക്തന്മാരും അവൎക്കു ചുമതലപ്പെട്ടവ മാത്രമല്ല ചെയ്യുന്നതു്. അവർ തങ്ങളുടെ അല്പദോഷങ്ങൾക്കു പൊറുതി കിട്ടുന്നതിനായി പാപസങ്കീർത്തനം ചെയ്യുന്നതു് അപ്രകാരം ചെയ്തേ കഴിയൂ എന്നു കരുതിയിട്ടല്ല, പ്രത്യുത, അവരുടെ പുണ്യാഭിവൃദ്ധിക്കു അതു സഹായിക്കുമെന്നു കാണുന്നതിലാണ്. നിസ്സാരപാപങ്ങൾപോലും ഏററു പറഞ്ഞുകൊണ്ട് അവർ തങ്ങളുടെ ആത്മാവിനെ ഏററം പരിശുദ്ധമായ ഒരു അവസ്ഥയിൽ സൂക്ഷിക്കയും ഒരു കണ്ണാടിയിലെന്നപോലെ സ്വന്തം മനഃസാക്ഷിയെ ദർശിക്കയും തദ്വാരാ പരിശുദ്ധതയിൽ അഭിവൃദ്ധി പ്രാപിക്കയും ചെയ്യുന്നു. എന്റെ മകനെ, ഒരു മനുഷ്യൻ പരിശുദ്ധതയിൽ പുരോഗമനം ചെയ്യുന്തോറും നിസ്സാരദോഷങ്ങളെ അവയുടെ യഥാൎത്ഥസ്വഭാവത്തിൽ കണ്ടുതുടങ്ങും. പരിശുദ്ധതയുടെ ഇരിപ്പിടമായ ഞാൻ അവയെ പരിഗണിക്കുന്നതുപോലെതന്നെ അവരും ക്രമേണ അവയെ മനസ്സിലാക്കിത്തുടങ്ങും. ആൎക്ക് അധികം നൽകപ്പെട്ടുവോ അവരിൽനിന്ന് അധികം ആവശ്യപ്പെടുന്നതാണ്. വിശുദ്ധന്മാർ തങ്ങൾക്കു വളരെയധികം നൽകപ്പെട്ടുവെന്നും അ

തനുസരിച്ചു കണക്കുകൊടുക്കേണ്ടതു തങ്ങളുടെ കടമയാണെന്നും കരുതുന്നു. എന്നാൽ അവർ എപ്പോഴും ഹൃദയസമാധാനത്തോടെയാണ് വർത്തിക്കുന്നത്; എന്തുകൊണ്ടെന്നാൽ സമാധാനം പരിശുദ്ധതയെ അവശ്യം അനുഗമിക്കുന്നു. ഒരു വിശുദ്ധൻ ഏതെങ്കിലും ഒരു കുററത്തിലകപ്പെട്ടാൽ തൽക്ഷണം എൻെറ പക്കലേയ്ക്കു തിരിഞ്ഞ് എന്നോടു സൗഹാർദ്ദപ്പെടുകയും എളിമയോടും മനസ്സും തൃപ്തിയോടുംകൂടി സുകൃതഭരിതമായ ഒരു പന്ഥാവിനെ അനുസരിക്കയും ചെയ്യുന്നു.

സാധാരണ മനുഷ്യർ ഒരു തെററിൽ അകപ്പെട്ടാൽ ഉടൻ അവരുടെ സമാധാനം നഷ്ടപ്രായമായിത്തീരുന്നു. അപ്രകാരം സംഭവിക്കുന്നതു എന്നെ അനിഷ്ടപ്പെടുത്തിയല്ലൊ എന്നുള്ള വിചാരംകൊണ്ടല്ല, അവരുടെ അഹങ്കാരത്തിനു ഇടിവുപററിയതുനിമിത്തമാണ്. തങ്ങൾ ശക്തിയുള്ളവരാണെന്നു അവർ സ്വയം അഭിമാനിച്ചു; പക്ഷെ തങ്ങളുടെ ബലക്ഷയം അനുഭവപ്പെട്ടപ്പോൾ തങ്ങളോടുതന്നെ അവർ കോപിക്കുന്നു. വിശുദ്ധന്മാരാകട്ടെ, തങ്ങൾ ഏററം ശക്തിഹീനരും തന്നിമിത്തം എൻെറ സഹായം അത്യന്തം ആവശ്യമുള്ളവരുമാണെന്നു വിചാരിക്കുന്നു. ഈ മനഃസ്ഥിതി അവരെ വിനീതരും സമാഹിതാശയരുമാക്കിത്തീർക്കുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ വിനയശീലമുള്ളവരെ ഇഷ്ടപ്പെടുന്നുവെന്നു അവർക്കറിയാം.

പിതാവെ, അല്പദോഷങ്ങളോടു (venial Sins) എനിക്കിഷ്ടമുണ്ടെങ്കിലല്ലാതെ പാപസങ്കീർത്തനം ചെയ്യേണ്ടയാവശ്യമില്ലെന്നോ?

ഇല്ല. മകനെ, നീ ശരിയായി ധരിച്ചുകഴിഞ്ഞു. പാപംനിമിത്തം നശിച്ച ആത്മതേജസ്സിനെ പുനരുദ്ധരിക്കുന്നതിനാണ 'കുമ്പസാര'മെന്ന ക്രൂദാശ സ്ഥാപിച്ചിരിക്കുന്നത്. മഹാദോഷം മാത്രമേ അദ്ധ്യാത്മതേജസിനെ ഹനിക്കുന്നുള്ളു. ആകയാൽ ആവക ദോഷങ്ങളിൽ അകപ്പെട്ടുന്നവക്കു മാത്രമേ പാപസങ്കീത്തനം ആവശ്യമുള്ളു. എന്നാൽ അല്പ ദോഷത്തിൽമാത്രം പതിക്കുന്നവക്കും അതു ഗുണപ്രദമാണ്. വൈദികരും മെത്രാന്മാരും, മാർപ്പാപ്പാമാർതന്നെയും കുമ്പസാരക്കാരനിൽനിന്നു സദുപദേശങ്ങൾ ശ്രവിക്കുന്നതിനും, ക്രൂദാശയുടെ ഫലം പ്രാപിക്കുന്നതിനുമായി കൂടെക്കൂടെ പാപസങ്കീത്തനം ചെയ്യാറുണ്ട്. പാപസങ്കീത്തനം കൂടാതെതന്നെ മറുമാഗ്ഗങ്ങളിലൂടെ, ഉദാഹരണമായി, മനസ്താപപ്രകരണം, സുകൃതജപോച്ചാരണം, വിശുദ്ധ വെള്ളം ഉപയോഗിക്കൽ, ആമിയായ സൽകമ്മങ്ങളിലൂടെ ചില്ലറ ദോഷങ്ങൾക്കു വിമോചനം പ്രാപിക്കാൻ പാടുണ്ടെങ്കിലും പാപി ആഗ്രഹിക്കുന്ന പക്ഷം അവക്കു പാപസങ്കീത്തനം വഴിയായി പൊറുതി കൈക്കൊള്ളാവുന്നതാണ്.

പിതാവെ, ഭക്തന്മാർ അടുത്തടുത്തു പാപസങ്കീത്തനം കഴിക്കാറുണ്ട്. അല്പദോഷങ്ങളല്ലാതെ മറെറാന്നും അവക്കില്ല. അവർ അതിനു കടപ്പെട്ടവർ അല്ലെങ്കിൽ എന്തിനാണ് ഇത്ര ബുദ്ധിമുട്ടുന്നതു്.

മകനെ, അപ്രകാരം അവർ ചെയ്യുന്നതു് അവരുടെ പുണ്യാഭിവൃദ്ധിക്കുവേണ്ടി മാത്രമാണെന്നു ഞാൻ പറഞ്ഞു കഴിഞ്ഞുവല്ലോ. അപ്രകാരമുള്ള പാപസങ്കീത്തനം

അവരുടെ ആത്മോത്കർഷത്തിനുപകരിക്കുന്ന സദുപദേശങ്ങൾ പട്ടക്കാരനിൽനിന്നു സ്വീകരിക്കുന്നതിനും പട്ടക്കാരന്റെ നിർദ്ദേശമനുസരിച്ചു പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതിനും ദിവ്യകർമ്മ (കൂദാശ) സഹജമായ അനുഗ്രഹം കൈവരിക്കുന്നതിനും അവരെ സഹായിക്കുന്നു.

പിതാവെ, ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. യാതൊരു മഹാദോഷവും ചെയ്യാതിരിക്കയും എന്നാൽ അല്പദോഷങ്ങളിൽ അകപ്പെടുകയും ചെയ്തതിന്റെശേഷം പാപസങ്കീർത്തനംകൂടാതെ എനിക്കു വിശുദ്ധകുർബാന സ്വീകരിക്കാമൊ?

ഉവ്വ്. പാപസങ്കീർത്തനംകൂടാതെ വി. കുർബാന സ്വീകരിക്കാം എന്നാൽ തൽസ്വീകരണം കൂടുതൽ ഫലപ്രദവും സമുചിതവുമാകുവാൻ ആദ്യം ആ പാപങ്ങളെപ്പറ്റി പൂർണ്ണമായി മനസ്താപപ്പെടേണ്ടതാണ്.

എന്റെ പിതാവെ, ഞാൻ ഒരു ഘോരപാപത്തിലും അകപ്പെട്ടിട്ടില്ലെങ്കിൽ, അതെ സ്വമനസാ കഠിനമായവിധം നിന്റെ നിയമത്തെ ലംഘിച്ചിട്ടില്ലെങ്കിൽ, ഏതാനും ആഴ്ചകൾ എന്നല്ല, ഏതാനും മാസങ്ങൾതന്നെ പാപസങ്കീർത്തനം കഴിക്കാതെ അടുത്തടുത്തു കുർബാന കൈക്കൊള്ളുന്നതിനു ഒരു വിരോധവുമില്ലായിരിക്കണമല്ലൊ.

ഒരു വിരോധവുമില്ല. ഞാൻ നിനക്കു ആഹാരമായിത്തീരണമെന്നുള്ള എന്റെ ആഗ്രഹം അത്ര തീവ്രമായ ഒന്നാണ്. എന്നാൽ പുണ്യപരിശീലനത്തിലുള്ള നിന്റെ അഭിവൃദ്ധിയെ ലാക്കാക്കി ഇടയ്ക്കിടയ്ക്കു കുമ്പസാരിക്കുന്നതു നന്നാണെന്നു ഞാൻ നിന്നോടുപദേശിക്കുന്നു. 'കുമ്പസാര'

മെന്നുള്ള 'ക്രൂശാശ' വഴിയായി ഒരുവനു ലഭിക്കാവുന്ന വരപ്രസാദങ്ങൾ ബഹുലമാകയാൽ പുണ്യോത്കർഷത്തിനു സർവ്വോപരി ഉപകരിക്കുന്ന ഈ മാർഗ്ഗം നീ ഉപേക്ഷിക്കയില്ലെന്നു ഞാൻ കരുതുന്നു.

പിതാവേ, നിൻെറ വഴികൾ എത്ര വിസ്മയാവഹവും ഞങ്ങളുടെ അഭ്യുന്നതിക്കും സമാധാനത്തിനും എത്ര ഉപകരിക്കുന്നവയുമാണ്. പാപസങ്കീർത്തനത്തെ സംബന്ധിച്ച് എനിക്കുള്ള സകല സംശയങ്ങളും നിവാരണം ചെയ്യുന്നതിനു നീ എന്നെ പ്രോത്സാഹിപ്പിക്കുന്നതിനാൽ ചിലതെല്ലാംകൂടി നിന്നോടു ചോദിച്ചാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മകനെ, നിനക്കിഷ്ടമുള്ളതെന്തും എന്നോടു ചോദിച്ചുകൊൾക. നീ എന്താണു ചോദിക്കാനുദ്ദേശിക്കുന്നതെന്ന് എനിക്കറിയാം. എന്തുകൊണ്ടെന്നാൽ ഞാനറിയാത്തതായി യാതൊന്നുമില്ല. എന്നാൽ നിൻെറ ഹൃദയസമാധാനത്തിനായി നിൻെറ വിചാരങ്ങൾ എന്നോടറിയിക്കുന്നതിനു ഞാൻ അനുവദിക്കുന്നു.

പിതാവേ, നിൻെറ സാന്ത്വനങ്ങൾക്കു ഞാൻ എത്രമാത്രം നിന്നോടു കടപ്പെട്ടിരിക്കുന്നു! പാപസങ്കീർത്തനത്തിൽ പാപമോചനം നൽകുന്നതിനുമുമ്പ് ഞങ്ങളുടെ കഴിഞ്ഞ ജീവിതത്തിലെ ഒരു പാപംകൂടി പ്രസ്താവിക്കുന്നതിനു പട്ടക്കാരൻ ഞങ്ങളോടാവശ്യപ്പെടുന്നതെന്തിനെന്നു എന്നോടു പറയണമെ.

മകനെ, അതിനുള്ള കാരണം ഞാൻ പറയാം. പാപമോചനത്തിനു പാപത്തെപ്പററിയുള്ള മനസ്താപം

അത്യാവശ്യമാണ്. നിസ്സാരമായ ഒരു പാപത്തെക്കുറിച്ചു എന്നതിനെക്കാൾ കാഠിന്യമേറിയ ഒരു പാപത്തെപ്പററി സങ്കടപ്പെടുന്നതിനാണ് നിനക്കെളുപ്പം. പാപമോചനം നൽകുന്നതിനുമുമ്പ് കഴിഞ്ഞ ജീവിതത്തിലെ ഗുരുതരമായ ഏതെങ്കിലും ഒരു പാപംകൂടി പ്രസ്താവിക്കണമെന്നു പട്ടക്കാരൻ ആവശ്യപ്പെടുന്നതു് ആ പാപം നീ പ്രസ്താവിക്കുമ്പോൾ അതേപ്പററി നിനക്കു മനസ്താപം ഉണ്ടാകയും തദ്വാരാ പാപവിമോചനത്തിനു നീ യോഗ്യതയുള്ളവനായിത്തീരുകയും ചെയ്യുന്നതിലേക്കാണ്. എന്നാൽ നിൻെറ അല്പദോഷങ്ങളെപ്പററി യഥാൎത്ഥമനസ്താപമുള്ള പക്ഷം കഴിഞ്ഞ ജീവിതത്തിലെ ഒരു വലിയ ദോഷംകൂടി പാപസങ്കീൎത്തനത്തിൽ പ്രസ്താവിക്കുന്നതു് പാപസങ്കീൎത്തനത്തിൻെറ സാധുതയെ സുരക്ഷിതമാക്കിത്തീർക്കുന്നതാണ്.

ഒരിക്കൽപോലും മഹാപാപത്തിൽ അകപ്പെടാത്തവർ പലരും ഉണ്ടു്. അവൎക്കു പാപസങ്കീൎത്തനത്തിൽ സാരമായി യാതൊന്നും പറയുന്നതിനായിട്ടില്ല. എന്നിരുന്നാലും അവരുടെ ഈഷദ്ദോഷങ്ങളെപ്പററി അവർ മനസ്താപപ്പെടുന്ന പക്ഷം പാപവിമോചനം അവൎക്കു ലഭിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ പാപസങ്കീൎത്തനമെന്ന കൂദാശ സ്ഥാപിച്ചപ്പോൾ "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ അവൎക്കു മോചിക്കപ്പെടും" എന്നു ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ഈ പ്രസ്താവത്തിൽ, കഴിഞ്ഞതും ഇപ്പോൾ ഉള്ളതും വലുതും ചെറുതും ആയ സകല പാപങ്ങളും ഉൾപ്പെട്ടിട്ടുണ്ടു്.

ദൈവമെ, നിൻെറ നന്മയെ ഞാൻ സ്തുതിക്കുന്നു. 'കൂദാശകൾ' മനുഷ്യരുടെ പ്രയോജനത്തിനുവേണ്ടി മാത്ര

മാണ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്ന് ഇപ്പോൾ ഞാൻ ഗ്ര ഹിച്ചുകഴിഞ്ഞു. ഞങ്ങളുടെ നിത്യനന്മയായ നിന്നിലേക്കു ഞങ്ങളെ നയിക്കുന്ന വഴികളത്രെ 'ക്രമാശകൾ.' യഥാ യോഗ്യം മനസ്സിലാക്കുന്നതായാൽ അവ ഞങ്ങളുടെ ഈ ജീവിതയാത്രയിൽ ഞങ്ങളെ സഹായിക്കയും പ്രോത്സാ ഹിപ്പിക്കയും ചെയ്യുന്നവയെന്നു കാണാം. നീ സർവ്വപ്രധാ നമായി, ഞങ്ങളിൽനിന്നാഗ്രഹിക്കുന്നതു നന്മനസ്സു മാത്ര മാണെന്നും ഇപ്പോൾ എനിക്കു ബോധപ്പെട്ടു.

പ്രിയ മകനെ, നിന്റെ നന്മനസ്സും നിന്റെ സ ന്തുഷ്ടിയുമാണ ഞാൻ ആഗ്രഹിക്കുന്നത്. സന്തോഷത്തോ ടെ ദാനം ചെയ്യുന്ന ഒരു മാതാവിനെയാണ ഞാൻ ഇഷ്ട പ്പെടുന്നത്. സന്തോഷത്തോടെയുള്ള സേവനം എന്നെ തൃപ്തിപ്പെടുത്തുന്നു. 'ക്രമാശകൾ' നിന്റെ സമാധാനത്തെ ഉദ്ദേശിച്ചുള്ളവയാകുന്നു. അവയെ പീഡനത്തിനുള്ള മാർഗ്ഗ ങ്ങളായിക്കരുതുന്നവർ പലരുമുണ്ടെന്നു എനിക്കറിയാം. എന്നാൽ എന്റെ ഉദ്ദേശ്യം അതല്ല. എന്റെ നിർദ്ദേശ ങ്ങൾക്കു പകരം സ്വാഭിപ്രായങ്ങൾക്കു വിധേയരാകുക നിമിത്തം അതിദാരുണമായ പീഡനങ്ങൾ അനുഭവിക്കു ന്നവരായ ചില ആത്മാക്കൾ ഉണ്ട്. അവൎക്ക് ഒരു പരി ഹാരമാർഗ്ഗം എപ്പോഴും സമീപത്തുണ്ടുതന്നെ. അത് അ വരുടെ കുമ്പസാരക്കാരനെ അനുസരിക്കയെന്നതാണ്. കുമ്പസാരക്കാരനെ അനുസരിക്കുന്നവർ എന്നെ അനുസ രിക്കുന്നു. അനുസരണമുള്ള ആത്മാവു എപ്പോഴും സമാധാ നവും പരിശുദ്ധതയും കണ്ടെത്തുകയും ചെയ്യും.

എന്നാൽ നാഥാ, നിന്റെ വിശുദ്ധന്മാർ വളരെ അനുസരണയുള്ളവരായിരുന്നിട്ടും മനോവ്യഥകളാലും സം

ശയങ്ങളാലും വളരെക്കഴങ്ങിയിട്ടുള്ളതായി ഞാൻ വായിച്ചിട്ടുണ്ട്.

പ്രിയ മകനെ, വിശുദ്ധന്മാരോട് പെരുമാറുന്നതിൽ ഞാൻ പ്രത്യേകചില വഴികൾ ഉപയോഗിക്കാറുണ്ട്. മനോവ്യഥയാകുന്ന തീയാൽ അവരിൽ ചിലരെ ഞാൻ പരിശോധിച്ചിട്ടുണ്ട്. പക്ഷെ അപ്രകാരം ഞാൻ ചെയ്തിട്ടുള്ളതു് അവരുടെ പരിപൂർണ്ണതയെയും അവരിൽ നിന്നു മററുള്ളവക്കുണ്ടാകാവുന്ന പ്രയോജനങ്ങളെയും ലാക്കാക്കിയത്രെ. അവരുടെ കാര്യത്തിലും അനുസരണമാണ് അവസാനം അവരെ പീഡകളിൽനിന്നു വിമുക്തരാക്കിയതും പരിപൂർണ്ണതയുടെ തുറമുഖത്തെത്തിച്ചതും. അനുസരണമുള്ള ആത്മാവ് സാധാരണമായി മനഃശങ്കകൾക്കൊ, സാത്താൻെറ ഇതരകൗടില്യങ്ങൾക്കൊ വിധേയമാകുന്നില്ല.

പിതാവെ, എന്നാൽ ഒരു കുമ്പസാരക്കാരൻ ഒരുവൻെറ ആത്മസ്ഥിതി നന്നായി ധരിച്ചില്ലെന്നും അയാളെ മററുവിധത്തിൽ നയിച്ചെന്നും വരാൻപാടില്ലേ?

പ്രേമഭാജനമെ, അതെൻെറ കാര്യമാണ്. നീ അയാളെ ശരിയായി അനുസരിക്കുന്നെങ്കിൽ നിൻെറ വിശ്വാസവും അനുസരണവും നിനക്കു ഗുണകരമായിത്തീരേണ്ടതു എൻെറ ചുമതലയാണ്. ഞാൻ ലോകാവസാനത്തോളം എൻെറ സഭയോടുകൂടി ഉണ്ടായിരിക്കുമെന്ന് ആരംഭത്തിൽത്തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതു ഒരിക്കലും പ്രമാദത്തിലകപ്പെട്ടിട്ടില്ല, അകപ്പെടുകയുമില്ല.

നിൻെറ വിശ്വാസം പരിശീലിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നതിലേക്കായി മാനുഷികോപകര

ണത്തെ ഞാൻ ഉപയോഗിക്കുന്നു. ഞാൻ നേരിട്ടു ദൃശ്യമായവിധം നിന്നോടു പെരുമാറിയെങ്കിൽ നിനക്കിപ്പോൾ എന്നിലുള്ള വിശ്വാസം സാക്ഷാൽ വിശ്വാസമല്ല. എന്നെ അഭിമുഖമായി ദൎശിച്ചുകൊണ്ടു എന്നെ വണങ്ങുന്നതുകൊണ്ടു യാതൊരു വിനയമാകട്ടെ, എന്റെ സ്വരം ശ്രവിച്ചുകൊണ്ടു എന്നെ അനുസരിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമാകട്ടെ നിനക്കു സിദ്ധിക്കാനില്ല. എന്നാൽ ഞാൻ എപ്പോഴും സഭയോടുകൂടിയുണ്ട്. തങ്ങളുടെ ആദ്ധ്യാത്മികഗുരുക്കന്മാരെ നന്മനസ്സോടുകൂടി അനുസരിക്കുന്നവരുടെ അനുസരണം അവരുടെ യഥാൎത്ഥമായ അഭ്യുന്നതിക്കു പൎയ്യാപ്തമായിത്തീരുന്നതാണെന്നു വിശ്വസിക്കുക.

എന്റെ സ്നേഹിക്കപ്പെട്ട പിതാവെ, നീ വലിയവനും സേവനം അൎഹിക്കുന്നവനുമാണ്. എന്നാൽ സൎവ്വോപരി നീ നല്ലവനും സ്നേഹയോഗ്യനുമാകുന്നു.

## അദ്ധ്യായം 6

# അന്തഃകരണമർദ്ദനങ്ങൾ

പ്രിയ പിതാവെ, പലപ്പോഴും എന്നെ അസഹ്യപ്പെടുത്തുന്ന ഒരു സംഗതിയെപ്പററി നിന്നോട് അല്പം സംഭാഷിക്കാൻ ഞാനാഗ്രഹിക്കുന്നു. നിന്നെ അത്യധികം സ്നേഹിക്കുന്ന ചിലർ ചിലപ്പോഴെല്ലാം നിന്നെ ഉപദ്രവിച്ചിരിക്കാമെന്ന ഭയത്താൽ ഹൃദയപീഡ അനുഭവിക്കുന്നതായി കാണുന്നുണ്ടല്ലൊ. നിനക്കു വിരോധം പ്രവർത്തിക്കുന്നതിനെക്കാൾ മരണംതന്നെ കൈവരിക്കുന്നതിന് സന്നദ്ധരായ അവർ നിന്നെ സ്വല്പമാത്രം നിന്ദിച്ചുപോയെന്ന ഭീതിയാൽപോലും ഇങ്ങനെ അതിദാരുണമായി മനസ്സിനെ പിഡിപ്പിക്കുന്നതെന്തുകൊണ്ട്?

നിന്നെ സ്നേഹിക്കുന്നവർക്കു മനസ്സമാധാനം നീ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. എന്നിട്ടും നിന്നെ യഥാർത്ഥമായി സ്നേഹിക്കുന്നവരുടെ കൂട്ടത്തിൽ ചിലരാണല്ലോ ഈ വിധമുള്ള മനോമർദ്ദനത്തിന് അധീനരായി കാണപ്പെടുന്നതു്. ദുഷ്ടന്മാർക്ക് ഈവക വിഷമങ്ങളൊന്നും തന്നെയില്ല. നല്ലവരിൽമാത്രമേ ഈ ഭയമുള്ളതായിക്കാണുന്നുള്ളു. പിതാവെ, നിശ്ചയമായി നിന്റെ ഉററസ്നേഹിതന്മാരിൽ ചിലരെയാണ് ഈ അസ്വാസ്ഥ്യം ബാധിച്ചിട്ടുള്ളതു്.

എന്റെ മകനെ, ആത്മാവിന്റെ ഈ വിധമുള്ള അവസ്ഥയെ ഒരു അസ്വാസ്ഥ്യമെന്ന് നീ നാമകരണം ചെയ്തതു് നന്നായി. ഹൃദയമർദ്ദനം (Scruples) അ

രോഗദൃഢഗാത്രയായ ഒരാത്മാവിനെ ബാധിക്കുന്നതല്ല. അത് അന്തഃകരണത്തിൻെറ ഒരു രോഗംതന്നെയാകുന്നു.

എന്നാൽ നിൻെറ വിശുദ്ധന്മാർ തന്നെയും ചില പ്പോൾ ഈ രോഗത്തിനധീനരായതായി ഞാൻ അറി ഞ്ഞിട്ടുണ്ട്. നിൻെറ ദാസനായ വി. ഇഗ്നേഷിയസിൻെറ വിചാരമാണ് സർവോപരി എൻെറ ഓർമ്മയിൽ വരു ന്നത്. അദ്ദേഹം അന്തഃകരണത്തിൻെറ ചാഞ്ചല്യത്താൽ ആത്മഹത്യക്കുപോലും കച്ചകെട്ടിയതായി ഞാൻ അ റിയുന്നു.

മകനെ, നീ പറയുന്നതു ശരിയാണ്. അവൻെറ ആത്മീയോപദേഷ്ടാവിനോട് (കുമ്പസാരക്കാരൻ) പ്രദ ർശിപ്പിച്ച അനുസരണം എങ്ങനെ ഇഗ്നേഷിയസിനെ പ രിരക്ഷിച്ചുവെന്നും, അവന് ഹൃദയസമാധാനം എങ്ങനെ പ്രദാനം ചെയ്യപ്പെട്ടുവെന്നും, ആത്മാവുകളെ നയിക്കുന്ന ശാസ്ത്രത്തിൽ ഗണ്യമായ ഒരു സ്ഥാനം എങ്ങനെ അവനു ലഭിച്ചുവെന്നുംകൂടി നീ അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. ചില അവസരങ്ങളിൽ വിശുദ്ധന്മാർപോലും അന്തഃകര ണത്തിൻെറ ദുരവസ്ഥയാകുന്ന ഈ ചാഞ്ചല്യത്തിൻെറ ചില വിഷമഘട്ടങ്ങൾ തരണംചെയ്യേണ്ടിയിരുന്നുവെന്നു ള്ളത് വാസ്തവംതന്നെ; എന്നാൽ അത് അവരുടെ അറി വിനും പരിപൂർണ്ണതയ്ക്കും വേണ്ടി നിയോഗിക്കപ്പെട്ടതാ യിരുന്നു. അവർ അനുസരണത്തിൽതന്നെ അതിനു തക്ക തായ ഒരു പ്രതിവിധിയും എപ്പോഴും കണ്ടെത്തി.

സാധാരണജനങ്ങൾ ഈ രോഗബാധയിൽ എ ങ്ങനെ പെരുമാറണമെന്ന് ദൃഷ്ടാന്തീകരിപ്പാൻവേണ്ടി ചില വിശുദ്ധന്മാർ ഇപ്രകാരം മനോമർദ്ദനങ്ങളാൽ

അസ്വസ്ഥരാക്കപ്പെടുന്നതിന് ഞാൻ അനുവദിച്ചിട്ടുണ്ട്. ചില അവസരങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ആത്മാവുകളെ വിനയത്തിലും സ്നേഹത്തിലും പുരോഗമനം ചെയ്യിക്കുന്നതിനുവേണ്ടിയും ഈ രോഗബാധ ഞാൻ അനുവദിക്കാറുണ്ട്. എന്നാൽ സദാപി അത് പരീക്ഷണത്തിനും ആദ്ധ്യാത്മികാഭിവൃദ്ധിക്കും മററുള്ളവരുടെ കാര്യത്തിൽ പ്രതിവിധികൾ നിർദ്ദേശിക്കുന്നതിന് അവർ പ്രാപ്തരായിത്തീരുന്നതിനും വേണ്ടിമാത്രം നൽകപ്പെട്ടവയായിരുന്നു.

മനശ്ചാഞ്ചല്യം സാമാന്യേന ആപൽക്കരമായ ഒരു രോഗംതന്നെ. ഈ രോഗം പിടിപെട്ട ആത്മാവു ഉടൻതന്നെ ആദ്ധ്യാത്മിക വൈദ്യനായ കുമ്പസാരക്കാരനോട് സംഗതികളെപ്പററി കാര്യമായി ആലോചിക്കേണ്ടതാണ്. ഏതുവിധത്തിലുള്ള മനശ്ചാഞ്ചല്യത്തിനും പററിയതായ ഒരു പ്രതിവിധി അദ്ദേഹത്തെ ഞാൻ പഠിപ്പിച്ചിട്ടുണ്ട്. ചാഞ്ചല്യം എത്ര ആപൽക്കരമായാലും കുമ്പസാരക്കാരനായ വൈദ്യൻെറ നിർദ്ദേശങ്ങളനുസരിച്ചുള്ള പ്രവൃത്തികൊണ്ട് പെട്ടെന്നു നീങ്ങിപ്പോകുന്നതാകുന്നു. കൂടാതെ പരിപൂർണ്ണമായ അനുസരണവും ഈ രോഗബാധിതക്ക് അവശ്യം വേണ്ടഗുണമത്രെ.

പിതാവെ, അവനവനാൽ ആവുംവണ്ണം നിന്നെ ശുശ്രൂഷിക്കാൻ ഉററുശ്രമിക്കുന്നവർ ഈ രോഗത്താൽ അസ്വസ്ഥരാക്കപ്പെടുന്നതിന് അങ്ങ് എങ്ങനെ സമ്മതിക്കുന്നു!

എൻെറ മകനെ, ജീവിതം ഒരു സമരമാകുന്നു. എന്നോടുള്ള നിൻെറ വിശ്വസ്തത പ്രദർശിപ്പിക്കാനുള്ള അവ

സരമാകുന്നു അത്. ശത്രു നിന്നോട് പോരാടിക്കൊണ്ടിരിക്കാത്തപക്ഷം നീ സമരത്തിലേൎപ്പെട്ടിരിക്കുന്നുവെന്ന് അറിയുന്നതെങ്ങനെ? ശത്രുവിന്റെ ആക്രമണം ഒരിക്കൽ ഒരു വിധത്തിലെങ്കിൽ മറ്റൊരിക്കൽ മറ്റൊരുവിധത്തിലായിരിക്കും. ചിലർ സ്വപ്നത്താലും, മറ്റു ചിലർ സ്ഥാനമാനങ്ങളാലും, വേറെ ചിലർ ശരീരത്തെയൊ, ആത്മാവിനെയൊ പീഡിപ്പിക്കുന്ന വേദനകളാലും പരീക്ഷിക്കപ്പെടുന്നു. അഗ്നിസ്ഫോടകസദൃശമായ ഈ പരീക്ഷണങ്ങളാൽആത്മാവ് കളങ്കം നീങ്ങി പരിശുദ്ധമാക്കപ്പെടുകയുംചെയ്യുന്നു.

ചാഞ്ചല്യം മറ്റുതിന്മകളെപ്പോലെ ജീവിതമദ്ധ്യേ ഞാൻ അനുവദിക്കുന്ന ഒരു പീഡയാകുന്നു. ഈ രോഗത്തിനു പറ്റിയ ഔഷധം എല്ലാവൎക്കും സുഖകരമാംവണ്ണം ലഭിക്കുന്നതിനും ഞാൻ ഏൎപ്പാടുചെയ്തിട്ടുണ്ട്. കുമ്പസാരക്കൂട്ടിലിരിക്കുന്ന പട്ടക്കാരൻ ആത്മാവിന്റെ ഉത്തമവൈദ്യനാനാകുന്നു. മനശ്ചാഞ്ചല്യങ്ങളാൽ പീഡിപ്പിക്കപ്പെടുന്ന ആത്മാവ് ഈ വൈദ്യന്റെ നിർദ്ദേശങ്ങളനുസരിച്ചു പ്രവൎത്തിച്ചാൽ രോഗം തീരെ വിട്ടുമാറുന്നതാണ്.

പിതാവെ, ചാഞ്ചല്യം ഒരു രോഗം തന്നെയാണെന്ന് എനിക്കെപ്പോഴും തോന്നിയിരുന്നു. ഇപ്പോൾ നിന്നിൽ നിന്നുതന്നെ അതപ്രകാരമാണെന്നു ഞാനറിഞ്ഞതിനാൽ കൃതാൎത്ഥനായി.

അതെ, മകനെ, അതൊരു രോഗംതന്നെ കുറെ നാളത്തേയ്ക്കു് അന്തഃകരണമർദ്ദനബാധക്കു അധീനമായ ആത്മാവ് തൽസമയം അതിന്റെ സഹജാവസ്ഥയിലായിരിക്കയില്ല. ഏതൻമൂലം ഈ അവസ്ഥയിൽ അത് നയി

ക്കപ്പെടേണ്ടതു് അത്യാവശ്യമാകുന്നു. വിനീതമായ അനുസരണം ആത്മാവിനെ തോളിലേന്തി പൂർവാവസ്ഥയിലേക്കാനയിച്ചുകൊള്ളും, നിശ്ചയം.

പിതാവെ, നിന്നെ ശുശ്രൂഷിക്കണമെന്ന് അതിയായി ആഗ്രഹിച്ചു പ്രവർത്തിക്കുന്ന ആത്മാവു് ഇപ്രകാരമുള്ള ഒരവസ്ഥയിൽ അകപ്പെടുന്നതു ഭയങ്കരമല്ലയോ?

ആത്മാവു് നിരാശ്രയനായി വർത്തിക്കേണ്ടിവരുന്നെങ്കിൽ നീ ശങ്കിക്കുന്നതു് ഒട്ടൊക്കെ ശരിയായിരുന്നേനെ. എന്നാൽ ഞാൻ ഇതിനു കൈകണ്ട ഒരൌഷധം കല്പിച്ചിട്ടുണ്ടല്ലോ. തദൌഷധം ഈ രോഗത്തെ പൂർണ്ണമായി ശമിപ്പിക്കുമെന്നു മാത്രമല്ല, വിലതീരാത്ത പുണ്യമായ വിനയത്താൽ അതിനെ അലങ്കരിക്കയും ചെയ്യുന്നു.

ദൈവമെ, ഈ വിഷമാവസ്ഥയിൽ ആത്മാവു് നിരാശക്കധീനമായി ശത്രുവിനു് സർവഥാ കീഴടങ്ങിയെന്നു വരാൻ പാടില്ലയോ?

കുമ്പസാരക്കാരൻ മുഖേന എൻെറ സ്വരം കേൾക്കുന്നുവെങ്കിൽ അങ്ങനെവരികയില്ല. സാധാരണമായി ചാഞ്ചല്യങ്ങൾ ഉണ്ടാകുന്നതു് കൂടുതൽ അദ്ധ്വാനിച്ച ഒരു അന്തഃകരണത്തിൽ അത്രെ. എന്നെ അനിഷ്ടപ്പെടുത്തിയെന്നുള്ള ഭയം ചില ആത്മാവുകളെ വിറകൊള്ളിക്കതന്നെ ചെയ്യുന്നുണ്ട. എന്നാൽ സ്നേഹത്തിൽനിന്നു് അപ്രകാരം പേടിച്ചു വിറക്കുന്നവനെ ഞാനിഷ്ടപ്പെടുന്നു. ഞാൻ ഒരു പിതാവല്ലയോ? വേലക്കാരനിൽനിന്നു് ശക്തിയിലധികം വേല ആവശ്യപ്പെടുന്ന ക്രൂരനായ യജമാനനല്ല ഞാൻ. അറിയാതെതന്നെ ദൈവത്തെ അനിഷ്ടപ്പെടുത്തുവാൻ എടയുണ്ടെന്നു ശങ്കിക്കുന്നവൻ എന്നെ തെററിദ്ധരിക്കുന്നു. ചാ

ഞ്ചല്യാധീനയായ ആത്മാവ് പാപകരമായി എന്തെങ്കിലും പ്രവർത്തിച്ചുപോയെന്നോർത്ത് സദാ ഭയാസ്വസ്ഥയായി കഴിച്ചുകൂട്ടുന്നു. അത് അത്യൽക്കണ്ഠയുടെ അതിരുകടന്ന പ്രവൃത്തിയാകുന്നു. ആത്മബോധം കൂടാതുള്ള പ്രവൃത്തി എന്നെ അനിഷ്ടപ്പെടുത്തത്തക്കതല്ലെന്ന് ഓരോരുത്തനും നന്നായി ധരിക്കേണ്ടതാകുന്നു. ഞാൻ ആവശ്യപ്പെടുന്നതു് നന്മനസ്സാണ്. നന്മനസ്സുണ്ടെന്നു കാണുമ്പോൾ ആത്മാവ് നല്ലതു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു. അപ്രകാരമുള്ള ആത്മാവ് എനിക്കിഷ്ടപ്പെട്ടതാണ്.

ചാഞ്ചല്യരോഗത്താൽ ബാധിതങ്ങളായ ആത്മാവുകൾ നിനക്കു ശുശ്രൂഷചെയ്യുവാൻ അതിജാഗ്രത പ്രദർശിപ്പിക്കുന്നതായി എനിക്കറിയാം.

മകനെ, നല്ല ആത്മാവ് കുറെക്കാലത്തേക്ക് പരീക്ഷണാർത്ഥം ഇപ്രകാരം പീഡ അനുഭവിച്ചെന്നുവരാം; എന്നാൽ ഏറെ ദീർഘിക്കാത്ത ഈ ഘട്ടങ്ങളൊഴിച്ച് മററവസരങ്ങളിൽ താദൃശാത്മാവ് സാധാരണമായി പ്രസ്തുതരോഗത്താൽ ക്ലേശിക്കാറില്ല. എന്തുകൊണ്ടെന്നാൽ അതു് അനുസരണമുള്ളതായിരിക്കും. അനുസരണമുള്ളവൻ ചാഞ്ചല്യത്തിനധികം നാൾ അധീനനായിരിക്കയില്ല. കുമ്പസാരക്കാരനോടുള്ള അനുസരണമാണ് ഇതിനുള്ള സിദ്ധൌഷധം.

എന്നാൽ വിനീതരും അനുസരണമുള്ളവരുമായ സന്ന്യാസികളും സന്ന്യാസിനികളും ഈ രോഗബാധിതരാകുന്നതെങ്ങനെയെന്ന്, എന്റെ പിതാവെ, എനിക്കു മനസ്സിലാകുന്നില്ല.

അനുസരണമുള്ളവരും വിനീതരുമായ സന്ന്യാസികളും സന്ന്യാസിനികളും ചാഞ്ചല്യങ്ങളാൽ അസ്വസ്ഥത അനുഭവിക്കുമ്പോൾ കുറെ നാളത്തേയ്ക്ക് ഉത്തരവാദിത്വമില്ലാത്ത അവസ്ഥയിൽ വർത്തിക്കുന്നു. അഗ്നിയിൽ സ്വർണ്ണമെന്നപോലെ തത്തൽ പരിശുദ്ധി എന്നാൽ പരീക്ഷിക്കപ്പെടുന്ന ചില വിശുദ്ധന്മാരെ ഒഴിച്ചാൽ മററാക്കും മനസ്സിൻെറ സാധാരണാവസ്ഥയിൽ ഇതു സംഭവിക്കുന്നില്ല.

പിതാവെ, ഒരാത്മാവ് നിന്നെ ശുശ്രൂഷിക്കാൻ യത്നിക്കുമ്പോൾ അതിനെ ഈ പരിതാപകരമായ അവസ്ഥയിലാക്കിത്തീക്കുന്നതു സാഹസമല്ലയൊ?

പ്രിയ മകനെ, എന്നെ സ്നേഹിക്കുന്നവൻ നിത്യനായ യജമാനനെയാണ് ശുശ്രൂഷിക്കുന്നതു്. സേവനത്തിന് ഇവിടത്തന്നെ സമ്മാനം നൽകുന്ന ഒരു ഭൌമികനേതാവല്ല ഞാൻ. കടന്നുപോകുന്ന ഈ ലോകത്തിൽ എനിക്കു ശുശ്രൂഷചെയ്യുന്നവക്ക് മേലിൽ പ്രതിഫലം നൽകുന്നതിന് നിത്യത്വംമുഴുവനും എൻെറ സ്വാതന്ത്ര്യത്തിലുണ്ടു്.

എൻെറ സേവനം വസ്തുനാശം, ബഹുമാനനാശം, സ്വാതന്ത്ര്യനാശം എന്നല്ല, ജീവിതനാശംതന്നെയും വരുത്തിക്കൂട്ടിയേക്കാം. എനിക്കുവേണ്ടിജീവനെ ഉപേക്ഷിക്കുന്നവർ അതു കണ്ടെത്തും. യുദ്ധം അവസാനിക്കുന്നതിനുമുമ്പ് ഒരു നേതാവ് അയാളുടെ സേവകന് ധീരതാനുസാരം പ്രതിഫലം നൽകാറില്ല. എനിക്കു നീ ചെയ്യുന്ന സേവനത്തിൻെറ പ്രതിഫലമായ എൻെറ പ്രീതി ജീവിതയുദ്ധം അവസാനിക്കുന്നതിനുമുമ്പ് ഞാനും പ്രകടി

പ്പിക്കുന്നതല്ല. ഈ യുദ്ധത്തിൽ നീ മുറിവുകൾ ഏൽക്കണം; രക്തം ചൊരിയണം. നീ ഏൽക്കുന്ന ഓരോ മുറിവും നീ ചൊരിയുന്ന ഓരോ രക്തകണവും ഞാൻ കാണുന്നുണ്ട്. ജീവിതസമരം അവസാനിക്കുമ്പോൾ നീ എനിക്കുവേണ്ടി പ്രവർത്തിക്കയും സഹിക്കയും ചെയ്ത എല്ലാററിനെക്കുറിച്ചും നീ സന്തോഷിക്കാതിരിക്കയില്ല.

വേദസാക്ഷികൾ എൻെറനേരെയുള്ള സ്നേഹം നിമിത്തം സ്വജീവനെ ബലികഴിച്ചു. എന്നാൽ നിത്യജീവനും പ്രതാപവും അവരെ പ്രതീക്ഷിക്കുന്നതായി അവർ അനുഭവപ്പെടുകയുംചെയ്തു. മററുചിലർ എൻെറ നാമത്തെക്കുറിച്ച് വസ്തുനാശം, പ്രവാസം ആദിയായ പീഡനങ്ങൾ അനുഭവിച്ചു; എന്നാൽ അവസാനം സ്വർഗ്ഗരാജ്യത്തിൻെറയും എൻെറ ദൈവികസ്വഭാവത്തിൻെറയും അവകാശികളായിത്തീൎന്നു. ഞാൻ പ്രതിഫലം നൽകുന്നത് ഒരു ഭൌമികപ്രഭുവിനെപ്പോലെയല്ല, പ്രത്യുത നിത്യനായ ഒരു രാജാവിനെപ്പോലെയത്രെ.

ആകയാൽ, പ്രിയപ്പെട്ട മകനെ, എൻെറ സേവനത്തിന് ഒരാത്മാവ് മനോവ്യഥ അനുഭവിക്കുന്നെങ്കിൽ അത് മാനുഷികദൃഷ്ട്യാ ഭയജനകമെങ്കിലും, രക്തസാക്ഷികളും വേദസാക്ഷികളും എനിക്കുവേണ്ടി സഹിച്ച പീഡനങ്ങളെക്കാൾ ഒട്ടും അധികമില്ല. ഭൌമികദൃഷ്ട്യാ പീഡകൾ ഭയജനകങ്ങളെങ്കിലും പാരത്രികദൃഷ്ട്യാ അതു ഐശ്വര്യകരങ്ങളാണ്. പീഡകൾ എത്ര വലുതോ, ത്യാഗത്തിൻെറ ശക്തിയും അത്ര വലുതായിരിക്കും. സ്വർഗ്ഗീയ ത്രാസിൽവച്ച് തുലനംചെയ്തുനോക്കു

മ്പോൾ മാത്രമേ ഭൗമികാരിഷ്ടതകളുടെ യഥാൎത്ഥവും ശാശ്വതവുമായ വില ക്ലിപ്തപ്പെടുകയുള്ളു.

പിതാവെ, നീ വലിയവനും ആരാധ്യനുമാകുന്നു. നിന്നെക്കുറിച്ച് ഞങ്ങൾ എന്തുതന്നെ സഹിച്ചാലും അവമൂലം ഒരു കാലത്ത് ആഹ്ളാദിക്കാനിടവരുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. വസ്തുനാശം, മാനനഷ്ടം, ജീവഹാനി, ആദിയായവ നിന്റെ സ്വൎഗ്ഗീയപ്രതിഫലത്തോടു തുലനം ചെയ്തുനോക്കുമ്പോൾ എത്ര നിസ്സാരം!

മകനെ, എന്നെക്കുറിച്ച് ഈ ലോകത്തിൽ സഹിക്കുന്ന പീഡകൾ പരലോകത്തിൽ സ്വൎണ്ണക്കട്ടകളായിപ്പകരും. ഇതിൽനിന്ന് ഐഹികവാസത്തെക്കുറിച്ച് ഒട്ടും ചിന്തിക്കേണ്ടതില്ലെന്നു വരുന്നില്ല. ചില അവസരങ്ങളിൽ അസാധാരണമായ ത്യാഗങ്ങൾ നിന്നിൽനിന്നു ഞാൻ ആവശ്യപ്പെട്ടാൽ ജീവിതകാൎയ്യങ്ങളിൽ നീ വിവേകവും ശ്രദ്ധയും ത്യജിക്കണമെന്ന് അൎത്ഥമാകുന്നില്ല. വിഷമമേറിയ വസ്തുക്കൾ നിന്നോടു ഞാൻ ആവശ്യപ്പെട്ടാൽ എന്റെ കല്പനയ്ക്കു നീ സസന്തോഷം കീഴടങ്ങണം. എന്നാൽ നിന്റെ സൂക്ഷക്കുറവിനാലൊ, വിവേകശൂന്യതയാലൊ പീഡകളും ജീവനാശവും സംഭവിക്കാതിരിക്കാൻ നീ പ്രത്യേകം കരുതുകയുംവേണം.

സൂക്ഷക്കുറവിനാലൊ, അവിവേകത്താലൊ വന്നുകൂടുന്ന കഷ്ടനഷ്ടങ്ങളും സങ്കടങ്ങളും എന്നെക്കുറിച്ചാണെന്നു വാദിക്കരുത്. എന്നാൽ വിവേകപൂൎവ്വമായ നിന്റെ കൃത്യനിൎവഹണത്തിൽ എന്തെങ്കിലും നഷ്ടങ്ങളൊ, വൈഷമ്യങ്ങളൊ, നേരിട്ടാൽ അവ പീഡകളാ

ണെന്നു കരുതാതെ എന്റെ നേരെയുള്ള സ്നേഹത്തെ പ്രകടമാക്കാൻ പര്യാപ്തമായ അവസരങ്ങളാണ് അവ യെന്ന് നീ പരിഗണിക്കണം. എന്നോടുള്ള സ്നേഹംനി മിത്തം എന്തെങ്കിലും ചെയ്യാനാഗ്രഹിക്കുന്നവർ അതൊര നുഗ്രഹമായിട്ടല്ലാതെ മററുവിധത്തിൽ കരുതാറില്ല.

ജീവിതത്തിൽ നിനക്കുള്ള ചുമതലകൾ ശക്തി ക്കൊത്തവണ്ണം നിറവേററണമെന്ന് ഞാൻ ആവശ്യപ്പെ ടുന്നു; അപ്രകാരം ചെയ്യുന്നതിനിടയ്ക്ക് പരാജയമൊ, സങ്കടമൊ നഷ്ടമൊ നേരിട്ടാൽ നീ എന്റെ മനസ്സിനു പൂർണ്ണമായി കീഴ്‌വഴങ്ങണം. ഇങ്ങനെ നിന്റെ മനശ്ശ ക്തിയും പ്രാപ്തിയും എന്നിൽനിന്നു ലഭിക്കുന്ന എല്ലാസാ ഹചര്യങ്ങളും വിവേകപൂർവ്വം എന്നെ സേവിക്കേണ്ടതി നായി നീ ഉപയോഗിക്കണമെന്നത്രെ എന്റെ നിശ്ചയം. എന്റെ സേവനത്തിൽ ചാഞ്ചല്യങ്ങൾക്കു സ്ഥാനമില്ല. അവയെ വർജ്ജിക്കുന്നതിനും, എതിക്കുന്നതിൽ ഞാൻ നി ർദ്ദേശിച്ച ഉപായങ്ങൾ സ്വീകരിക്കുന്നതിനും, വിശ്വാസ വും വിവേകവും പ്രേരിപ്പിക്കുംപ്രകാരം എന്നെ സേവി ക്കുന്നതിനും നീ കടപ്പെട്ടിരിക്കുന്നു. ചാഞ്ചല്യങ്ങൾ നി ചങ്ങളാണ്. സാത്താൻ ആത്മാവുകളെ അധൈര്യപ്പെ ടുത്തുന്നതിനും അസ്വസ്ഥങ്ങളാക്കുന്നതിനുമായി അവ ഉപയോഗിക്കുന്നു. അനുസരണമുള്ള ആത്മാവുകളാകട്ടെ, അവയോട് എതിക്കുന്നതിനുള്ള ആയുധങ്ങൾ കുമ്പസാര ക്കൂട്ടിൽ കണ്ടെത്തും.

പ്രേഷ്ഠനാഥാ, ചാഞ്ചല്യാധീനമായ ഒരാത്മാ വിന്റെ കാര്യം വൈഷമ്യമേറിയ ഒന്നാണെന്ന് നീ എ ന്നെ മനസ്സിലാക്കി. എന്നാൽ ആത്മാവ് തന്നിൽത്ത

ന്നെയും മററുവസ്തുക്കളിലും മററാളുകളിലുംഉള്ള വിശ്വാസം നഷ്ടപ്പെട്ടത്തി നിരാശാഗത്തത്തിലാണ്ടുപോയാൽ എന്തുചെയ്യേണ്ടു?

എൻെറ ഓമനെ, അങ്ങനെയുള്ള ആത്മാവിൻെറ സ്ഥിതി പരിതാപകരാതന്നെ. അപ്രകാരം അതിരുകടന്ന വ്യാധിക്ക് അതിരുകടന്ന പ്രതിവിധികളും വൈദ്യൻ ഉപയോഗിക്കേണ്ടതായിട്ടുണ്ട്. വൈദികന് അതിനുള്ള ഉപായങ്ങൾ അറിയാം. അദ്ദേഹത്തെ അനുസരിച്ചാൽ മാത്രം മതി, എന്നാൽ ഭയത്തിനവകാശമില്ല.

പശ്ചാത്തപിക്കുന്നവൻ മനസാ ഒന്നുകിൽ ഉത്തരവാദിയാണ്, അഥവാ അല്ല. ഉത്തരവാദിയാണെങ്കിൽ അനുസരണം അവന് കടപ്പെട്ടതായിത്തീരുന്നു. ഉത്തരവാദിത്വബോധമില്ലെങ്കിൽ ആ ആത്മാവ് എൻെറ കൈയിലാണ്. എന്നെ ശുശ്രൂഷിക്കാൻ ശ്രമിക്കുന്ന ഏവനെയും നശിക്കാതെ സൂക്ഷിക്കേണ്ടതു് എൻെറ ചുമതലയാകുന്നു. നന്മനസ്സാണ് ഞാൻ സർവ്വപ്രധാനമായി ആവശ്യപ്പെടുന്നതു്. അതെവിടെയുണ്ടോ, അവിടെ എനിക്കു സ്വീകാര്യമായ സേവനവും ലഭിക്കുന്നു.

ഭക്തിപരമായ ജീവിതം ആരംഭിക്കുന്നവർ ആത്മാവിനെപ്പററിയുള്ള ശുഷ്കാന്തിയാൽ മതിമറന്നുപോയെന്നു വരാം. അവരുടെ ഭക്തിക്കു തൃപ്തി നൽകുന്നതിനായി നിസ്സാരങ്ങളെ അവർ വലുതായി വിചാരിക്കയും അതിരു കടന്ന ശുഷ്കാന്തിയാൽ ശരീരത്തിൻെറയും ആത്മാവിൻെറയും ആരോഗ്യം നഷ്ടപ്പെടുത്തുകയും ചെയ്തേക്കാം. അവർ ശാരീരികമായ ഏതോ രോഗം ബാധിച്ചവരെപ്പോലെയുള്ളവരാണ്. ആകയാൽ ആദ്ധ്യാത്മികവൈ

ദ്യന്റെ പ്രത്യേക ചികിത്സയ്ക്കു് അവർ സ്വയം വിട്ടുകൊടുക്കേണ്ടതാകുന്നു.

ശാരീരികമായ രോഗങ്ങളെ ചികിത്സിക്കുന്ന വൈദ്യൻ, രോഗി തന്നിൽ വെച്ചിട്ടുള്ള വിശ്വാസത്തിന്റെയും തന്റെ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയുടെയും ആവശ്യം മനസ്സിലാക്കുന്നു. അതിനാൽ അപ്രകാരം ചെയ്യാത്ത രോഗിയെ വൈദ്യൻ ചികിത്സിക്കുന്നതല്ല.

ഏററം വലിയ വൈദ്യൻ ഞാൻതന്നെയാകുന്നു. ആത്മീയരോഗബാധിതരെ ചികിത്സിക്കുന്നതിനാണ് ഞാൻ വന്നിരിക്കുന്നതു്. എനിക്കുവേണ്ടി പ്രവർത്തിക്കുന്നതിനാണ് ഞാൻ വൈദികന്മാരെ ഏർപ്പെടുത്തിയിട്ടുള്ളതു്. ആദ്ധ്യാത്മികരോഗബാധിതരാകയാൽ കുമ്പസാരക്കൂട്ടിലെത്തുന്നവർ സാക്ഷാൽ എന്റെ പക്കലാണു് അഭയം പ്രാപിക്കുന്നതു്. ആകയാലത്രെ ചാഞ്ചല്യാധീനർ അവർക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഉപായങ്ങൾ അവഗണിക്കാത്തപക്ഷം ഭയപ്പെടേണ്ടതില്ലെന്നു ഞാൻ നിന്നോടു പറഞ്ഞതു്.

ചിലപ്പോൾ ആത്മാവിന്റെ വ്യാധിയായ അന്തഃകരണമർദ്ദനങ്ങൾ ശരീരവ്യാധികൾ നിമിത്തവും ഉണ്ടാകാറുണ്ടു്. അപ്രകാരമെങ്കിൽ ശാരീരികചികിത്സക്കു സമർത്ഥനായ ഒരു വൈദ്യന്റെ നേതൃത്വത്തിൽ ഏല്പിക്കേണ്ടതാണ്. വിവേകമുള്ളവരായ കുമ്പസാരക്കാർക്കും ഇതറിയാം; അതനുസരിച്ചു രോഗികളോടവർ ഉപദേശിക്കുകയും ചെയ്യും.

എൻെറ സ്രഷ്ടാവെ, ഇവയെല്ലാം എന്നെ ഭയപ്പെടുത്തുന്നു. നിൻെറ സേവനം സമാധാനത്തെ പ്രദാനം ചെയ്യുമെന്നാണ് ഞാൻ എപ്പോഴും വിചാരിച്ചിരുന്നത്.

അതെ, എൻെറ മകനെ, എൻെറ ശുശ്രൂഷക്ക് തങ്ങളെത്തന്നെ കഴ്ചൽപ്പിക്കുന്നവർ യഥാൎത്ഥമായ സമാധാനം കണ്ടെത്തുന്നു. നിൻെറ വികാരങ്ങൾ ഏവയെന്നു എനിക്കറിയാം. എൻെറ തനതു ആട്ടിൻകൂട്ടത്തിൽപ്പെട്ടവൎക്ക്— അതെ, എന്നെ അത്യധികം സ്നേഹിക്കുന്ന എൻെറ വാത്സല്യഭാജനങ്ങൾക്ക്— പീഡകൾ സമ്മാനിക്കുന്നതെന്തിനെന്നോൎത്താണ് നീ വിസ്മയിക്കുന്നത്. മകനെ, രക്തസാക്ഷികൾ എൻെറ വാത്സല്യമക്കളായിരുന്നുവല്ലൊ. ഒടുവിലത്തെ രക്തകണം ചിന്തിയപ്പോൾപ്പോലും അവർ എന്നെ തീവ്രമായി സ്നേഹിച്ചിരുന്നു. എൻെറ അമ്മ എനിക്കു സ്വന്തമായിരുന്നില്ലയോ? എന്നിട്ടും നോക്കുക! ഒരു വ്യാകുലകഠാരം അവളുടെ നിൎമ്മലഹൃദയത്തെ പിളൎക്കയുണ്ടായി

ഐഹികപീഡകളുടെ രഹസ്യമിതാണ്. നിത്യത്വത്തിൽവച്ചേ നീ ഇവയെല്ലാം ശരിയായി ഗ്രഹിക്കയുള്ളു. ആകയാൽ ഇപ്പോൾ നീ എൻെറ മനസ്സറികയും അതനുസരിച്ചു പ്രവൎത്തിക്കുകയുംമാത്രം ചെയ്താൽമതി. ചാഞ്ചല്യത്തിൻെറ യഥാൎത്ഥസ്വഭാവവും അതിനുള്ള സിദ്ധൌഷധങ്ങളും ഞാൻ നിന്നോടുപറഞ്ഞുകഴിഞ്ഞു.

പ്രിയ മകനെ, നിൻെറ ഉദ്ദേശം അതല്ലാത്തപക്ഷം നിനക്കെന്നെ വെറുപ്പിക്കാൻ കഴിയുന്നതല്ലെന്നു ഒരിക്കൽ

കൂടി നിന്നോടു ഞാൻ പറയുന്നു. എനിക്കു വിരോധംപ്രവത്തിക്കാൻ നിനക്കു ദ്ദേശമുണ്ടായിരുന്നോ, ഇല്ലയോ എന്നു സംശയിക്കുന്ന അവസരങ്ങളിൽ നീ അസ്വസ്ഥനായിത്തീരരുത്. സംശയത്തിൻകീഴിലുള്ള ഒരു ദ്രോഹത്തിനു നിന്നെ ഞാനുത്തരവാദിയായിക്കരുതുകയില്ല. ഒരു പ്രവൃത്തിചെയ്യുമ്പോൾ അതു പാപമല്ലെന്നുള്ള ബോധത്തിലാണ് നീ പ്രവത്തിച്ചതെങ്കിൽ ആ പ്രവൃത്തി പാപമായിരുന്നാൽത്തന്നെയും നീ അതിനുത്തരവാദിയായിത്തീരുന്നതല്ല. പ്രവൃത്തി ചെയ്യുന്ന വേളയിൽ അതു പാപമാണെന്നുള്ള ബോധം ഇല്ലാതിരിക്കയും പിന്നീടതു പാപകരമായ ഒരു കമ്മമാണെന്നു ധരിക്കാൻ എടവരികയും ചെയ്താലും അതെപ്പററി നീ ഖേദിക്കേണ്ട. പിന്നീടു നിനക്കു ലഭിച്ച അറിവ് കഴിഞ്ഞ പ്രവൃത്തിയെ പാപമാക്കിത്തീക്കുകയില്ല. ഞാൻ ഈ പറയുന്നതു വിചാരം, വചനം, പ്രവൃത്തി എന്നീ മൂന്നിനെയും സംബന്ധിച്ചത്രെ.

സ്നേഹവിശ്വാസങ്ങളോടുകൂടി നീ എന്നെ ശുശ്രൂഷിക്കണമെന്നാണ് എന്റെ മകനെ, ഞാൻ ആഗ്രഹിക്കുന്നത്. എന്റെ നന്മയേയും സ്നേഹത്തേയും സംശയിക്കുന്ന നിന്റെ മനശ്ചാഞ്ചല്യങ്ങൾ എനിക്കു ഇഷ്ടമില്ല. നിന്റെ നന്മനസ്സ് എനിക്കു തരിക— ശേഷമെല്ലാം ഞാൻ ഏററിരിക്കുന്നു. എന്നെ ഇഷ്ടപ്പെടുത്തുന്നതിനു നീ ശ്രമിക്കുമ്പോൾ എന്റെ സേവനത്തിൽ അവിശ്വാസത്തിനൊ ശങ്കയ്ക്കൊ അവകാശമില്ല

എന്നാൽ പിതാവെ, ഇനി ആ കാൎയ്യമാണു എനിക്കല്പം സംശയഗ്രസ്തമായിത്തോന്നുന്നത്. ഞാൻ നിന്നെ ഇഷ്ടപ്പെടുത്തുന്നതിനായി ശ്രമിക്കുന്നുണ്ടോ?

വത്സല മകനെ, നിൻെറ ചോദ്യത്തിനുള്ള ഉത്തരം സ്പഷ്ടമല്ലയോ? നിൻെറ കത്തവ്യം നിവ്വഹിക്കുന്നതിനു ശ്രമിക്കുമ്പോൾ എന്നെ ഇഷ്ടപ്പെടുത്തുന്നതിനു നീ ശ്രമിക്കയത്രെ ചെയ്യുന്നതു്. ഏററം വലിയ വിശുദ്ധന്മാരും അവക്കു കഴിയുന്നതെല്ലാം ഒന്നൊഴിയാതെ ചെയ്യുന്നില്ല. എന്നാൽ ഇക്കാരണത്താൽ അവർ അസ്വാസ്ഥചിത്തരായിത്തീരുന്നില്ലതന്നെ. വിനയത്താൽ സ്വയമേ അവർ അശക്തരാണെന്നു ഗ്രഹിക്കയും എൻെറ നന്മയിൽ ആശ്രയിച്ചുകൊണ്ടു് തങ്ങൾക്കു നേരിടുന്ന അധഃപതനങ്ങളെ വകവെക്കാതെ സസന്തോഷം എന്നെ ശുശ്രൂഷിക്കയുമാണു് ചെയ്യുന്നതു്. അധഃപതനങ്ങളെപ്പററി എന്തിനു ഖേദിക്കുന്നു. ഏതു നീതിമാനാണു് അധഃപതനങ്ങൾക്കു വിധേയനാകാതിരുന്നിട്ടുള്ളതു്.

എൻെറ പിതാവെ, എൻെറ ദൗർബല്യത്തെക്കാളും നിൻെറ നന്മയെപ്പററി അത്യധികം ചിന്തിക്കാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു.

മകനെ, സമാധാനത്തിനും എൻെറ സേവനത്തിൽ അഭിവൃദ്ധിക്കും ഉള്ള ഉത്തമമാൎഗ്ഗം അതാണു്. നീ ചെയ്യുന്ന പ്രവൃത്തികളെക്കാൾ ആക്കുവേണ്ടി നീ അവ ചെയ്യുന്നുവോ ആ ആളിനെപ്പററി ചിന്തിക്കുക. എന്നെ ശുശ്രൂഷിക്കുന്നതു് ഭാഗ്യാവഹമാണു്. ഈ വസ്തുത എൻെറ സേവനത്തിൽ നിന്നെ ആഹ്ലാദഭരിതനാക്കിത്തീർക്കട്ടെ ചിലപ്പോഴെല്ലാം നിനക്കു് അധഃപതനങ്ങൾ നേരിട്ടാൽ അവയെപ്പററി നിരാശപ്പെടാതെ ധൈര്യം അവലംബിച്ചു് വീണ്ടും തുടങ്ങുക. അധഃപതിക്കുകയെന്നുള്ളതു മനുഷ്യസാധാരണമായ അനുഭവമാകുന്നു. എ

ന്നാൽ എൻെറ സ്നേഹത്തെക്കുറിച്ച് എഴുന്നേററു മുമ്പോട്ടു ഗമിക്കുന്നതു് ദൈവികമാകുന്നു. എഴുന്നേൽക്കുന്നതിനും വീണ്ടും നിൻെറ ഉദ്യമങ്ങളെ തുടരുന്നതിനും എൻെറ സാഹായ്യം എപ്പോഴും നിനക്കുണ്ടായിരിക്കും.

ഏററം പ്രിയപ്പെട്ട നാഥാ, ഇപ്പോൾ ഈ വഴി വളരെ എളുപ്പമുള്ളതായി എനിക്കു തോന്നുന്നു. നിൻെറ വചനങ്ങൾ എന്നെ നയിക്കയും എന്നെ പ്രോത്സാഹിപ്പിക്കയുംചെയ്യട്ടെ. എന്നാൽ കഴിയുന്നതെല്ലാം നിൻെറ സ്നേഹത്തെക്കുറിച്ച് സസന്തോഷം ചെയ്യുന്നതിനുംശേഷമെല്ലാം നിൻെറ കരങ്ങളിൽ കൈയേൽപ്പിക്കുന്നതിനും ഞാനാശിക്കുന്നു.

പ്രേമഭാജനമായ എൻെറ മകനെ, അപ്രകാരം പ്രവർത്തിക്കുന്ന പക്ഷം ഞാൻ ഒരുക്കിയിരിക്കുന്ന നിത്യഭാഗ്യത്തിലേക്കു നീ സുരക്ഷിതനായി പുരോഗമനം ചെയ്യുന്നതാണ്. അപ്പോൾ നീ എന്നെ അഭിമുഖമായി ദർശിക്കുന്നതും സ്വർഗ്ഗീയപ്രഭയിൽ എല്ലാ രഹസ്യങ്ങളും വെളിവാകുന്നതുമാകുന്നു. പകലിൻെറ പ്രകാശത്തിനായി സൂര്യനൊ, രാത്രിയുടെ പ്രകാശത്തിനായി ചന്ദ്രനൊ, അപ്പോൾ നിനക്കാവശ്യമില്ല. എന്തുകൊണ്ടെന്നാൽ ദൈവം നിനക്കു നിത്യവെളിച്ചവും പ്രഭാമണ്ഡലവുമായിരിക്കും.

ഇപ്പോൾ നീ മങ്ങിയവിധത്തിൽ കണ്ണാടിയിൽക്കൂടി കാണുന്നതു് അന്ന് അഭിദൃഷ്ടമായിത്തീരും. ഇപ്പോൾ ഒരു ഭാഗം മാത്രമേ നീ അറിയുന്നുള്ളു. എന്നാൽ അപ്പോൾ സകലവും നിനക്ക് അറിയാൻ സാധിക്കും. എൻെറ പ്രതാപം പ്രത്യക്ഷപ്പെടുമ്പോൾ നീ സംതൃപ്തനാകും. ജീവി

തസമരത്തിൽ വിജയപതാക ഉയൎത്തുന്നവനെ എന്റെ വലത്തുഭാഗത്തു എന്നോടുകൂടി ഞാൻ ആസനസ്ഥനാക്കും. ഒരിക്കലും അസ്തമിക്കാതെ പ്രകാശിച്ചുകൊണ്ടിരിക്കന്ന ഒരു കിരീടം ധരിപ്പിക്കന്നതിനാണ ഞാൻ നിന്നെ സജ്ജനാക്കന്നതു്. എന്തുകൊണ്ടെന്നാൽ എന്നോടുകൂടി ജീവിക്കന്നതിന യോഗ്യതയുള്ളവരായിക്കാണപ്പെടുന്നവർ ഒരിക്കലും മരിക്കന്നതല്ല; കാരണം, അവർ ദൈവദൂതന്മാരെപ്പോലെയുള്ള ദൈവപുത്രരത്രെ.

L. D. I. M.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. 200 Acc. No. 14234

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

200 14234

KOT-V

കൊട്ടാരം സി.റ്റി

വേദപ്രദീപം

KOTTAYAM PUBLIC LIBRARY

Call No. 200 Acc. No. 14234

KOT-V

Author കൊട്ടാരം സി.റ്റി

Title വേദപ്രദീപം

Indic Digital Archive Foundation

gpura.org